അദ്ധ്യായം 4

# മലക്കുകളിലുള്ള വിശ്വാസം

"എന്നാൽ അല്ലാഹുവിലും, അന്ത്യദിനത്തിലും, മലക്കുകക ളിലും, ഗ്രന്ഥങ്ങളിലും, പ്രവാചകൻമാരിലും വിശ്വസിക്കുകയും......" ( അൽ ബഖറ–177)

ഇതാണ് ഖുർആനിന്റെ പാഠം. മലക്കുകളെ കൊണ്ട് വിശ്വസി ക്കാനാണ് ഈ നിഷ്കർഷത. ഖുർ ആൻ വീണ്ടും പറയുന്നു. "മുഅ മിനുകളെല്ലാവരും മലക്കുകളെ കൊണ്ടും അല്ലാഹുവിനെ കൊണ്ടും വിശ്വസിച്ചവരാണ്."

മലക്കുകൾ അല്ലാഹുവിന്റെ മഹത്തുക്കളായ ദാസന്മാരാണ്. അല്ലാഹുവിനെ വഴിപ്പെടാൻ മാത്രമുള്ള പ്രകൃതമാണവർക്ക് നൽകി യിട്ടുള്ളത്. പരമ സത്തയുടെ വിശുദ്ധാജ്ഞയെക്കുറിച്ച് ഒരു കടുകിട ചലിക്കാനുള്ള പ്രകൃതി അവർക്ക് നൽകപ്പെട്ടിട്ടില്ല.

പ്രത്യേകമായ രൂപമോ കോലമോ അവർക്കില്ല. ഏത് രൂപത്തി ലേക്കും മാറാനുള്ള പ്രകൃതി അവർക്ക് നൽകിയിട്ടുണ്ട്. യാത്രാ ലക്ഷ ണങ്ങളില്ലാത്ത വടിവൊത്തൊരു മനുഷ്യൻ പ്രവാചക സദസ്സിലേക്ക് കടന്നു വന്നു നബിയുടടുത്തിരുന്നു ചോദ്യം ചോദിച്ചു. (ബുഖാരി) മശ്‌രിഖ് മുതൽ മഗ്‌രിബ് വരെ എത്തുന്ന ചിറകുമായി ഞാൻ ജിബ്‌രീലിനെ ദർശിച്ചു. (ഹദീസ്) ഒരു ജിബ്‌രീലിനെ തന്നെ രണ്ടുരൂപ ത്തിൽ കണ്ട വാർത്തയാണിത്.

മനുഷ്യനെയും ഭൂതത്തെയും ഇന്ദ്രിയത്തിൽ നിന്നും തീയിൽ നിന്നും പടച്ചു എന്ന് ഖുർആൻ പറഞ്ഞു. പക്ഷെ മലക്കു കളെ സൃഷ്ടിച്ചതെന്തിൽ നിന്നാണെന്ന് ഖുർആനിൽ പ്രസ്താവ്യങ്ങൾ കാണുന്നില്ല. എങ്കിലും ഹദീസുകൾ ചില കാര്യങ്ങൾ വ്യക്തമാകുന്നു.

خلق الملائكة من نور

وخلق الجان ممارج من نار وخلق آدم مما وصف لكم.

മലക്കുകളെ പ്രകാശത്തിൽ നിന്ന് സൃഷ്ടിച്ച ജിന്നുകളെ തീ ജ്വാല യിൽ നിന്ന് പടച്ചു. മനുഷ്യരെ നാം വിവരിച്ചു തന്നതിൽ നിന്നും.( മുസ്ലിം-അഹമദ്)

മലക്കുകളെ പ്രകാശത്താൽ സൃഷ്ടിച്ചു എന്നതലിടങ്ങിയ അർത്ഥങ്ങൾ വളരെയാണ്. അതവരുടെ ഉദ്യോഗങ്ങളിലേക്ക് നോക്കി

നാൽ മനസ്സിലാകും. പ്രകാശത്തിലേക്ക് നോക്കിയാൽ മനസ്സിലാകും. പ്രകാശത്തോളം വേഗതയുള്ളതോ സ്ഥൂലമായി കടക്കുന്നതോ ആയ വസ്തു വേറെയില്ല. വിശദമായി വകുപ്പുകളിൽ വിവരിക്കാം.

സ്ത്രീ പുരുഷ വൈജാത്യമോ വേർതിരിവുകളോ മലക്കുകളിൽ ഇല്ല. സന്താനോത്പാദനങ്ങളോ ഇണചേരലുകളോ അവർക്കുള്ളതല്ല. അല്ലാഹുവിന്റെ മക്കളാണെന്ന് മലക്കുകളെക്കുറിച്ച് അറബികൾ വാദിച്ചിരുന്നു. അതിനെ അല്ലാഹു ആക്ഷേപിക്കുകയും അല്ലെന്നുള്ളതിന് തെളിവുകൾ നിരത്തുകയും ചെയ്തു. അവർക്ക് പ്രത്യേക സ്ഥലങ്ങൾ നിർണ്ണയിച്ചു കൊടുത്തതായി വിവരമില്ല. പക്ഷെ പ്രയോഗങ്ങൾ കാണിക്കുന്നത് അവരുടെ ഉപരിലോക പ്രതിനിധ്യമാണ്. ഉപരി ലോകത്തായിട്ടാണ് അവരെക്കുറിച്ച് പരാമർശങ്ങൾ വന്നു കാണുന്നത്.

## മാഹാത്മ്യം

അല്ലാഹു ബഹുമാനം നൽകിയവരാണവർ. അവർക്ക് തെറ്റിന്റെയും ശരിയുടെയും ഇടയിലുള്ള വടം വലിയില്ല. അല്ലാഹുവിന്റെ നരകത്തിൽ കത്തിക്കപ്പെടുമോ എന്ന ബേജാറില്ല. മതം മാറ്റപ്പെടുമോ എന്ന ഭയമില്ല. അല്ലാഹുവിന്റെ തൃപ്തിയിൽ മാത്രം സഞ്ചരിക്കാനുള്ള പ്രകൃതിയാണവർക്ക് നൽകിയിട്ടുള്ളത്. അവരുടെ ഹൃദയവസ്ഥയിലും അവർ അല്ലാഹുവിന്റെ ധ്യാനത്തിലാണ്. പക്ഷെ ബുദ്ധിശക്തികൊണ്ട് കിട്ടുന്ന സ്ഥാന മാധുര്യം അതൊന്ന് വേറെ തന്നെയാണ്. സത്യാസത്യ സമ്മിശ്രതയിൽ നിന്നും സത്യം തെരഞ്ഞെടുത്തത് അതിന്റെ ഫലമായി കിട്ടുന്ന സുഖം, അത് മലക്കുകൾക്കന്യമാണ്. മനുഷ്യൻ നന്നായാൽ മലക്കുകളെക്കാളുയരും. മോശമായാൽ പിശാചിനെക്കാൾ അധഃപതിക്കും.

## എന്ത്കൊണ്ട് മുന്തിച്ചു

പ്രവാചകന്മാരെക്കാൾ മലക്കുകളെ എന്ത്കൊണ്ട് മുന്തിച്ചു. ഇതിന് പണ്ഡിതന്മാരെണ്യർ മറുപടി കണ്ടെത്തുന്നു. സൃഷ്ടികളിൽ ഏറ്റവും മഹോന്നതർ പ്രവാചകന്മാർ അവരിൽ തന്നെ ഉന്നതർ അശ്റഫുൽ ഖൽഖ് മുഹമ്മദ്(സ). ഇവരുടെ നുബുവ്വത്തിന്റെ സന്ദേശമെത്തിയത്, വിശ്വാസകാര്യങ്ങൾ ലഭിച്ചത് മലക്കുകളിലൂടെയാണ്. ഈ കാരണത്താൽ എണ്ണത്തിൽ അവർ രണ്ടാമതും വണ്ണത്തിൽ

മൂന്നാമത്തുമാണ്. മാനദണ്ഡത്തിൽ വന്ന വ്യതിയാനം മാത്രമാണ് ഈ ക്രമീകരണത്തിന് നിദാനം.

## ജോലികൾ

പലപല തസ്തികകളിലായി നിയോഗിക്കപ്പെട്ടവരാണ് മലക്കുകൾ. ഇത് ഖുർആനിൽ നിന്നും ഹദീസിൽ നിന്നുമുള്ള സൂചനകൾ നമ്മെ പഠിപ്പിക്കുന്നു. മറിച്ച് അവർ ഏത് ജോലികൾക്കു നിയോഗിക്കപ്പെട്ടവരാണെന്ന് പറഞ്ഞിട്ടില്ല. മലക്കുകളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ നമ്മുടെ സങ്കുചിതമായ ബുദ്ധിക്കപ്രാപ്യമായ പലതുമുണ്ട്. ഊഹാപോഹങ്ങൾകൊണ്ട് അത് വികലമാക്കാൻ പാടില്ല. ഖുർആൻ ഹദീസ് സൂചനകൾ നോക്കാം.

## സ്തോത്ര കർമ്മികൾ

അല്ലാഹുവിനെ സാഷ്ടാംഗം ചെയ്യാലും സ്തുത്യർപ്പണവും മാത്രം ജോലിയായിട്ടുള്ളവരാണിവർ. രാപകൽ ഭേദമന്യേ ആപ്രവൃത്തിയിൽ അവർ വ്യാപൃതരാകുന്നു. വിശപ്പോ ദാഹമോ ക്ഷീണമോ വിവാഹകാര്യങ്ങളോ അതിനെ തൊട്ടവരെ മാറ്റി നിർത്തുന്നില്ല.

ഇത് ഖുർആൻ പറയട്ടെ. അല്ലാഹുവിന്റെ അടുക്കലുള്ള ഒരു കൂട്ടർ രാപകൽ ഭേദമന്യേ അവന് സ്തുതികൾ അർപ്പിച്ചുകൊണ്ടിരിക്കുന്നു. (21:20)

എന്തിനാണിങ്ങനെ ഒരു ആവശ്യം? ചോദ്യമുയർന്നേക്കാം. എന്നാൽ ചിന്തകൾക്കുമുഴുവൻ അന്ധമായ പല യാഥാർത്ഥ്യങ്ങളും അതിലുണ്ടെന്ന് പ്രഥമമായി മറുപടി കണ്ടെത്തുക. ലഭ്യതയിൽ നിന്ന് ചില വസ്തുകൾ നമുക്ക് ഉൾക്കൊള്ളുകയും ചെയ്യാം. പരമാധികാരി അവന്റെ സ്തുതിപാടാൻ അവന്റെ അടിമകളെ ഏൽപ്പിക്കുന്നു. സ്വേഛാധിപതിയായ ഒരു ഭരണാധിപൻ തന്റെ സ്തോത്രം പാടിക്കുന്നത് മറ്റുള്ളവരുടെയിടയിൽ സ്ഥാനം കിട്ടാനാകുമോ? ഇല്ല. കാരണം അവൻ ഇപ്പോൾ തന്നെ ഉന്നതങ്ങളിൽ വിരാജിക്കുകയാണ്. പിന്നെ അവന് ആസ്വാദനത്തിനാണോ? അതുമല്ല, മനുഷ്യ മനസാന്തരത്തിൽ വരുന്ന ഭാവപകർച്ചയാണ് യഥാർത്ഥത്തിൽ ആസ്വാദനം. ഇത് ദൈവികത്വത്തിനുണ്ടോ? നാം യുക്തി കൊണ്ടുൾക്കൊണ്ടു. അല്ലാഹുവിനതില്ല, ആസ്വാദനം തേടാൻ. അവന് പ്രശ്നങ്ങളോ, അത് തീരയുമില്ല, പരമാധികാരിയുടെ പരമ സ്വാത

ന്ത്ര്യമാണ്. എന്തും ചെയ്യാം. അവൻ അത് ചെയ്തു അതുമാത്രമാണിതിന്റെ യുക്തിവശം.

സ്തോത്രം ചെയ്താൽ വാഗ്ദാനങ്ങളും, ചെയ്തില്ലെങ്കിൽ ഭീഷണിയുമായി ഒരു വിഭാഗത്തെ- മനുഷ്യനെ -അല്ലാഹു പടച്ചു. അവർക്ക് ഒരു മാതൃക ഒരു പാഠം ഇതും ആ മലക്കുകളുടെ ദൗത്യത്തിലുണ്ടാകാം. സൃഷ്ടി ജാലങ്ങൾ നിരവധിയുണ്ട്. അവർക്കൊക്കെ അല്ലാഹു തന്റെ നാമം ഉയർത്താൻ പ്രചോദനമായിട്ടാകാം ഈ ക്രമീകരണം. ഇങ്ങനെ പോകുന്നു യുക്തി. തീർത്തും അത് അല്ലാഹുവിന് ആവശ്യമുണ്ടായിട്ടല്ല. എങ്കിൽ അന്ത്യനാളിൽ അവരെ നശിപ്പിക്കില്ലായിരുന്നു. അവരെയടക്കം അന്ന് നശിപ്പിക്കുമെന്ന് ഖുർആൻ തറപ്പിച്ചു പറയുന്നുണ്ട്. എന്നാൽ വൃഥാവിൽ പടക്കപ്പെട്ടതുമല്ല അവർ. അതൊരു തന്ത്രജ്ഞാനിക്ക് നിരക്കാത്തതാണ്. അല്ലാഹു കാര്യകാരണ ബന്ധത്തിന് അപവാദവുമാണ്.

## വഹ്‌യ് വാഹകർ

ദൈവിക സന്ദേശങ്ങൾ പ്രവാചകരിൽ എത്തിക്കുന്ന ദൗത്യം മലക്കുകൾക്കാണുള്ളത്. മനുഷ്യരിൽ സദ്ഗുണരും അസാധാരണക്കാരുമായ പ്രബോധകരാണ് പ്രവാചകർ. അവരുടെ പ്രവാചകത്വത്തിന്റെ പവർ ദൈവിക സന്ദേശങ്ങളാണ്. അതിന് വാഹകൻ മലക്കായ ജിബ്‌രീൽ. ഇവിടെ മനുഷ്യനെയും അല്ലാഹുവിനെയുമായി ബന്ധിപ്പിക്കുന്ന കണ്ണിയാണ് മലക്കുകൾ. നമ്മുടെ ഉസ്താദാണ് ജിബ്‌രീൽ. ഖുർആൻ പറയുന്നു ഖുർആനിനെ കുറിച്ചുതന്നെ. ഇത് അല്ലാഹുവിങ്കൽ നിന്നവതീർണ്ണമായതാണ്. ഇതെത്തിച്ചത് വിശ്വസ്ത ആത്മാവ് (ജിബ്‌രീൽ) ആണ്. ഇവിടെ മനുഷ്യ യുക്തിക്ക് ചില പഴുതുകൾ കണ്ടേക്കാം.

വഹ്‌യ് വരുമ്പോഴുള്ള വിവിധഭാവങ്ങൾ മണിമുഴക്കത്തിന്റെ ശബ്ദത്തോടെ സാധാരണ മനുഷ്യ രൂപത്തിൽ ഇങ്ങനെ പലതരവും ഹദീസിൽ കാണാം.

ഈ രണ്ട് ജോലികളും ആത്മീയ ലോകത്തെ ജോലികളാണ്. സ്വർഗ്ഗ കാവൽ നരക സംരക്ഷണം ഇങ്ങനെ തുടങ്ങുന്ന പലതും ഈ ഗണത്തിൽ ഇനിയും കാണാം. ഇനി ഭൗതിക ലോകത്തെ ചില പരിപാടികൾ നമുക്കൊന്ന് നോക്കാം.

## ദിക്ർ ഹൽഖകളിൽ

ദിക്റ് സദസ്സുകൾ അന്വേഷിച്ചു നടക്കുന്ന ചില മലക്കുകൾ ഉണ്ട്. അവർ ഹൽഖകളിൽ പങ്കെടുത്ത ശേഷം ആത്മീയ ലോകത്തേക്കുയരുന്നു. പിന്നെ അവിടെ ഒരു ചോദ്യോത്തരമാണ്.

എന്റെ അടിമകൾ ചെയ്യുന്നതെന്താണ് ?

അല്ലാഹു ചോദിക്കും. അവർ പറയും "അവർ നിന്റെ മാഹാത്മ്യത്തെ വാഴ്ത്തുകയും പരിശുദ്ധതയെ പ്രകീർത്തിക്കുകയും ചെയ്യുന്നു. അവർ എന്നെ കണ്ടിട്ടുണ്ടോ?"

മലക്കുകൾ ഇല്ലെന്ന് മറുപടി പറയുന്നു. അവരെന്നെ കണ്ടിരുന്നെങ്കിലോ എന്നാണടുത്ത ചോദ്യം. എങ്കിൽ അവരുടെ പ്രകീർത്തനങ്ങൾ ഇതിനെക്കാൾ അതിരുവിടുമായിരുന്നു. അധികരിപ്പിക്കുമായിരുന്നു. അവർ മറുപടിക്കും.

എന്താണവർ ആവശ്യപ്പെടുന്നത് ?

അവർക്കാവശ്യം നിന്റെ സ്വർഗലോകമാണ്.

അതവർക്ക് ദൃശ്യമാണോ?

അല്ല.

അതവർ കണ്ടിരുന്നെങ്കിലോ?

താത്പര്യം ഏറുകയും ലഭ്യമാകുംവരെ അധ്വാനിക്കുകയും ചെയ്യുമായിരുന്നു. അവർ എന്തിൽ നിന്നാണ് രക്ഷയാചിക്കുന്നത്.

നിന്റെ നരകത്തിൽ നിന്ന്.

അവർ അത് കണ്ടിട്ടുണ്ടോ?

ഇല്ല.

കണ്ടിരുന്നെങ്കിൽ?

അവരുടെ അഭ്യർത്ഥന അധികരിക്കുമായിരുന്നു.

അല്ലാഹു ഉടൻ പറയുന്നു. നിങ്ങളെ സാക്ഷി നിർത്തി ഞാൻ പറയുന്നു. അവർ ചോദിച്ചത് നൽകപ്പെട്ടു. അവരുടെ അഭയം ഏറ്റെടുത്തു. അവർക്കാവശ്യമായതെന്തും നൽകിയിരിക്കുന്നു. (ബുഖാരി)

## നിരീക്ഷകർ

അവർ ഓരോ മനുഷ്യന്റേയും നീക്കങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചു റിക്കാർഡാക്കുന്നു. അത് പുസ്തകമായി അന്ത്യനാളിൽ വിതരണം ചെയ്യുന്നു. ഇതിനായി നിയോഗിക്കപ്പെട്ട മലക്കുകളുടെ പേരാണ് റഖീബ് അതീദ്. ഖുർആൻ പറയുന്നു. ഒരു പദവും ഒരാളും ഉച്ചരിച്ചിട്ടില്ല നിങ്ങളുടെ കൂടെ റഖീബും അതീദും ഉണ്ടായിട്ടല്ലാതെ. പരകോടി മനുഷ്യരെ എങ്ങനെയാണീ രണ്ടു പേർ നിരീക്ഷിക്കുന്ന

ത്. ഇവിടെയാണ് അവർ സൃഷ്ടിക്കപ്പെട്ടത് പവർ കൂടിയ പ്രകാശത്തിലാണെന്നത് പ്രസക്തമാകുന്നത്. പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ട ഒരു വസ്തുവിന്റെ ഗമനാഗമം കത്തിച്ച ഒരു ചന്ദനത്തിരി ആട്ടുമ്പോൾ കാണുന്നതിനേക്കാൾ അപ്പുറമാണ്. കത്തിച്ച ചന്ദനത്തിരി ആട്ടുമ്പോൾ ഒരു ചെന്നവര കാണാം. അതായത് ഒരേ സമയത്ത് രണ്ട് തലപ്പത്തും, മധ്യത്തിലും അതുണ്ട്. പേനയും പേപ്പറുമില്ലാതെ ഇവ യെല്ലാം റിക്കാർഡാകുന്നു. കമ്പ്യൂട്ടറിനോട് നീ സംസാരിക്കുക അത് മെമ്മറി സെല്ലിൽ അത് സ്റ്റോർ ചെയ്യുന്നു. കുറെ കഴിഞ്ഞൊരു പ്രിന്റർ ഘടിപ്പിച്ച് പ്ലേ ചെയ്താൽ ആ റെക്കാർഡ് ചെയ്ത മുഴുവൻ കാര്യങ്ങളും പേപ്പറിലായി നമുക്ക് ലഭിക്കുന്നു. ഇതുപോലെ മാനസിക സംവേദനങ്ങളും ലഭിക്കും.

കാലം പുരോഗമിക്കുന്തോറും ഖുർആൻ പ്രസക്തിയേറും. ഇസ്‌ലാം സ്പഷ്ടമാകും.

## വിശ്വാസികളെ സഹായിക്കുക.

മുഅ്മിനീങ്ങളെ സഹായിക്കുന്ന മലക്കുകളുമുണ്ട്. അവർ ജീവിതത്തിലും മരണസമയത്തും അത് ചെയ്യും. അതാണ് ബദ്റിൽ കണ്ട പട. മരണ സമയത്ത് സജ്ജനങ്ങളോട് മലക്കുകൾ വന്നു പറയും. നിങ്ങൾ ഭയക്കേണ്ട, നിരാശരാകേണ്ട നിങ്ങൾക്ക് സഹായികളായി ഞങ്ങൾ നിയുക്തരാണ്. നിങ്ങളെ സ്വർഗം കൊണ്ട് സന്തോഷവാർത്ത അറിയിക്കുന്നു. ഖുർആനിക പാഠമാണിത് രണ്ടും.

ഇനി മലക്കുകളിൽ റൂഹുപിടിക്കുന്ന അസ്റാഈൽ, ഇടിമഴ കൊണ്ട് നിയുക്തനായ മീകാഈൽ, സൂർ ഊതാൻ ഏൽപ്പിക്കപ്പെട്ട ഇസ്റാഫീൽ തുടങ്ങി പലരുമുണ്ട്. അർശു ചുമക്കാൻ വേണ്ടി മാത്രമായുള്ള മലക്കുകളും അവരുടെ കൂട്ടത്തിലുണ്ട്. അർശ് അല്ലാഹുവിന്റെ ഏറ്റവും വലിയ സൃഷ്ടിയാണ്. മറിച്ച് നാഥന്റെ ഇരിപ്പിടമോ, സിംഹാസനമോ അല്ല. അർശിന് സിംഹാസനമെന്ന പേര് തന്നെ പ്രയോഗിക്കാമെന്ന് കണ്ണടച്ചംഗീകരിക്കാൻ വയ്യ. കാരണം ഓരോ രാജ്യത്തെയും ഏറ്റവും മഹാൻ രാജാവായിരിക്കും. അയാളുടെ ഇരിപ്പിടമായിരിക്കും മഹോന്നത വസ്തു. ഏറ്റം മാഹാത്മ്യത എന്നർത്ഥത്തിന് അല്ലാഹു അവന്റെ അർശിന് പ്രയോഗിച്ച പദമാണ് 'അർശ്.' അറബിയിൽ ഇതിന് "ഇസ്തി ആറത് "എന്ന് പറയാം. ഇതിനെ മേൽപറഞ്ഞ മാഹാത്മ്യം എന്നർത്ഥത്തിനു തന്നെയും സിംഹാസനം എന്ന് പ്രയോഗിച്ചുകൂടാ. ഇസ്തി ആറത്തായ പ്രയോഗങ്ങളെ ഭാഷാ

ന്തരം വരുത്തുമ്പോൾ പരിവർത്തന ഭാഷക്ക് വിവർത്തനം ചെയ്യപ്പെട്ട ഭാഷയുടെ തത്വം ഉൾക്കൊള്ളാനാവണമെന്നില്ല. അർശ് അല്ലാഹുവിന്റെ മഹത്തായ ഒരു സൃഷ്ടി മാത്രമാണ്. ഉണ്ടായ ഒന്നിലേക്കും ആശ്രയമില്ലാത്ത അല്ലാഹുവിന് അർശെന്ന സൃഷ്ടിയിലേക്കും ആശ്രയം ഇല്ല തന്നെ. ആശ്രയം ഉണ്ടെന്ന ചിന്ത വികലവും ഇസ്‌ലാമിക പരിഗണനയിൽ നിന്ന് പുറത്താക്കാൻ വഴിവെക്കുന്നതുമാണ്.

അല്ലാഹുവിന്റെ ആജ്ഞാനുവർത്തികളായ മഹത്‌സൃഷ്ടികളാണ് മലക്കുകൾ. അവർ ഉണ്ടെന്ന് വിശ്വസിക്കൽ നമ്മുക്ക് നിർബന്ധമാണ്. കാരണം അതിനല്ലാഹു അനുശാസിച്ചതാണ്.

ഇസ്‌ലാമിനെ യുക്തി ഭദ്രമാക്കുന്നതിൽ യാതൊരപവാദവും മലക്കുകളെ കൊണ്ടുള്ള വിശ്വാസത്തിൽ നാം കാണുന്നില്ല. ഉണ്ടെങ്കിൽ അത് പൂരണം ചെയ്യപ്പെടാവുന്നതേ ഉണ്ടാവുകയുള്ളൂ താനും.

അദ്ധ്യായം.5

# കിതാബുകളിലെ വിശ്വാസം

അല്ലാഹുവിന്റെ കലാമിന്റെ അക്ഷരാവിഷ്കൃത രൂപങ്ങളാണ് മത ഗ്രന്ഥങ്ങൾ. (തൗറാത്ത് ഇഞ്ചീൽ സബൂർ ഫുർഖാൻ) സത്യമാർഗത്തിലേക്ക് മാനവരെ വഴി നടത്താനാണ് അല്ലാഹു ഇവകൾ അവതരിപ്പിച്ചത്. മാനവികതയുടെ പ്രായവും പക്വതയും പരിഗണിച്ചപ്പോഴാണ് ഗ്രന്ഥങ്ങൾ വ്യത്യസ്ഥമായത്. ഒരേ ബെയ്സ്മെന്റിലെ വ്യത്യസ്ഥ പടവുകൾ. പാറ ആദ്യമേ ഉണ്ട് പാറകൊണ്ട് അടിത്തറയിട്ടു. ആദ്യം പുല്ല്കൊണ്ട് മേഞ്ഞ് മൺകട്ടകെട്ടിയ പുര. കുറെകൂടി പരിഷ്കരിച്ചപ്പോൾ കോൺക്രീറ്റ് സൗധമാക്കി. അതിനപ്പുറം ചിന്ത പുരോഗമിച്ചു കാണുന്നില്ല. ഉണ്ടായാൽ അവസാനത്തെ രൂപം പോലെ ഖുർ ആൻ അവതീർണ്ണമായി ഗ്രന്ഥാവതരണത്തിനുള്ള കാരണം എന്താണെന്ന് ഖുർആൻ ഉത്ബോധിപ്പിക്കുന്നു.

"മനുഷ്യൻ ഭിന്നിച്ചപ്പോൾ പ്രവാചകന്മാരെ നിയോഗിച്ചു. സത്യവാന്മാർക്ക് വാഗ്ദാനങ്ങളും വിഘടിതർക്ക് ഭീഷണിയുമായി. സത്യത്തിന്റെ വേദം അവർക്കൊപ്പം നൽകി. തർക്ക വിതർക്കങ്ങളിൽ തീർപ്പുകൽപ്പിക്കാനായി." (ഖുർആൻ)

ഓരോ മാനവ വേദങ്ങളും തൊട്ടുമുമ്പത്തെ വേദത്തെ നിഷ്പ്രഭമാക്കിയാണ് രംഗത്ത് വന്നത്.

മുൻ വേദങ്ങൾ സത്യമാണോ എന്നൊരു ചോദ്യം വരാം. എന്നാൽ ഖുർആൻ പറയും "അല്ലാഹുവിന്റെ ഗ്രന്ഥങ്ങളെ കൊണ്ട് മുഅ്മിനുകൾ വിശ്വസിച്ചു". ഗ്രന്ഥങ്ങൾ എന്ന പ്രയോഗം ഏറ്റവും ചുരുക്കിയത് 2 എണ്ണത്തെയെങ്കിലും സൂചിപ്പിക്കുന്നു. ഇതിൽ നിന്നും അല്ലാഹുവിന്റെ ഗ്രന്ഥങ്ങൾ സത്യവും അവകൾ കൊണ്ടുള്ള വിശ്വസിക്കൽ നിർബന്ധവുമാണ് എന്ന് മനസ്സിലാക്കാം.

മുൻ ഗ്രന്ഥങ്ങൾ സമകാലികങ്ങളായിരുന്നു. ഇപ്പോഴുള്ള ഖുർആൻ സാർവ്വകാലികമാണ്. അതംഗീകരിക്കൽ സാർവ്വത്രിക നിയമമാണ്.

## തൗറാത്തും ഇഞ്ചീലും

തൗറാത്ത് അഞ്ചു പുസ്തകങ്ങളാണ് എന്ന് യഹൂദികൾ വിശ്വസിക്കുന്നു. അത് മൂസായുടെ ഗ്രന്ഥമായിട്ടാണ് അവർ വിശ്വസിച്ചിരു

ന്നത്. എന്നാൽ 15-ാം നൂറ്റാണ്ടായതോടെ ഈ വാദം അപ്രസക്തമായി. മൂസായുടെ മരണവും മറ്റും രേഖപ്പെടുത്തിയതായി 1520 ൽ കാറൽ സ്റ്റട്ട് പ്രഖ്യാപിച്ചു. അതോടെ ഈ പഞ്ചഗ്രന്ഥത്തിൽ ആരൊക്കെയോ കൈകടത്തിയതായി എമേസ് പ്രഖ്യാപിച്ചു. ഇതോടെ തൗറാത്തിന്റെ മഹത്വവും പ്യൂരിറ്റിയും നഷ്ടമായി. നാലു രേഖകൾ തെളിയിച്ച് 1600 കളിൽ 10 ൽ പരം പണ്ഡിതന്മാർ ഏകോപിപ്പിച്ചു.

ഇഞ്ചീൽ ഈസാ നബി(അ)ന് അല്ലാഹു ഇറക്കിയ ഗ്രന്ഥമാണ്. പക്ഷേ ആ ഇഞ്ചീൽ ഇന്ന് നിലവിലില്ല. ഈസാ (അ) ഇഞ്ചീൽ ഹൃദയങ്ങളിലൂടെയോ ഒരു ഗ്രന്ഥരൂപേണയോ സമർപ്പിച്ചിട്ടില്ല ആകാശത്തേക്കുയർന്നത്. അതിനാൽ തന്നെ പിൽക്കാലത്ത് ഈസാ നബിയിൽ നിന്നറിയപ്പെട്ട സൂക്തങ്ങളും ലൂക്കോസ്- മാർക്കോസ്- മത്തായി ഇവരുടെ തത്വങ്ങൾ കൂടി കൂട്ടി ഉണ്ടാക്കിയതാണ് ബൈബിളായി രംഗത്ത് വന്നത്. പിന്നെ കാലാനുകാലങ്ങളിൽ അത് മാറ്റം തുടർന്നു കൊണ്ടിരിക്കുന്നു. യേശുവിനയച്ച ലേഖനങ്ങൾ എന്ന പേരിൽ കുറെ ലേഖനങ്ങളും പുതിയ നിയമത്തിൽ കാണാം.

മത ഗ്രന്ഥങ്ങൾ എന്ന് വാദിക്കാവുന്ന ഗ്രന്ഥങ്ങളുടെ ഗതിയാണ് നാം കണ്ടത്. ദൈവിക ഗ്രന്ഥമെന്ന് വാദിച്ചിരുന്നവർ തങ്ങളുടെ കരങ്ങളാൽ അതിൽ മാറ്റത്തിരുത്തലുകൾ നടത്തി ദൈവത്തെക്കാൾ വലിയവരാണെന്ന് തെളിയിക്കുകയായിരുന്നു. തങ്ങളുടെ കൈകളിലുള്ള ഗ്രന്ഥം കാലിക പ്രസക്തമല്ലെന്ന് കാണുമ്പോൾ സാർവ്വകാലിക പ്രസക്തമായ ഗ്രന്ഥത്തിലേക്ക് നീങ്ങലല്ലേ ബുദ്ധി. 1400 ആണ്ട് കഴിഞ്ഞിട്ടും ഒരക്ഷരം പോലും മാറ്റപ്പെടാതെ ഖുർആൻ നിലനിൽക്കുന്നു. തിരുത്തൽ പരമ്പരകളുമായി തൗറാത്തും ഇഞ്ചീലും വക്രീകൃതമായിരിക്കുന്നു. പ്യുവർ ദൈവിക ഗ്രന്ഥമായിട്ടിവിടെ അംഗീകരിക്കേണ്ടത് ? ബുദ്ധി തീരുമാനിക്കട്ടെ, യുക്തി നിശ്ചയിക്കട്ടെ.

ഇക്കാരണത്താൽ തന്നെ മുസ്‌ലിം പ്രഖ്യാപിക്കുന്നു. മൂസാ(അ) മുസ്‌ലിമാണ്. അല്ലാഹുവിന്റെ പ്രവാചകനാണ്. ഈസ(അ) അല്ലാഹുവിന്റെ അടിമയും, പ്രവാചകനുമാണ്. അവരുടെ മേൽ സത്യത്തിന്റെ ഗ്രന്ഥം അവതീർണ്ണമാകുകയും അതനുസരിച്ച് അവർ ജീവിക്കുകയും പ്രബോധനം ചെയ്യുകയും ചെയ്തു. അവരുടെ നിയോഗം നിശ്ചിത കാലഘട്ടത്തിലേക്കായിരുന്നു. നിത്യനൂതനവും, സാർവ്വകാലികവുമായ ഖുർആനുമായി അന്ത്യ പ്രവാചകർ മുഹമ്മദ് (സ) നിയുക്തരായി. അവർക്ക് ശേഷം ഇനി ദൈവിക മത പ്രബോധകരില്ല. പ്രവാചകന്മാരോ ഗ്രന്ഥാവതാരമോ ഉണ്ടാകില്ല. ഖുർആൻ പാ

യുന്നു "ഈ ദിനം നിങ്ങൾക്ക് നാം നിങ്ങളുടെ മതം പൂർത്തീകരിച്ചു തന്നു". മതം പൂർത്തീകരിച്ചാൽ പിന്നെ ഗ്രന്ഥാവതരണമോ, പ്രവാചക നിയോഗമോ ആവശ്യമില്ല.

## ഖുർആൻ ദൈവിക ഗ്രന്ഥമാണോ?

1400 വർഷത്തിനപ്പുറമുള്ള ഗതിയെക്കുറിച്ച് അന്തിമ തിരുമാനവും അവിടുത്തെ സംഭവ വികാസങ്ങളും പറയാൻ മനുഷ്യനാവില്ല. മറിച്ച് കാലത്തിനടിമപ്പെടാതെ കാലത്തെ അധികരിക്കുന്നവനെ പറ്റൂ. അവനത്രേ അല്ലാഹു. അല്ലാഹുവിന്റെ ഗ്രന്ഥമാണ് ഖുർആനെന്ന് പ്രഥമവും പ്രധാനവുമായി അതിന്റെ ഉള്ളടക്കം തന്നെ നമ്മെ പഠിപ്പിക്കുന്നു.

പുരോഗതിക്കൊപ്പം മസ്തിഷ്കം പാഞ്ഞതയക്കുന്ന പരിഷ്കാരികൾ പോലും ഖുർആനിൽ ഒരു കാര്യം കൂടി ചേർക്കണമെന്നോ, ഒരു സൂക്തമെങ്കിലും കാലിക പ്രസക്തമല്ലെന്നോ പറഞ്ഞിട്ടില്ല. അതിനൊപ്പം മറ്റു വേദഗ്രന്ഥങ്ങൾ എന്ന് അവകാശപ്പെടാവുന്നവ തന്നെ മാറ്റത്തിരുത്തലുകളുടെ പരമ്പര കഴിഞ്ഞതുമാണ്. ദൈവിക ഗ്രന്ഥത്തിനുള്ള ഏതു ഗുണമാണ് ഇതിന് കുറവെന്ന് കാട്ടാൻ ഖുർആനിനോട് കിട പിടിക്കുന്ന ഗ്രന്ഥങ്ങളുണ്ടോ?

## ഖുർ ആനിന്റെ പ്രമേയം

"സ്വന്തം ബൃഹത്‌സഹചരനെ മനസ്സിലാക്കുക. ചിന്തിച്ചു മുന്നേറുക" ഇതാണ് ഖുർആനിന്റെ പ്രമേയം. മനുഷ്യൻ മസ്തിഷ്കമുള്ള ജീവിയാണ്. അവനോട് ചിന്തിക്കുവാൻ ഖുർആൻ പറയുന്നു. ചിന്തിക്കുവാൻ വകുപ്പുണ്ടാകുന്നു. അല്ലാതെ ചിന്തിക്കുക എന്ന് മാത്രം പറഞ്ഞാൽ എന്ത് ചിന്തിക്കണം എന്ന മറുചോദ്യമുണ്ടാകും. മനുഷ്യബുദ്ധിക്ക് ചിന്തിക്കാൻ റൂട്ട് നിർണ്ണയിച്ചു കൊടുക്കണം. അതാണ് ഖുർ ആൻ ചെയ്യുന്നത്.

പർവ്വതം എങ്ങനെ പടച്ചുവെന്ന് ചിന്തിക്കുന്നില്ലേ?

മനുഷ്യൻ പർവ്വതത്തെ കുറിച്ച് മനസ്സിലാക്കുന്നു. അതിന്റെ സ്ഥാനം ഉൾക്കൊള്ളുന്നു. അതെങ്ങനെ ഉറപ്പിച്ചതാണെന്ന് അവൻ ചിന്തിക്കുന്നു. ഏതായാലും ഒരു പരമ ശക്തിക്കേ അത് കഴിയൂ എന്നവൻ കണ്ടെത്തുന്നു. തനിക്ക് പ്രാപ്യമായ ഏതെങ്കിലും ശക്തിക്കതിന് കഴിയുമോ എന്നവൻ പരിശോധിക്കുന്നു. പ്രാപ്യമായതിൽ വെച്ചേറ്റം

ശക്തിമാനായ ആനയ്ക്കോ ബുദ്ധിമാനായ മനുഷ്യനോ അസാധ്യമെന്നവൻ പഠിച്ചറിയുന്നു. അവസാനം അപ്രാപ്യവും സൃഷ്ടികഴിവുകൾക്കതീതവുമായ ഒരു ശക്തി നിർബന്ധമായും ഉണ്ടാകണം എന്നവന്റെ ചിന്ത അവനെ പഠിപ്പിക്കുന്നു. ഇനി ശക്തിയേതാണെന്നറിയാൻ അവൻ മതങ്ങളിലേക്ക് കടക്കുന്നു. പാറയാൽ ഉണ്ടാക്കപ്പെട്ട ദൈവം ആയാൽ പറ്റില്ല. അന്തസത്തയിൽ മൂന്നായി വിഭജിക്കപ്പെട്ടവനുമായിക്കൂടാ. മറിച്ച് പരമാധികാരിയായ ഏകാധിപതിയോ അതിനാവൂ എന്നാവൻ പഠമുൾക്കൊണ്ടു. സൃഷ്ടി സദൃശനല്ലാത്ത അല്ലാഹു മാത്രം ആ പ്രത്യേകതയിൽ ഒറ്റപ്പെടുന്നു. അവൻ അല്ലാഹുവിലേക്ക് ചെന്നെത്തുന്നു. സത്യമതമായ ഇസ്‌ലാമിനെ അവൻ പ്രാപിക്കുന്നു. ഖുർആനിക പ്രമേയത്തെ (ഏക ദൈവ സിദ്ധാന്തം) മസ്തിഷ്കത്തിലൂടെ ഉൾക്കൊള്ളാൻ ബുദ്ധിമാനായ മനുഷ്യനെ തൊട്ടുണർത്തുകയാണ് മതം.

സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധവുമായി ഖുർആൻ പ്രത്യക്ഷപ്പെടുമ്പോൾ ഇരു സാഹചര്യങ്ങളും അതിൽ പ്രതിപാദിക്കണം. മനുഷ്യന്റെ ജീവിക്കായി വർത്തിക്കുന്ന ഭൂമിയെക്കുറിച്ചും, പ്രകൃതിയെക്കുറിച്ചും അത് പ്രതിപാദിക്കണം. ഉലകത്തിലുള്ള വിഷയങ്ങളെല്ലാം അതിൽ വരണം. മനുഷ്യനുവേണ്ടി അവതരിപ്പിക്കപ്പെടുന്ന ഗ്രന്ഥമെന്ന നിലക്ക് മനുഷ്യോത്പത്തിയും വികാസവും, കഴിഞ്ഞുവന്ന വഴികളും ചെന്നു ചേരുന്ന അവസ്ഥകളും ഖുർആൻ ചർച്ച ചെയ്യണം. മനുഷ്യന്റെ വ്യാപാര വ്യവഹാര മേഖലകളിലേക്കും ചിന്താധാരകളിലേക്കും വെളിച്ചം വീശണം. താൻ ഇടപഴകുന്ന സമൂഹത്തെക്കുറിച്ച് നിയമം പറയണം. ഖുർആൻ പറയുന്നു. ഖുർആനിൽ നിന്നും നാം ഒരു വിഷയവും ഒഴിവാക്കിയിട്ടില്ല. ഖുർ ആനിന്റെ പ്രമേയം ബ്രഹ്മസഹചരന്റെ, ഏകത്വവും അവന്റെ സൃഷ്ടിയുമായുള്ള ആശയസംവേദനവുമാണ് .സൃഷ്ടിയുള്ള കാലത്തോളം സൃഷ്ടിക്ക് മാർഗദർശനമത്രെ അത്.

## അവതരണം

ഖുർആൻ ഘട്ടങ്ങളായാണ് അവതരിച്ചത്. ഒരു പുസ്തകമാക്കി കൊടുക്കുകയായിരുന്നില്ല. മറിച്ച് 23 വർഷത്തെ പ്രവാചക ജീവിതത്തിലെ പല ഘട്ടങ്ങളിലുമായിട്ടാണവതരണം പൂർത്തിയായത്. പ്രശ്നോത്തരികളായി, ചിലപ്പോൾ ഭയപ്പെടുത്തി അറിയിക്കലായി, മറ്റു ചിലപ്പോൾ സംഭവങ്ങളുടെ നിജസ്ഥിതിയായി, ഒന്നുമില്ലാത്തപ്പോൾ

നബിക്ക് ഗുണദോഷമായി. ഇങ്ങനെയൊക്കെയാണ് ഖുർആൻ ഇറങ്ങുന്നത്. ഇതിനേക്കാൾ ഭേദം ഒരു ഗ്രന്ഥമൊന്നായി നൽകലായിരുന്നില്ലേ?

പറ്റില്ല. കാരണം മേൽപറഞ്ഞ പശ്ചാത്തലങ്ങൾ അതാണ് തെളിയിക്കുന്നത്. പ്രശ്നോത്തരികൾ പ്രശ്നത്തിന് മുമ്പ് നൽകിക്കൂടാ. പ്രശ്നങ്ങൾ ഉണ്ടാകുമ്പോഴാണ് നൽകേണ്ടത്. ഭയപ്പെടുത്തി അറിയിക്കലുകൾ മാനസികാവസ്ഥ പരിഗണിച്ചാകണം. വാഗ്ദാനങ്ങളും തഥൈവ. പടച്ചവനെക്കുറിച്ച് ചിന്തിച്ച് ഭയ വിഹ്വലരായി നിൽക്കുന്ന സമുദായത്തോട് ഖുർആൻ പറയുന്നു. സത്യ നിഷേധികൾക്ക് നരകമുണ്ട്. അവരുടെ ഹൃദയത്തിൽ ദൈവഭയം കൂടുന്നു. അനാശാസ്യതകളിലേക്ക് അടുക്കാതിരിക്കാൻ മാത്രം അവർ പക്വരാകുന്നു. ചിലപ്പോൾ വസ്തുതകൾ പ്രഖ്യാപിക്കാനായിരിക്കും ഖുർആനെന്നും നാം പറഞ്ഞു. അത് സംഭവങ്ങളുടെ ഗൗരവത്തിന് കാരണമാകുന്നു. അതാണ് ആഇശ(റ)യുടെ ആരോപണ ചരിത്രം കാണിക്കുന്നത്. ആരോപിക്കപ്പെട്ടതിന്റെ ശേഷം പ്രവാചകർ ആഇശയെ സമീപിച്ചില്ല. ഇതിലൂടെ ആഇശയുടെ ഹൃദയം പക്വമാക്കി. അല്ലാഹുവിന്റെ കൽപനക്കുമുന്നിലുള്ള പ്രവാചകരുടെ ശൗര്യം തെളിയിച്ചു. ആരോപണത്തിന്റെ ഗൗരവവും കുപ്രചാരകരെ പിന്തുണക്കുന്നതിന്റെ തിക്തഫലവും സമുദായത്തെ പഠിപ്പിച്ചു. പ്രവാചക പത്നിമാരുടെ വിശുദ്ധി കേളിയായി. ആൺ-പെൺ ഒറ്റപ്പെടലിന്റെ ദുരൂഹത ബോധ്യപ്പെട്ടു. അവസരോചിതമായ അവതരണത്തിന്റെ പ്രായോഗികതയാണിവ. മൂസാ നബിയുടെ സംഭവം ത്യാഗം അനുഭവിച്ച അവസരത്തിൽ നബിക്കോതിക്കൊടുത്തു. നബി അതിനാൽ സധൈര്യം നിന്നു. ഭീഷണി ഘട്ടങ്ങളിൽ മുഴുവൻ മുൻഗാമികളുടെയും ത്യാഗത്തിന്റെ വ്യത്യസ്ത ഉപമകൾ പഠിപ്പിച്ചു കൊടുത്തു. പ്രവാചകർക്കതൊക്കെ പ്രേരകങ്ങളായി.

ഘട്ടംഘട്ടമായുള്ള അവതരണം നിയമ സംസ്ഥാപനത്തിൽ വളരെ സ്വാധീനം ചെലുത്തി. ആദ്യം കള്ളിനെ നിരുത്സാഹപ്പെടുത്തി. പിന്നെ അൽപം ആക്കം കൂട്ടി. അവസാനം കാർക്കശ്യമായ നിരോധനം നിലവിൽ വന്നു. ഒന്നിച്ചിറങ്ങിയാൽ കിട്ടാത്ത മേന്മകളാണിവ. ഇതിന് പുറമെ ഖുർആൻ മന:പാഠമാക്കുന്നതിനുള്ള വഴികൂടിയായിരുന്നു ഇത്. ഒന്നിച്ചിറങ്ങിയ ഗ്രന്ഥങ്ങളൊക്കെ താത്കാലികതയിൽ അധ:പതിച്ച ചരിത്രമാണുള്ളത്. അത് ഏടുകൾ മാത്രമായി. ഖുർആൻ ഹൃത്തടങ്ങളിൽ ഉറച്ചു. ഹൃദയം ഖുർആനായിരുന്ന നൂറുകണക്കിന്

സഹാബിമാർ, ഓരോ സൂക്തമായിറങ്ങുമ്പോളും അതേത് അദ്ധ്യായത്തിൽ എത്രാമതായി വെക്കണം എന്ന് നിജപ്പെടുത്തുമായിരുന്നു.

ഖുർആൻ എന്തുകൊണ്ട് വിഷയക്രമമായി അദ്ധ്യായങ്ങൾ നിരത്തിയില്ല എന്നതിനും വ്യക്തമായ മറുപടിയുണ്ട്. ഓതുന്ന മനുഷ്യന്റെ മനശാസ്ത്രം അനുസരിച്ചാണത്. നരകത്തെക്കുറിച്ചുള്ള ഭയപ്പാടറിയിച്ചാലുടനെ സ്വർഗത്തെക്കുറിച്ചുള്ള വാഗ്ദാനവുമുണ്ടാകണം. പിന്നീട് മുമ്പ് നിഷേധിച്ചവരുടെ കഥയും പഠിപ്പിക്കുന്നു. മനുഷ്യ മനസ്സിന്റെ ബാലൻസ് ക്രമീകരിക്കുകയാണ്. അബൂബക്കർ (റ) ന്റെ വചസ്സുകൾ ഇവിടെ പ്രസ്താവ്യമാണ്. ഖുർആനിന്റെ ക്രമീകരണം ഇങ്ങനെ ആയിരുന്നില്ലെങ്കിൽ ഒരു മുസ്‌ലിമിന് ഓതിത്തീർക്കാൻ കഴിയുമായിരുന്നില്ല.

അല്ലാഹുവുമായുള്ള സ്ഥിരബന്ധം നിലനിർത്താൻ വഴിയായതും ഇതായിരുന്നു. ഉമർ(റ)നെ പോലെയുള്ള സ്വഹാബത്തിന്റെയും യുക്തികളായ തീരുമാനത്തെ പ്രബലമാക്കാൻ ഖുർആനിന്റെ ഈ അവതരണ രീതി ഇടവരുത്തിയിട്ടുണ്ട്. ഹിജാബിനെ കുറിച്ച് ഉമർ(റ) പ്രഖ്യാപിക്കുന്നു. ഉടനെ നാഥൻ ആയത്തിറക്കുന്നു. മനുഷ്യർതന്നെ ഒരു കാര്യം ആവശ്യമാണെന്ന് ചിന്തിക്കുമ്പോൾ കൊടുക്കുന്നതിന്റെ സ്വീകാര്യത ഇതെല്ലാം ഈ അവതരണ രീതിയുടെ മേന്മകളാണ്.

## ക്രോഡീകരണം

ഖുർ ആൻ പൂർണ്ണമായി ക്രോഡീകരിക്കുന്നത് പ്രവാചകരുടെ കാലശേഷമാണ്. പ്രവാചകരുടെ കാലത്ത് ഒരു മുസ്ഹഫിലായി ക്രോഡീകരിച്ചിരുന്നില്ല. അബൂബക്കർ(റ)ന്റെ കാലത്ത് യമാമ യുദ്ധത്തിൽ വളരെ അധികം ഖുർആൻ വാഹകർ വധിക്കപ്പെട്ടു. അന്തരുണത്തിലാണ് ഖുർആൻ ക്രോഡീകരണ ചർച്ച വന്നത്. കൂലങ്കശമായ ചിന്തക്ക് ശേഷം അവർ ഏകോപിച്ചു. സ്വഹാബത്ത് പലരുംകൂടി അവരുടെ മനസിൽ നിന്നും, എഴുതി സൂക്ഷിച്ചിരുന്ന ഫലകങ്ങളിൽ നിന്നും ക്രോഡീകരിച്ചു.

ഈ ക്രോഡീകരണ സ്വഭാവത്തിലെ യുക്തി എന്ത് ?

പ്രഥമവും പ്രധാനവുമായി ആദ്യകാല ഘട്ടത്തിൽ ക്രോഡീകരണത്തിന്റെ ആവശ്യമില്ലായിരുന്നു. പിൽകാലത്താണതാവശ്യം വന്നത്. കാലത്തിന്റെ ആവശ്യമനുസരിച്ച് അടിസ്ഥാനത്തിൽ ഉറച്ച് നിന്ന് തന്നെ പരിഷ്കരണം നടത്താനൊരു മാതൃക തെളിയിക്കുകയാ

യിരുന്നു അതിലൂടെ. നബി(സ) വഫാത്താകുന്നതിന് ഏതാനും ദിവസം മുമ്പ് മാത്രമാണ് ഖുർആൻ അവതീർണ്ണമായിത്തീരുന്നത്. ഓരോ ആയത്തും ഏതു സൂറത്തിൽ എത്രാമത്ത് വെക്കണമെന്നും നബി(സ) പറഞ്ഞിരുന്നു. അത് ക്രോഡീകരിക്കേണ്ട ആവശ്യത്തിലേക്ക് അധികകാലം അവശേഷിച്ചിരുന്നില്ല. ഖൈറായ ബിദ്അത്തുകൾ നടത്താമെന്നതിനൊരു തെളിവാകാൻ ഇതിനോളം ഭദ്രമായ ഒരു സംഭവം വേറെയില്ല. ഇനി ഖുർആനിന്റെ ഉള്ളടക്കത്തെക്കുറിച്ച് അൽപം ചർച്ച ചെയ്യാം.

## ഖുർആനും വ്യക്തിത്വ രൂപീകരണവും

വ്യക്തിത്വം ശുദ്ധവും അശുദ്ധവുമാകുന്നത് അന്യോന്യം ഇടപെടുമ്പോൾ മാത്രമാണ്. പെരുമാറ്റത്തിന്റെ മധുരവും കൈപ്പും അനുസരിച്ചാണ് ഒരാളുടെ വ്യക്തിത്വം വെളിപ്പെടുത്തുന്നത്. അപ്പോൾ ഒരാളുടെ വ്യക്തിത്വം ഭദ്രമാകാൻ താൻ അന്യരുമായി ഇടപെഴകുന്ന മേഖലകളിൽ യുക്തിമത്തും ഭദ്രവുമായ ഒരു നിയന്ത്രിത റോളിൽ സഞ്ചരിക്കുക എന്നത് ആത്യന്തികമായി തന്നെ ഖുർആൻ വിവരിച്ചുതരുന്നതാണ്. ഖുർആനിനെ വിശ്വസിക്കുന്നവന് ഖുർആൻ മാർഗദർശനമാകുന്നു. മുത്തഖികൾക്കതിൽ സന്മാർഗ ദർശനമുണ്ട്. മതത്തിൽ മാത്രമല്ല പരസ്പര ഇടപാടുകളിലും കണ്ടുമുട്ടലുകളിലും എല്ലാം മാർഗദർശനം നൽകുമെന്നു തന്നെയാണ് ഈ ഖുർആനികാധ്യാപനം. ഖുർആനിന്റെ സ്വഭാവത്തിൽ ജീവിച്ചതിന്റെ പേരിൽ മാത്രമാണ് പ്രവാചക പ്രഭ(സ)യുടെ സ്വഭാവം ലോകത്തിന് മാതൃകയായത്. സ്വന്തം ഭാര്യ പറയുന്നു നബിയുടെ സ്വഭാവം ഖുർആനായിരുന്നു. വ്യക്തി നന്നാവുന്നതോട് കൂടിയാണ് ലോകം നന്നാകുന്നത്.

സമൂഹത്തിന്റെ ഭദ്രതക്കുവേണ്ടുന്നതെല്ലാം ഖുർആനിൽ കാണാം. അകത്തളവും അരങ്ങും സജീവമായ ഒരു സാമൂഹികതയാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്നത്. ആളുകൾ കയറി വരുന്നിടത്ത് ആരും അടുക്കള പണിയാറില്ല. സിറ്റൗട്ടിൽ അടുപ്പുകൂട്ടി കഞ്ഞി വെക്കാറില്ല. എന്നാൽ സദ്യ നടക്കാൻ അടുക്കള വേണം താനും. സദ്യയോ അത് ആരും കാണുന്നിടത്ത് ആകുകയും ചെയ്യാം. ഇതിൽ നിന്ന് നമ്മുക്ക് മനസ്സിലാകുന്നത്, സജീവമായ അകത്തളമുണ്ടെങ്കിലേ അതിജീവമായ അരങ്ങുണ്ടാകുള്ളൂ എന്നാണ്. അരങ്ങിലെ ആഘോഷങ്ങൾക്കു കാരണം അടുക്കളയാണെങ്കിലും, അടുക്കള മറ്റുള്ളവർ വരുന്നിടത്താകില്ലെന്നാണ്. ഇതുപോലെ സ്ത്രീ അകത്തളത്തു

ണെങ്കിലേ ആണുങ്ങൾ അരങ്ങിൽ വിലസുള്ളൂ, വ്യാപാര വ്യവസായങ്ങൾ സജീവമാകുകയുള്ളൂ. അരങ്ങ് സജീവമാക്കാൻ വേണ്ടി പെണ്ണ് കൂടി രംഗത്തുവരൽ സദ്യക്കാരനുമുന്നിൽ കറിച്ചട്ടി ഇറക്കിവെക്കും പോലെയാണ്. കറിക്ക് കറിച്ചട്ടി അനുപേക്ഷണീയമാണെങ്കിലും സദ്യക്ക് കറിച്ചട്ടി കോലക്കേടുതന്നെയാണ്. പെണ്ണ് അടുക്കളയിൽ നിന്ന് പുറത്തിറങ്ങിയാൽ നല്ല അകത്തളവും ഇല്ലാതാകുന്നു. അതോടെ ഉള്ളും പുറവും നഷ്ടമാകുന്നു. ഇതായിരുന്നു ജാഹിലിയ്യാ സംസ്കാരം. ഖുർആൻ പറഞ്ഞു. "സ്ത്രീകളെ നിങ്ങൾ വീട്ടിനുള്ളിൽ അടങ്ങി ഒതുങ്ങിയിരിക്കുക. ജാഹിലിയ്യാ കാലഘട്ടത്തിലേത് പോലെ അരങ്ങത്തിറങ്ങി അഴകുകാട്ടരുത് ". സാമൂഹ്യ ഭദ്രതയ്ക്കായി ഖുർആൻ ചെയ്ത ഉദ്ബോധനമാണിത്.

സമൂഹത്തിന്റെ രണ്ട് അർദ്ധഭാഗങ്ങളിൽ (സ്ത്രീയും, പുരുഷനും) ഒരുത്തർ അനുവർത്തിക്കേണ്ട രീതിയാണ് ഖുർ ആൻ പഠിപ്പിച്ചത്. അർദ്ധഭാഗങ്ങളാകുമ്പോൾ രണ്ടുപേർക്കും തുല്യ അവകാശം വേണ്ടേ? എന്ന് ചോദിച്ചേക്കാം. അവരുടെ അവസ്ഥക്കനുസരിച്ച അവകാശമേ നൽകാനാവൂ എന്നാണുത്തരം.

സ്ത്രീകളും പുരുഷന്മാരും സ്വന്തം വിഭാഗങ്ങളോട് കലഹിക്കരുതെന്നും ഖുർആൻ ഉദ്ബോധിപ്പിച്ചിട്ടുണ്ട്. സമൂഹത്തിലെ മത ഭിന്നതകൾ കലാപത്തിന് കാരണമാകാതിരിക്കാൻ ഖുർആൻ ശ്രദ്ധപതിപ്പിക്കുന്നു.

ഖുർആൻ സാമൂഹിക ഭദ്രതയ്ക്ക് വലിയ ഊന്നൽ നൽകുന്നു. പരസ്പരം ആരാധ്യവസ്തുക്കളെ ചീത്ത പറഞ്ഞാൽ കലാപക്കൊടി ഉയരും. സമൂഹം കലാപ വേദിയാകും. സമൂഹം ഭിന്നിക്കാനും കലഹിക്കാനുമുള്ള എല്ലാ പഴുതും അടച്ച ഇസ്ലാം കുഴപ്പക്കാർക്ക് താക്കീതും നൽകി. "ഒരു ഗ്രാമവും അതിലെ അന്തേവാസികളുടെ ആക്രമണം കാരണമായിട്ടല്ലാതെ നശിപ്പിച്ചിട്ടില്ല." ബൃഹത്തായ ഒരു സമൂഹ സംസ്ഥാപനത്തിന് അല്ലാഹു നൽകിയ നിർദ്ദേശങ്ങളാണ് ഖുർആൻ നിറയെ കാണുന്നത്. ഇതിനാൽ തന്നെ സമൂഹത്തെ 23 വർഷത്തെ പ്രവർത്തനം കൊണ്ട് ലോകോത്തരമായ ഒരു സമൂഹമാക്കിമാറ്റാൻ ഖുർആനിന് കഴിഞ്ഞു.

സമൂഹത്തിന്റെ അടിസ്ഥാനം വ്യക്തിയാണ്. വ്യക്തിയുടെ അർത്ഥം അവന്റെ ഹൃദയമാണ്. ഹൃദയ ശുദ്ധീകരണത്തിന് ഖുർആൻ നൽകിയ പ്രാധാന്യം അമിതമാണ്.

## ശാസ്ത്ര തത്വങ്ങളിലേക്ക് ഖുർആൻ

ഖുർആൻ ഒരു ശാസ്ത്രഗ്രന്ഥമല്ല. മറിച്ച് പ്രപഞ്ചത്തിലെ യാഥാർത്ഥ്യത്തിലേക്കും അതിലെ വൈവിധ്യങ്ങളിലേക്കും ഖുർആൻ വെളിച്ചം വീശുന്നു. ഖുർആനിൽ എല്ലാ വിഷയങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. നോക്കേണ്ടതുപോലെ നോക്കിയ വിദഗ്ദർ അത് കണ്ടെത്തിയിട്ടുണ്ട്. തന്റെ കളഞ്ഞു പോയ വടിയും അവർ കണ്ടെത്തിയത് ഖുർആൻ തുറന്നു നോക്കിയാണ്. ഇതിനാൽ തന്നെ ഏതു ശാസ്ത്ര ശാഖയും ഖുർആൻ പ്രതിപാദിക്കുന്നു. സൂചനകൾ നൽകുന്നു. അതിലേക്കൊരു എത്തിനോട്ടം മാത്രം.

## ഇക്കോണമി

വ്യക്തമായ ഒരു സാമ്പത്തിക നയം അല്ലാഹു ഖുർആനിലൂടെ നമ്മുക്ക് പഠിപ്പിച്ചു തരുന്നു. മനുഷ്യന്റെ സമ്പത്തിനോടുള്ള ആസക്തിമാനിച്ചു തന്നെ ഖുർആനിന്റെ തുടക്കത്തിൽ അല്ലാഹു പറയുന്നു. مما رزقناهم ينفقون നാം അവർക്ക് നൽകിയതിൽ നിന്നും അവർ ചിലവഴിക്കുന്നവരാണ്. ഈ ഒരു ചെറിയ സൂക്തത്തിൽ തന്നെ പൂർണ്ണമായ ഒരു സാമ്പത്തിക ശാസ്ത്രം പഠിപ്പിക്കുന്നുണ്ട്. "നിങ്ങൾക്ക് നാം തന്നതിൽ നിന്ന് "എന്ന പ്രയോഗത്തിലൂടെ സമ്പത്തിന്റെ ദായകൻ അല്ലാഹുവാണെന്നും, നിങ്ങൾക്ക് തന്നതാണ് നിങ്ങൾ ചിലവഴിക്കേണ്ടതെന്നും മനസ്സിലാക്കാം. 'യുൻഫിഖൂൻ' എന്ന പദമാണല്ലാഹു പ്രയോഗിച്ചത്. നീതി പൂർവ്വം ആവശ്യത്തിനുപയോഗിക്കുന്നതിനാണ് ഈ പദം പ്രയോഗിക്കുന്നത്. അപ്പോൾ നാമൾ അവർക്ക് കൊടുത്തതിൽ നിന്നും ആവശ്യത്തിന്, നീതി പൂർവ്വം ഉപയോഗിക്കുന്നവരാണ് എന്നായി അർത്ഥം. സത്യത്തിൽ ഈ തത്വങ്ങളാണ് ഇക്കോണമിയുടെ അടിസ്ഥാനം. ഇതിന് വ്യാഖ്യാനങ്ങളായിട്ടെന്ന രീതിയിൽ ഖുർആൻ പറയുന്നു. പലിശയെ അല്ലാഹു ഹറാമാക്കി. കച്ചവടത്തെ ഹലാലുമാക്കി. ഇവിടെ സാമ്പത്തിക ഇടപാടുകളിൽ സാധുക്കൾ അനുഭവിക്കുന്ന യാതനകൾക്ക് തടയിടുകയായിരുന്നു. സാമ്പത്തികമായ പ്രശ്നങ്ങൾ കലാപത്തിന്റെ വക്കിലെത്തിയേക്കാം. അതിനാൽ അതിലെ ഇടപാടുകൾ സംശയത്തിനോ പ്രശ്നങ്ങൾക്കോ ഇടവരാത്തവിധം സുഗമവും സുഭദ്രവുമാക്കണം. അതിന് ഖുർആൻ നിർദ്ദേശം നൽകുന്നു. നിങ്ങളുടെയിടയിൽ സാമ്പത്തിക ഇടപാടു നടത്തുമ്പോൾ നീതിമാനായ ഒരെഴുത്തുകാരൻ വേണം. അതായത് എഴുതപ്പെടണം. എഴുതാൻ അറിയാത്തവർ എഴുതിക്കണം. മേൽകാര്യങ്ങളിൽ നിന്നും ഹലാലായ രൂപത്തിൽ പണം സമ്പാദി

ക്കാനും മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധം സാമ്പത്തിക ഇടപാടു നടത്തണമെന്നും, ഇടപാടുകൾ രേഖാമൂലമാക്കി പ്രശ്നരഹിതമാക്കാതിരിക്കണമെന്നുമാണ് ഖുർആൻ പഠിപ്പിക്കുന്നത്.

## അസ്ട്രോണമി ഖുർആനിൽ

ഏഴാകാശങ്ങളെ അട്ടിഅട്ടിയായി സൃഷ്ടിച്ചവനാണവൻ. അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ ന്യൂനത ലവലേശം കാണില്ല. സൂര്യൻ അതിന്റെ പഥത്തിലൂടെ അനുസ്യൂതം സഞ്ചരിക്കുന്നു. (യാസീൻ). അഖില ഗോളങ്ങളും അതാതിന്റെ സഞ്ചാര പഥങ്ങളിലൂടെ അനുക്രമം നീന്തുന്നു(യാസീൻ). ഭൂമി കറങ്ങുന്നുണ്ടെന്ന് പറഞ്ഞപ്പോൾ വത്തിക്കാൻ സിറ്റിയിലെ പോപ്പുമാർ ഗലീലിയോവിനെ ചിത്രവധം നടത്തി. ഖുർആൻ അന്നും ഇന്നും അസന്നിഗ്ദമായി പ്രഖ്യാപിച്ചു, ഭൂഗോളങ്ങളെല്ലാം അതാതിന്റെ ഭ്രമണ പഥങ്ങളിൽ കറങ്ങുന്നു. ഈ സത്യത്തിലേക്ക് ശാസ്ത്രം പിന്നീടു വന്നെത്തി. അവർ തെളിയിച്ചു ഭൂമി കറങ്ങുന്നുണ്ടെന്ന്. ഏതാണ്ട് 20-ാം നൂറ്റാണ്ടിലാണ് ഗലീലിയോവിനെ വധിച്ചതിന് വത്തിക്കാൻ പോപ്പുമാർ മാപ്പു പറഞ്ഞത്. ഖുർആൻ പറഞ്ഞു ആകാശം എങ്ങനെ ഉയർത്തപ്പെട്ടു എന്ന് ചിന്തിക്കൂ. ഏഴ് ആകാശങ്ങളെ നാം അട്ടിയായി പടച്ചിട്ടുണ്ട്. വിശുദ്ധ ഖുർആനിൽ നിന്ന് പിന്നിൽ കടിച്ചുതൂങ്ങിയവർ ശാസ്ത്രീയാസത്യവാഹകരാണ്. സൂര്യനും ചന്ദ്രനും മാത്രം കണ്ടിരുന്ന സമുദായത്തോട് ഖുർആൻ പറഞ്ഞു.'കുല്ലുൻ' 'എല്ലാ ഗോളങ്ങളും' ഒന്നിലധികം ഗോളങ്ങളുണ്ടെന്ന് സ്ഥിരപ്പെടുത്തുകയാണ് അതിലൂടെ ചെയ്തത്. അത് പുലരുകയും ചെയ്തു. കോടാനുകോടി ഗോളങ്ങൾ കണ്ടെത്തിയാലും ഖുർആൻ പറഞ്ഞതിനധികമാവില്ല. ഗോളങ്ങൾ നീന്തുന്നു, സൂര്യൻ നടക്കുന്നു ഇതാണ് ഖുർആൻ പ്രയോഗിച്ചത്. സൂര്യ സഞ്ചാരത്തിന്റെ വേഗതയാകാം ഇതുകൊണ്ടർത്ഥമാക്കിയത്.

والشمس تجري لمستقرلها ذلك تقدير العزيز العليم (ياسين ٣٨)

"സൂര്യൻ അതിന്റെ താവളത്തിലേക്ക് നടക്കുന്നു. പ്രതാപശാലിയും സർവ്വജ്ഞനുമായ അല്ലാഹു കണക്കാക്കിയതാണത്. "ചന്ദ്രന് പല ഭവനങ്ങൾ നാം കണക്കാക്കി. അങ്ങനെയത് പഴയ ഈത്തപ്പഴക്കുലയുടെ വളഞ്ഞ തണ്ടുപോലെയായിത്തീരുന്നു.(യാസീൻ 38,39) ഈ സൂക്തം നമുക്ക് നിരവധി അസ്ട്രോണമിക് സത്യങ്ങൾ പഠിപ്പിച്ചുതരുന്നു.

1. സൂര്യന് സഞ്ചാരമുണ്ട്.
2. സഞ്ചാര പഥമുണ്ട്.
3. നടത്തുന്നതിന് പിന്നിലെ ശക്തി അല്ലാഹുവാണ്.
4. ചന്ദ്രന് പല മർതബകൾ ഉണ്ട്
5. അത് വ്യത്യാസപ്പെടുന്നതനുസരിച്ച് വലിപ്പ വ്യതിയാനം വരുന്നു.
6. ചന്ദ്രക്കല രൂപമാകുന്നതെങ്ങനെ?

രണ്ടു സൂക്തങ്ങളിൽ നിന്ന് അല്ലാഹു ഇത്രമാത്രം യാഥാർത്ഥ്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ഇനിയും പല ശാസ്ത്രീയ യാഥാർത്ഥ്യങ്ങളും ഖുർആൻ നമ്മെ പഠിപ്പിക്കുന്നു. ശാസ്ത്രം പരസ്പര വിരുദ്ധ ആശയങ്ങളും മറികടന്ന് ഈ ഖുർആനിലെ യാഥാർത്ഥ്യത്തിലേക്കെത്തുകയാണുണ്ടായത്. സ്ഥലദൈർഘ്യം വിശദീകരണത്തിന് തടസ്സമിടുന്നു.

## ഭൂമി ശാസ്ത്രം

നിരവധി ജിയോഗ്രാഫിക്സ് സൂചനകൾ ഖുർആനിൽ കാണാം. ഭൂമിയെ നാം നീട്ടി, അതിൽ ഉറപ്പുകുറ്റികളെ നാം നാട്ടി, അതിൽ നാം സസ്യലതാതികളെ മുളപ്പിച്ചു. (ഹിജ്റ്) നിങ്ങൾക്ക് നാം ഭൂമിയെ വിരിപ്പാക്കിത്തന്നില്ലേ ? ഇവിടെ ഒരു സംഘട്ടനമാണ്. ഭൂമി ഉരുണ്ടതാണെന്ന് ശാസ്ത്രം കണ്ടെത്തി. ഖുർആൻ പറയുന്നതോ നീട്ടിയെന്ന്. എന്നാൽ ഉരുണ്ട ഒരു ഗോളത്തിൽ അതിസാഹസികമായി പരപ്പാക്കി തന്നത് ആരാണെന്നാണ് ഖുർആനിന്റെ ചോദ്യം. ഉതി നിൽക്കുന്ന ഗോളമുഖത്തിലും സുഖവാസത്തിന് വിരിപ്പു വിരിച്ചത് പോലെ ഭൂമിയെ നാം രൂപീകരിച്ചില്ലേ?

اذا زلزلة الارض زلزالها.

واخرجة الارض اثقالها. وقال الانسان مالها.

ഭൂമികുലുങ്ങുകയും അതിന്റെ ഭാരങ്ങൾ പുറം തള്ളുകയും ഹാ ഇതെന്തെന്ന് മനുഷ്യൻ പറയുകയും ചെയ്താൽ, മനുഷ്യനെ ഭയവിഹ്വലനാക്കുന്നതും എന്നാൽ ഭൂമിക്കടിയിൽ ഉള്ളതുമായ ഒന്ന് ഉണ്ട് എന്നും അത് ഭൂമികുലുങ്ങുമ്പോൾ പുറപ്പെടുമെന്നും ഖുർആൻ പറയുന്നു. ഇത് ലാവയെക്കുറിച്ചാകയാണെന്നതിൽ ശങ്കക്ക് വകയുണ്ടോ? ഇത് ജിയോഗ്രാഫിക് സത്യങ്ങളല്ലേ? മറ്റെന്താണെന്നാണ്

വെക്കുക.

## ഫിസിയോളജി

മനുഷ്യ ശരീരത്തിന്റെ ഘടനയെക്കുറിച്ചും അതിൽ വേർതിരിവിനായി നാഥൻ വെച്ചിരിക്കുന്ന സംവിധാനങ്ങളെക്കുറിച്ചും അവൻ ഖുർആനിൽ പറയുന്നു. "മനുഷ്യനെ ഓരോരുത്തരെയും വേർതിരിച്ചറിയുവാൻ വേണ്ടി അവൻ വിരലടയാളത്തെ നിശ്ചയിച്ചു."

## പ്രാണിശാസ്ത്രം

പ്രാണി ശാസ്ത്രത്തെക്കുറിച്ച് ഖുർആൻ പ്രഭാഷണം നടത്തുന്നു.

واوحي ربك الي النحل أن اتخذي من الجبال
بيوتا ومن الشجر ومما يعرشون. ثم كلي من كلّ
الثمرات فاسلكي سبل ربك ذللا يخرج من بطونها
شراب مختلف الوانه فيه شفاء للناس ان في ذلك لآية
لقوم يتفكرون ( نحل ٦٩-٦٨)

നിങ്ങളുടെ നാഥൻ തേനീച്ചക്ക് നിർദ്ദേശം നൽകിയ മലകളിലും, മരങ്ങളിലും, അവർ ഉയർത്തി ഉണ്ടാകുന്നതിലും നീ കൂടുനിർമ്മിക്കുകയെന്ന്. പിന്നെ നാനാവശങ്ങളിൽ നിന്നും നീ തിന്നുക. അങ്ങനെ നിന്റെ നാഥൻ നിനക്കു സൗകര്യമാക്കിയ മാർഗങ്ങളിൽ പ്രവേശിക്കുകയെന്ന്. വ്യത്യസ്ഥ നിറങ്ങളോടുകൂടിയ പാനീയം അവരിൽ നിന്നും പുറത്തുവരുന്നു. ജനങ്ങൾക്കിടയിൽ രോഗശമനവും ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തവുമുണ്ട്. (നഹ്ൽ)

അത്ഭുതങ്ങളുടെ കേന്ദ്രമായ തേനീച്ചയിൽ ചിന്തിക്കുക. അതിൽ ദൃഷ്ടാന്തങ്ങൾ നിരവധിയുണ്ട്. അതിന്റെ ചില ആന്തരിക യാഥാർത്ഥ്യങ്ങളിതാ.

1. തേനീച്ച സ്വയം മരപ്പൊത്തുകളിലും മലകളിലും കൂടുണ്ടാക്കുന്നു.

2. സസ്യലതാദികളിലെ മധുരം കുടിക്കുന്നു.

3. അതിൽ നിന്നും വിവിധ നിറത്തിലുള്ള തേൻ പുറമെത്തക്ക്

വരുന്നു.

4. തേൻ രോഗ ശമനത്തിന് യുക്തമാണ്.

5. വിവിധ സസ്യങ്ങളിൽ നിന്ന് ശേഖരിച്ച് മധുരതരമായ തേൻ ഉത്പാദിപ്പിക്കുന്ന ഒരു ഫാക്ടറി ഇത്ര ചെറുതായത് എത്ര ചിന്തിതമാണ്.

6. ഇതിൽ ചിന്തിച്ചാൽ പല ഗോപ്യതകളും വെളിച്ചത്തെത്തിക്കാവുന്നതാണ്.

ഇത്രയുമായപ്പോൾ മനുഷ്യൻ ചിന്തിക്കുന്നു, ഇതൊരു പ്രാണിശാസ്ത്ര ഗ്രന്ഥമാണോ?

## സൈക്കോളജി ഖുർആനിൽ

സൈക്കോളജിക്കൽ സമീപനം പാലിക്കണം എന്ന് പഠിപ്പിക്കുന്ന സൂക്തങ്ങൾ ഖുർആനിൽ നിരവധികാണാം. ഖുർആൻ പറയുന്നു.

اما يبلغن عندك الكبر احدهما او كلاهما
وقل لهما قولا كريما (اسراء ٢٣)

മാതാപിതാക്കളിൽ നിന്ന് ഒരാൾ അല്ലെങ്കിൽ രണ്ടാളും വാർദ്ധക്യമായി നിന്റെയടുക്കൽ എത്തിയാൽ അവരോട് ഛെ എന്ന് പോലും പറയരുത്. അവരോട് മാന്യമായ വാക്ക് പറയണം. അവർക്ക് വേണ്ടി വിനയത്തിന്റെ ചിറക് നീ താഴ്ത്തി കൊടുക്കുക. എന്നിട്ട അവർക്ക് വേണ്ടി പ്രാർത്ഥിക്കുക.

ഈ ആയത്തുകൾ നമ്മുക്ക് പഠിപ്പിക്കുന്ന ചില സൈക്കോളജിക്കൽ സത്യങ്ങളാണ്.

1. സ്നേഹാർദ്രമായ മനസ്സുള്ളവരോട് കയർപ്പുകാണിച്ചാൽ അവരുടെ മാനസികാവസ്ഥ തകരും.

2. വാർദ്ധക്യ കാലത്ത് മനസ്സ് ആർദ്രമായിരിക്കും.

3. മാനസികാവസ്ഥ അനുസരിച്ച് പരിസ്ഥിതി ക്രമീകരിക്കണം.

4. സഹജീവികളുടെ സമീപനം മാനസികോല്ലാസത്തെ സ്വാധീനിക്കും.

ഖുർആൻ മറ്റൊരു സ്ഥലത്ത് പറയുന്നു

انتم الاعلون ان كنتم مؤمنين

നിങ്ങൾ ഉന്നതരാണ് മുഅ്മിനുകളെങ്കിൽ. ആദ്യം മാഹാത്മ്യം പറയൽ കൊണ്ട് അല്ലാഹു ഉത്ബോധിപ്പിച്ച് തന്നെ ഹിപ്നോട്ട് ചെയ്യു

കയാണ്. എന്നിട്ട് നിങ്ങൾ വിശ്വാസികളെങ്കിൽ എന്ന ആശയം കുറത്തിവെക്കുകയാണ്.

ഇങ്ങനെ തുടങ്ങി അല്ലാഹു പലസ്ഥലങ്ങളിലും ഇങ്ങനെ ഉത്ബോധനം നൽകുകയും സമീപനം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിരോധമാന മാനസ ആരുടെ ആശയത്തെ തെളിയിച്ചാൽ പ്രശ്നത്തിന് വഴിതെളിക്കുമെന്നതിനാലാണ്. ഫിർഔനിനെ സമീപിക്കാൻ മൂസാ നബിയോട് നിർദ്ദേശിച്ചപ്പോൾ അല്ലാഹു പറഞ്ഞു.

فقولا له قولا لينا لعله يذكر او يخش.

നിങ്ങൾ മയമായവാക്കുകൾ പറയുക. അവൻ ചിന്തിക്കുകയോ റബ്ബിനെ ഭയക്കുകയോ ചെയ്തേക്കാം. ഈ ആയത്തിന് മറ്റൊരു വശംകൂടി കാണാം. ഫിർഔന്‌ നന്നായില്ലെന്ന് റബ്ബിനറിയാം. പക്ഷെ പ്രബോധകരായ മൂസ (അ)നെ മാനസികോത്തേജനം നൽകിയാണ് റബ്ബിവിടെ ചെയ്തത്.

## സെക്സോളജി ഖുർആനിൽ

يسئلونك عن المحيض قل هو اذا فاعتزلو
النّساء في المحيض ولا تقربوهن حتي يطهرن فاذا تطهرن
فأتوهن من حيث امركم اللّه انّ اللّه يحبّ التوابين
ويحب المتطهرين

തീണ്ടാരിയെ സംബന്ധിച്ച് അവർ നിങ്ങളോട് ചോദിക്കും. പറയുക അത് മാലിന്യമാണ്. അതിനാൽ ഋതുകാലത്ത് സ്ത്രീകളിൽ നിന്നു നിങ്ങൾ അകന്നു നിൽക്കുവിൻ അവൾ ശുദ്ധിയാകുന്നത് വരെ. അങ്ങനെ അവൾ ശുദ്ധീകരിച്ചു കഴിഞ്ഞാൽ അല്ലാഹു കൽപിച്ച സ്ഥലത്തുടെ നിങ്ങൾ അവരടുക്കൽ ചെല്ലുവിൻ.

ലൈംഗിക ശാസ്ത്രത്തിന്റെ മുഖ്യമായ പല പാലന നിയമങ്ങളിലേക്കും വിരൽ ചൂണ്ടുകയാണീ സൂക്തങ്ങൾ

1. മെൻസസ് രക്തം അശുദ്ധമാണ്
2. ഋതുകാലത്ത് സ്ത്രീകളുമായി ലൈംഗികബന്ധം പാടില്ല.
3. ലൈംഗിക ബന്ധത്തിന് നിർണ്ണിതമായ സ്ഥലമുണ്ട്.
4. നിർണിതമായ സ്ഥലം വിട്ടുള്ള ബന്ധം നിഷിദ്ധമാവും നിയമ

വിരുദ്ധവുമാണ്.

## പൊളിറ്റിക്കൽ ദർശനം ഖുർആനിൽ

فبما رحمة من الله لنت لهم ولو كنت فظا غليظ القلب
لانفضو من حولك فاعف عنهم واستغفر لهم
وشاورهم في الامر فاذا عزمت فتوكل على الله
ان الله يحب المتوكلين.

അപ്പോൾ അല്ലാഹുവിൽ നിന്നുള്ള കാരുണ്യത്താൽ അവരോട് താങ്കൾ സൗമ്യം കാണിച്ചു. താങ്കൾ പരുഷ സ്വഭാവിയും കഠിന ഹൃദയനുമായിരുന്നെങ്കിൽ നിങ്ങളുടെ ചുറ്റുപാടു നിന്നും അവർ പിരിഞ്ഞു പോയേനെ. അത് കൊണ്ട് അവർക്ക് മാപ്പുകൊടുക്കണം. അവർക്കു വേണ്ടി മാപ്പിരക്കുകയും വേണം. കാര്യങ്ങളിൽ അവരുമായി കൂടി ആലോചിക്കുകയും ചെയ്യണം. (ആലുഇംറാൻ 159)

ഈ ആയത് നമ്മോട് ബോധിപ്പിക്കുന്നത് രാഷ്ട്രനേതാവിനും സമൂഹനേതാവിനും വേണ്ട പാലന നിയമങ്ങളും തീരുമാനമെടുക്കേണ്ട വ്യവസ്ഥയുമാണ്.

വശ്യതയും ജനങ്ങളോട് വിട്ടുവീഴ്ചയുള്ളവനുമാകണം നേതാവ്.

കാര്യങ്ങൾ കൂടിയാലോചിച്ച് തീരുമാനിക്കണം.

പരുഷ സ്വഭാവിയായ ആൾക്ക് നേതാവാകാനാവില്ല.

## തർക്കശാസ്ത്രം

ادعو الي سبيل ربك بالحكمة والموعظة الحسنة وجادلهم بالتي
هي احسن (نحل ١٢٥)

യുക്തിപൂർവ്വവും സദുപദേശംകൊണ്ടും നിന്റെ നാഥന്റെ മാർഗത്തിലേക്ക് ക്ഷണിക്കുക. ഏറ്റം നല്ല രീതിയിൽ അവരുമായി വാദപ്രതിവാദം നടത്തുകയും ചെയ്യുക. (നഹ്ൽ 125)

തർക്ക ശാസ്ത്രത്തിന്റെ ആവശ്യകത, ലക്ഷ്യം, നിയമം ഇവകളാണ് ഈ സൂക്തം നമ്മെ പഠിപ്പിക്കുന്നത്.

1. വേണ്ടിവന്നാൽ വാദപ്രതിവാദം നടത്തുക.
2. വാദപ്രതിവാദം സത്യം സ്ഥിരപ്പെടുത്താൻ വേണ്ടിയാവുക.

3. വാദപ്രതിവാദം നല്ല നിലയിലാവുക.

4. വാദപ്രതിവാദം നല്ല നിലയിലാക്കാൻ രണ്ടു കക്ഷികളും ജ്ഞാനമുള്ളവരാകുക. പ്രായം പരസ്പരം പക്വമാവുക. ഭദ്രതക്ക് വേണ്ടി നിബന്ധനകൾ വക്കുക, മധ്യസ്ഥനെ നിയമിക്കുക തുടങ്ങി ഭദ്രതക്കും പ്രശ്നരാഹിത്യത്തിനും വേണ്ടതെല്ലാം "ഹിയ അഹ്സൻ" എന്ന പ്രയോഗത്തിൽ നിന്ന് ഗ്രാഹ്യമാണ്.

5. വാദിക്കുന്നവന് സത്യം മനസ്സിലാക്കി കൊടുക്കുക എന്ന ലക്ഷ്യമേ ഉണ്ടാവാൻ പാടുള്ളൂ.

## സമാപ്തം

വിശുദ്ധവും പരിപക്വവുമാണ് വിശുദ്ധ ഖുർആൻ. നിത്യനൂതനത്വവും, അവതരണ വശ്യതയും അതിനെ സമ്പുഷ്ടമാക്കുന്നു. വിഷയ ക്രമീകരണം ഹൃദയസ്പൃക്കാക്കുന്നു. ജ്ഞാനമുള്ള മുത്തു തേടുന്നവർ ഖുർആൻ കൊണ്ടുമാത്രം സന്തുഷ്ടനും സമ്പന്നനുമാകുന്നു. മാനുഷികതയുടെ മാനസാന്തരവും, മാനസികോത്സുകനിദാനമായ പ്രകൃതിയും ഖുർആനിൽ അഭേദ്യമായി ബന്ധപ്പെടുന്നു. ഭൗതികമല്ലാത്ത ആദായങ്ങളോട് ഖുർആൻ തീരായുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു. മാനവനാവശ്യമായതെല്ലാം എവിടൊക്കെ ഉണ്ടെന്ന് ഖുർആൻ നിർദ്ദേശം നൽകുന്നു. മനുഷ്യബുദ്ധിയെ പ്രവർത്തനമാക്കാനുള്ള ചിന്താപാത്രങ്ങൾ ഖുർആൻ ചൂണ്ടികാണിക്കുന്നു. പദപ്രയോഗത്തിലെ അർത്ഥഗാഢതയും ക്രമീകരണത്തിലെ സാഹിത്യസ്വഭാവവും ഖുർആനിനെ മറ്റുള്ള ഗ്രന്ഥങ്ങളിൽ നിന്നന്യമാക്കുന്നു.

140 പതിറ്റാണ്ട് പഴക്കമുണ്ടായിട്ടും ഒരക്ഷരമോ, പദപ്രയോഗമോ മാറ്റപ്പെടാതെ മാറെടുപ്പോടെ ഖുർആൻ നെഞ്ച് തെളിക്കുന്നു. 21-ാം ശതകത്തിൽ അപ്രായോഗികമെന്ന് പറയാവുന്ന ഒരക്ഷരം പോലും ഖുർആനിൽ കാണാതെ വിമർശകർ വിമ്മിഷ്ടപ്പെടുന്നു. ഹൃദയാകർഷിക്കുന്ന വിശ്വസൗന്ദര്യത്തിലൂടെ മറ്റാരുമേൽക്കാത്ത ആശയം മനുഷ്യമനസ്സിലേക്ക് ഖുർആൻ തള്ളിയിറക്കുന്നു. ഖുർആൻ അവിടെയൊരു സൈക്കാട്രിസ്റ്റാകുന്നു. ലാവയെക്കുറിച്ച് ഖുർആൻ ജിയോഗ്രാഫിക് നിലപാട് സ്വീകരിക്കുന്നു. ഏഴ് ആകാശങ്ങളും എണ്ണമറ്റ ഗോളങ്ങളും പറഞ്ഞ് ഖുർആൻ അസ്ട്രോണമിക് പണ്ഡിതനാകുന്നു. വാദപ്രതിവാദത്തെക്കുറിച്ച് പറയുന്ന ഖുർആൻ വാചാലമാകുന്നു. ഏകനും പരാശ്രയരഹിതനും അനാദ്യനും അതുല്യനുമായ സ്രഷ്ടാവിനെ പരിചയപ്പെടുത്തുന്ന ഖുർആൻ തന്റെ അസ്തിത്വം

സ്ഥിരപ്പെടുത്തുന്നു. തുല്യമായതൊന്നുകൊണ്ടു വരാമോ? എന്ന ഖുർആനിന്റെ വെല്ലുവിളി നൂറ്റാണ്ടുകൾ പഴക്കം ചെന്നിട്ടും നില നിൽക്കുന്നു. തത്വശാസ്ത്രത്തിന്റെ സത്തയും, ഉച്ചാരണ ശാസ്ത്രത്തിന്റെ അലങ്കാരവും, ചരിത്രാഖ്യായികയുടെ വശ്യതയും, ഹൃദയസ്പൃക്കായ ശ്രവണ മാധുര്യവും ഇതര ഗ്രന്ഥങ്ങളിൽ നിന്ന് ഖുർആനെ ഒറ്റപ്പെടുത്തുന്നു. ലോകത്തുള്ള വിജ്ഞാന ഭണ്ഡാരത്തിന്റെ മുഴുവൻ ഉത്ഭവസ്ഥാനമാകുന്ന ഖുർആൻ അകക്കാമ്പിനാൽ അതിവിജയം നേടിയിരിക്കുന്നു. ഒരു സൂക്തം കേട്ടപ്പോൾ കരിമ്പാറ ഹൃദയങ്ങൾ തവിടുപൊടിയായി. ഉച്ചത്തിലോതിയപ്പോൾ നാട്ടുകാർ തടിച്ചുകൂടി. പാപിയുടെ മാനസാന്തരം തെളിച്ചു. ആരാധകന്റെ ആരാധനാ സൗഷ്ഠവം വർദ്ധിച്ചു. സാമൂഹ്യതയെ ഭദ്രമാക്കി. കുടുംബത്തെ സുഭദ്രമാക്കി. സാമ്പത്തിക രംഗത്ത് നിയമം പാസ്സാക്കി തുടങ്ങി എവിടെയും സ്വാധീനം ചെലുത്തിയ ഖുർആൻ, അടുപ്പുമുതൽ അന്താരാഷ്ട്രം വരെ ചർച്ച ചെയ്ത വിജ്ഞാനകോശം. ഖുർആന്റെ അന്തരംഗത്തേക്കിറങ്ങി ചെല്ലുമ്പോൾ ഖുർആൻ പറയുന്നു ഞാൻ അമാനുഷികമാണ്. താത്കാലികതയുടെ നാലുകെട്ടിനുള്ളിൽ ക്ലിപ്തപ്പെടുന്ന മനുഷ്യ മസ്തിഷ്ക്കത്തിലുണ്ടോ ഉരുണ്ടു കൂടുന്നു ഈ നിത്യസത്യങ്ങൾ. മാനുഷികതയുടെ കഴിവ് കേന്ദ്രങ്ങളെയാസകലം ഭേദിച്ചു നിർത്തി നിത്യനൂതനത്വത്തോടെ നിലനിൽക്കുന്ന ഈ ഗ്രന്ഥം മാനുഷികമാണെന്ന് പറയുകയാകുമോ?

സൃഷ്ടി-സൃഷ്ടാവ് ബന്ധമാണ് ഖുർആൻ നിലനിർത്തുന്നത്. അതിന്റെ ഇതി വൃത്തവും അതത്രേ. പാരായണം കൊണ്ടു തന്നെ പുണ്യം കിട്ടുന്ന ഗ്രന്ഥമാണ് ഖുർആൻ. കാലയവനിക്കുള്ളിൽ മറ്റിമറിക്കപ്പെടുന്ന ചരിത്രസത്യങ്ങൾ, മസ്തിഷ്ക്കത്തിന് ജോലിയൊപ്പിക്കുന്ന തത്വസംഹിതകൾ, പാരായണം ചെയ്യുന്നവന്റെ ചിന്താമുഖം ചോദിതമാകുന്നു. പ്രത്യക്ഷത്തിലും, പരോക്ഷത്തിലും അത് ഗുണം വിതയ്ക്കുന്നു. ജീവിത ദിശയിൽ മാറ്റം വരുന്നതിനൊപ്പം ആത്മീയ ഗുണവും വന്നുകൂടുന്നു.

ഖുർആൻ കാണിച്ചുതന്ന സ്വപ്നാവിലൂടെ മുന്നേറാൻ ഖുർആൻകൊണ്ട് സഞ്ചാരമാർഗ്ഗം പ്രാപിച്ചവരുടെ പാത പിൻതുടരാൻ ഖുർആനിന്റെ വിധാതാവ് തുണയാകട്ടെ.

സമൂഹത്തിന്റെ അവിഭാജ്യ വിഭേദകങ്ങളായ സ്ത്രീയെയും, പുരുഷനേയും ഐക്യത്തിന്റെ കയറിൽ പിടിക്കാൻ മംഗളാശംസ നേരുന്നു. ചിന്നഭിന്നമാകുന്ന സമുദായത്തോട് ദൈവിക പാർശ്വം

മുറുകെ പിടിക്കാൻ അനൗൺസ് ചെയ്യുന്നു. എങ്ങും എന്തിനും എവിടെയും കൊള്ളാവുന്ന ഗ്രന്ഥം. സത്യത്തിന്റെ പരവതാനികൾ വിരിച്ച നിയമ ഭൂമി. അസത്യത്തിന്റെ തമസ്സ് നീക്കിയ പ്രകാശഗോപുരം. മൃഗീയത്വത്തിന്റെ മനസ്സ് നീക്കി മനുഷ്യനിൽ മനുഷ്യത്വം നിക്ഷേപിച്ച ഖുർആനിന്റെ വൈശിഷ്ട്യം, പറഞ്ഞുതീർക്കാനാവാതെ എന്റെ നാരായം വിറക്കുന്നു. കൈകൾ അശക്തി സമ്മതിച്ച പിൻവലിക്കുന്നു.

അദ്ധ്യായം. 6

## പ്രവാചകന്മാരിലുള്ള വിശ്വാസം

ഈമാൻ കാര്യങ്ങളിൽ നാലാമത്തേതാണിത്.

പ്രവാചകന്മാരെക്കുറിച്ച് ഖണ്ഡിതവും സംശയരഹിതവുമായ വിശ്വാസം ഇസ്‌ലാം പൂർത്തിയാക്കുന്നതിന് അനുപേക്ഷണീയമാണ്. അബദ്ധധാരണകളും വികല വികലനങ്ങളും വച്ചു പുലർത്തുന്നവർക്ക് വിശ്വാസത്തിന്റെ മാധുര്യം നുണയാനോ, വിശ്വാസികളുടെ ഗേഹത്തോടടുക്കാനോ സാധ്യമല്ല. പക്വമതികളും പാപരഹിതരുമായ മഹാമനീഷികളായ പ്രവാചകന്മാരാണ് നമ്മുടെ വിശ്വാസത്തിന്റെ വാഹകർ. അല്ലാഹുവിന്റെ സത്യ സന്ദേശം അവനിൽ നിന്ന് ജന സാമാന്യത്തിനെത്തിച്ച മാധ്യമങ്ങളാണവർ. ആയതിൽ തന്നെ അവരത്രേ "സ്വിറാതുൽ മുസ്തഖീം" അവരിൽ നിന്ന് തെറ്റിയതെല്ലാം ളലാലത് (പിഴവ്) മാത്രം.

അല്ലാഹുവിന്റെ ആമേയമായ അനുഗ്രഹമാണ് പ്രവാചക നിയോഗം. അസത്യത്തിന്റെ അഴികളിലേക്ക് ആണ്ടിറങ്ങുന്ന ജനപഥങ്ങളിലേക്ക് മാർഗദർശകരും പ്രബോധകരുമായിട്ടാണവർ നിയുക്തരായത്. ധ്യാന പൂർത്തികൊണ്ടോ ആരാധനാധിക്യം കൊണ്ടോ ലഭ്യമാകുന്ന മോക്ഷമല്ല നബിത്വം. മറിച്ച് അല്ലാഹു നിശ്ചയിച്ചവരെ അവൻ അതിനായി തിരഞ്ഞെടുക്കുന്നു. ചെറുപ്പം മുതൽ തന്നെ അവരെ അതിന് പക്വരാക്കി പാകം ചെയ്തുകൊണ്ടിരിക്കുന്നു. ഇന്നലെ വരെ നീ ഞങ്ങളെപോലെ കളിച്ചിരുന്നില്ലേ എന്ന് പ്രവാചകർ ചോദിക്കപ്പെട്ടിട്ടില്ല. മറിച്ച് ചെറുപ്പം മുതൽ തന്നെ വാഴ്ത്തപ്പെട്ടവരായിരുന്നു പ്രവാചകപുംഗവന്മാർ. സമകാലികതയുടെ അഴുക്കിടങ്ങളിൽ നിന്നും വ്യതിരിക്തമായി സംശുദ്ധിയുടെ വിളനിലങ്ങളായി നിലനിന്നിരുന്നവരായിരുന്നു അവർ. പ്രവാചകന്മാരെ എതിർക്കാൻ ഒരു പഴുതും കാണാതെ ഉത്തരം മുട്ടുകയായിരുന്നു അക്കാലങ്ങളിലെ സത്യ നിഷേധികൾ. ആകർഷണീയതയുടെയും, ആശയപൂർണ്ണതയുടെയും പര്യായങ്ങളായിരുന്ന പ്രവാചകന്മാർ വ്യക്തിത്വം കുറ്റപ്പെടുത്തപ്പെട്ടിട്ടില്ല. സത്യത്തിൽ മാത്രം അടിഞ്ഞുകൂടാതെ സഹവാസികളോടും സഹജീവികളോടും ബഹുമാന സ്നേഹ വദനം സ്വീകരിച്ച മഹത്തുക്കളാണവർ.

മനുഷ്യരിൽ നിന്നുതന്നെ ഒരു ഘട്ടത്തിൽ പരം പ്രവാചകർ

നിയുക്തരായിട്ടുണ്ട്. എല്ലാവരും ഒരേ ലക്ഷ്യത്തിന്മേൽ കാലാനുക്രമ കവചങ്ങളുമായി വന്നവരാണ്. ആ ലക്ഷ്യങ്ങളെക്കൊണ്ട് ലക്ഷ്യം വെച്ച മഹാആശയത്തിന്റെ ലക്ഷ്യപ്രാപ്തിയായിരുന്ന അന്ത്യപ്രവാചകൻ മുഹമ്മദ് (സ) യുടെ നിയോഗം. എന്ത് കൊണ്ടും പരിപക്വമായ ഒരു സമുദായത്തെ സജ്ജീകരിച്ചുകൊണ്ട് ആ ദൗത്യം പ്രവാചകർ നിർവ്വഹിച്ചു. മാറ്റപ്പെടാത്ത പ്രത്യയ ശാസ്ത്രത്തിന്റെ പ്രചാരകരും തിരുത്തപ്പെടാത്ത ഗ്രന്ഥത്തിന്റെ വാഹകരുമായി പ്രവാചകൻ പ്രവാചക പരമ്പരക്കന്ത്യം കുറിച്ചു.

പ്രവാചകന്മാരെക്കുറിച്ചുള്ള വിശ്വാസം, അവരുടെ വിശേഷണങ്ങൾ, തുടങ്ങി അത് സംബന്ധിയായ ചില കാര്യങ്ങൾ നമ്മുക്ക് മനസ്സിലാക്കാം. താർക്കികമായ വിഷയങ്ങൾ അവിതർക്കിതമായ രേഖകൾ സംസാരിക്കട്ടെ. മറിക്കപ്പെട്ട വചസ്സുകൾ യഥാർത്ഥ മുഖത്തോടെ ആരംഗത്ത് വരട്ടെ. തിരുത്തപ്പെട്ട അർത്ഥങ്ങൾ യഥാഭാവത്തോടെ രംഗത്ത് വരട്ടെ, മറക്കപ്പെട്ട യാഥാർത്ഥ്യങ്ങളും ഗോപ്യമാക്കപ്പെട്ട നിത്യസത്യങ്ങളും മറനീക്കി മുന്നോട്ട് വരട്ടെ.

## എന്തിനാണ് പ്രവാചകന്മാർ

എന്തിനാണ് പ്രവാചകന്മാരെ അയച്ചത്? അല്ലാഹുവിന് നേരിട്ട് പ്രബോധനം നടത്തിക്കൂടായിരുന്നോ എന്ന് ചിലർ ചോദിച്ചേക്കാം. എന്നാൽ അല്ലാഹുവും പ്രബോധനം നടത്തേണ്ട, ജനിച്ചപ്പോൾ തന്നെ സർവ്വജ്ഞാനിയാക്കി വെച്ചുകൂടായിരുന്നോ എന്ന ചോദ്യം അപ്പോൾ ബാക്കിയാകും. ഏതായാലും തന്ത്രജ്ഞനും കാര്യകാരണ കർത്താവുമായ അല്ലാഹുവിന്റെ തന്ത്രമാണതെന്ന് പ്രഥമമായി നാം ഉൾക്കൊള്ളുക. പടച്ചനാഥന്റെ നിഖില രഹസ്യങ്ങളും പടപ്പായ തനിക്ക് അറിയണമെന്ന് മനുഷ്യർ വാദിക്കുകയോ? അത് ബാലിശമാണ്. സാധാരണ ജനങ്ങൾക്ക് ഗോപ്യമായ നിത്യസത്യങ്ങളും ദർശനങ്ങളും അവരിലെത്തിക്കാൻ നിർണ്ണയിച്ച് നിയുക്തരാക്കപ്പെട്ട മഹാ മനുഷ്യരാണ് പ്രവാചകന്മാർ. അവരെ ഭൂമിയിലേക്കയച്ചത് ദർശനങ്ങളും തത്വങ്ങളും പഠിപ്പിക്കുവാനും പ്രവർത്തന തലത്തിൽ പ്രതിഫലിപ്പിച്ച് കാട്ടാനുമാണ്. സത്യസന്ദേശമെത്തിക്കാൻ നിയോഗിക്കപ്പെട്ട ദൈവദൂതന്മാരാണവർ. അവർ എത്തിച്ചു തരുന്ന സന്ദേശം ദൈവിക സന്ദേശമാണ്. അവരെ നിന്ദിക്കൽ ദൈവനിന്ദയും.

## മനുഷ്യരോ?

മക്കക്കാർ ചോദിച്ചു. ഞങ്ങളെപോലെ ഭക്ഷിക്കുകയും കുടിക്കുകയും ഇടപഴകുകയും ചെയ്യുന്ന ആളാണോ പ്രവാചകൻ. ഒരു മലക്കിനെ ആക്കിക്കൂടായിരുന്നില്ലേ പ്രബോധനത്തിന്? ഈ സംശയം ഇന്നും ചിലർക്ക് പൂർണ്ണമായി ഒഴിഞ്ഞുമാറിയിട്ടില്ല എന്നതാണ് സത്യം. എന്നാൽ വസ്തുതകളിലേക്ക് മസ്തിഷ്കമിറക്കിയാൽ തിരിയുന്നതേ ഉള്ളൂ ഇതിലെ തന്ത്രങ്ങൾ. മനുഷ്യരിൽ മാറ്റം വരുത്തുവാനാണ് മനുഷ്യരിൽ പ്രവാചകന്മാരെ നിയമിച്ചത്. മലക്കിനെകൊണ്ട് കഴിയുന്നതൊക്കെ മനുഷ്യനെക്കൊണ്ടാകില്ല. അപ്പോൾ ഒരു മനുഷ്യൻ തന്നെ പ്രായോഗിക തലത്തിൽ തെളിയിച്ചുകൊടുക്കുന്ന കാര്യങ്ങളെ മനുഷ്യർക്കിടയിൽ സ്വാധീനം ചെലുത്താനും പ്രതിഫലിപ്പിക്കാനും കഴിയൂ. ഒരു കൂട്ടം നിയമങ്ങളെ ഇറക്കി കൊടുക്കുക എന്നല്ല അല്ലാഹു ഉദ്ദേശിച്ചത്. മറിച്ച് പ്രായോഗികമായ തത്വസംഹിതകളെ പഠിപ്പിച്ചു കൊടുക്കുക എന്നതായിരുന്നു. മലക്കുകളിൽ നിന്നായിരുന്നു മനുഷ്യരിലെ പ്രവാചകർ എത്തിയിരുന്നതെങ്കിൽ മേൽപറഞ്ഞവർ തന്നെ പറയുമായിരുന്നു, ഇതെന്തേ മനുഷ്യർക്ക് കാര്യം പഠിപ്പിക്കാൻ ഒരു മലക്കിനെ നിയോഗിച്ചു. വ്യത്യസ്തങ്ങളായ ഈ പ്രകൃതങ്ങൾക്കിടയിൽ ഒരു സംവേദനം സുഗമമോ? പ്രകാശത്താൽ പടക്കപ്പെട്ട മാലാഖമാർ ഈ മണ്ണാങ്കട്ടകൾക്ക് മാതൃകയോ? ഇതേ സമയത്ത് മണ്ണ് മണ്ണോടൊന്നിക്കുന്നു. മണ്ണിൽ നിന്നുള്ള പ്രവാചകരെ അഖിലമനുഷ്യർക്കും ഉൾക്കൊള്ളാനാവുന്നു.

സത്യം മാത്രം വർത്തിക്കാൻ തക്കതായ പ്രകൃതിയുള്ളവർ സത്യാസത്യ സമ്മിശ്രത്തിനിടയിൽ നിന്നും സത്യം വേർതിരിക്കേണ്ടവർക്ക് മാതൃകയാകുമോ? ഇല്ല. സമകാലിക അനാശാസ്യതകളിൽ നിന്നും അധാർമ്മിക ചിന്തകളിൽ നിന്നും ധാർമ്മികതയുടെ മേച്ചിൽപ്പുറങ്ങൾ തേടി എന്നതാണ് പ്രവാചകർക്ക് സ്വാധീനശക്തിയും ആകർഷക വ്യക്തിത്വവും നേടികൊടുത്തത്. തങ്ങൾ തന്നെ അനുവർത്തിക്കുന്ന ആചാരങ്ങളിൽ നിന്നും സാഹചര്യങ്ങളിൽ നിന്നും ആരാലും മുൻ മാതൃകയില്ലാതെ തന്നെ അവർ അവരുടെ സെലക്ഷൻ പവ്വർ ഉപയോഗിച്ച് നന്മതേടി.

മനുഷ്യന്റെ മനഃശാസ്ത്രവും പ്രാകൃതിക വികൃതികളും കണ്ടും കൊണ്ടും അറിഞ്ഞ മനുഷ്യനെ മനുഷ്യരിൽ പ്രബോധകനാകാവൂ. കാലത്തിന്റെ അനിവാര്യതയിൽ അടിഞ്ഞുപോയതും പുരോഗതിക്കൊപ്പം പിടിവള്ളികിട്ടാതെ ചിതറിപ്പോയതുമായ നിരവധി മതങ്ങളും തത്വങ്ങളും കഴിഞ്ഞിട്ടുണ്ട്. അവയിലെല്ലാം തന്നെ പ്രവാചകരും ഉണ്ടാ

യിട്ടുണ്ട്. മതങ്ങളെല്ലാം പ്രവാചകത്വത്തെ അംഗീകരിക്കുന്നു എന്നാണിത് പഠിപ്പിക്കുന്നത്.

യാഥാർത്ഥ്യത്തിന്റെ പ്രകാശമാനമായ മുഖം കാണുവാൻ കഴിയാതെ മറ്റു മതങ്ങളെല്ലാം കൂപ്പുകുത്തി. പക്വവും പാകവുമായ വിശ്വാസ ശാസ്ത്രവുമായി ഇസ്‌ലാം കാലത്തിന്റെ കറക്കത്തിലും ആദ്യം പിടിച്ച വള്ളിയിൽ തന്നെ ഭദ്രമായി നിലനിൽക്കുന്നു.

## പരീക്ഷണം എന്തിന് ?

വേദനയും, യാതനയും, പീഢനവും, താഢനവും, ആക്ഷേപവും, അധിക്ഷേപവും, അക്രമവും, അതിക്രമവും നിത്യകണികകളായി ഏറ്റുവാങ്ങിയവരാണ് പ്രവാചകർ. ഇതിന്റെ ആവശ്യം എന്തായിരുന്നു. ആകസ്മികമായ ഒരു മനം തിരുത്തലിന്റെ അതിശയോക്തമായ മാസ്മരികതയായിരുന്നു പ്രവാചകത്വത്തിന്റെ പര്യായമെങ്കിൽ ഈ പ്രശ്നങ്ങളുണ്ടായിരുന്നോ?

വലിച്ചിഴക്കപ്പെടുന്ന മനുഷ്യ മനസ്സിൽ തുന്നിച്ചേർക്കപ്പെടാനുള്ളതല്ലായിരുന്നു ഇസ്‌ലാം. ശെമുഷിയുടെ ഉരക്കല്ലിൽ ശേഷി ഉറപ്പുവരുത്തപ്പെട്ട വിശ്വാസങ്ങളോട് സംവദിക്കാനാണ് മനുഷ്യന് മസ്തിഷ്കം നൽകിയത്. യാതനയുടെ വാതായനങ്ങൾക്ക് മധ്യേ ആശയം മാത്രം പിൻബലമായി കണ്ടവരുടെ ആശയ പ്രചരണമേ മസ്തിഷ്ക ബോധകമാകുള്ളൂ. പരീക്ഷണങ്ങളിൽ കുതിച്ചും യാതനകൾ സഹിച്ചും ധാർമ്മികതയിൽ മുശപ്പെട്ട ഹൃദയങ്ങളെ അന്തിമ വിജയികളാക്കൂ എന്ന് തെളിയിക്കുക കൂടി അതിനു പിന്നിലെ ലക്ഷ്യമല്ലെന്ന് പറയാൻ വയ്യ. തന്റെ ആശയ ഭദ്രതയ്ക്കായി എന്തും സമർപ്പിക്കുമെന്നുള്ളവന്റെ പിന്നിലെ ആദർശത്തിൽ കൈ കോർക്കാൻ ബുദ്ധിമാന്മാരെ കിട്ടുകയുള്ളൂ. ആഭാസങ്ങളോട് ആഭിജാത്യം കാണിക്കാനല്ല മനുഷ്യന് ബുദ്ധിനൽകിയത്.

സത്യത്തിന് നേരിടേണ്ടി വന്നിട്ടുള്ള അനിവാര്യമായ പ്രതികരണങ്ങൾ മാത്രമേ പ്രവാചകന്മാരും നേരിട്ടിട്ടുള്ളൂ. സാഹചര്യങ്ങൾ മനുഷ്യനെ ഭ്രാന്തനും മാന്യനുമാക്കുന്നു. അനാവശ്യതകളിൽ ആണ്ടുപൂണ്ടു കിടക്കുന്ന സാഹചര്യ മധ്യത്തിൽ അതിനോട് മാത്രം താദാത്മ്യം പുലർത്തിയ മനസ്സുകൾ, സത്യമോ അസത്യമോ ആകട്ടെ, അതിനെ എതിർക്കുന്നതിനെ എതിർക്കുന്നു. സത്യം യാതനയും, അസത്യം ആസ്വാദനവുമാണ്. ആസ്വാദനത്തിമിർപ്പുകളാണ് ഇന്നത്തെ ലോകത്തെ അടക്കിഭരിക്കുന്നത്. 'അനുഭൂതിയുമാണ്

'എന്നുകൂടി ചേർത്തു വായിക്കാവുന്നതാണ്. പരീക്ഷണങ്ങൾ നേരിട്ടവർ പരിരക്ഷണം പാരിതോഷികം നേടിയവരാണ്. ചരിത്രം ഇതിന് മൂകം സാക്ഷിയത്രെ.

## അസാധാരണക്കാർ

പ്രവാചകന്മാർ അസാധാരണ പുരുഷന്മാരാണ്. മനുഷ്യൻ എന്ന സാധാരണത്വത്തിൽ കവിഞ്ഞ് അല്ലാഹുമായുള്ള 'ദൂത' ബന്ധത്തിലൂടെ അസാധാരണമായവരാണവർ. അല്ലാഹുവിന്റെ സന്ദേശവാഹകരായ മലക്കുകളിൽ നിന്നുള്ള സന്ദേശമാണ് നമ്മുക്ക് എത്തിച്ചുതരേണ്ടത്. അതിനാൽ പ്രവാചകന്മാർക്ക് വഹയ്കേൾക്കാനും മലക്കിനെ കാണാനുമുള്ള കാതും കണ്ണും കൂടിയെ തീരൂ. ഇത് അസാധാരണമാണ്. സാധാരണത്വത്തിന്റെ ഇട്ടാവെട്ടത്തിനപ്പുറം കുറെ കാര്യങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുമ്പോഴേ പ്രവാചകത്വം പൂർണ്ണമാവുകയുള്ളൂ. പ്രവാചകത്വം സാധാരണക്കാർക്കും കിട്ടുന്ന ഒന്നാണെങ്കിൽ എല്ലാ സാധാരണക്കാരും പ്രതീക്ഷിക്കാവതെയുള്ളൂ. എന്നെങ്കിലും എന്നെ നബിയാക്കിയാലോ? എന്ന്. അവസാനത്തെ നബിയും വന്നുപോയി എന്നാണ് ഇനി ന്യായമെങ്കിൽ മുൻപുള്ളവർക്കത് പ്രതീക്ഷിക്കാമായിരുന്നെന്നല്ലെ മറുപടി.

മനുഷ്യർ ബുദ്ധിയുള്ളവനാണെങ്കിലും പരിപൂർണ്ണനല്ല. അപൂർണ്ണതയുടെ കോംപ്ലക്സാണ് മനുഷ്യൻ. കേൾവിക്ക് പരിധി. കാഴ്ചയ്ക്ക് മതിൽകെട്ട്, ചിന്തക്കതിര്, അറിവിന് പരിമിതി തുടങ്ങിനിരുന്നു അപൂർണ്ണതയുടെ തസ്തിക. എല്ലാരംഗത്തും ഒരു പോലെ വിലസാൻ സാധാരണ ഒരു മനുഷ്യർക്ക് കഴിയുന്നില്ല. ഒരാൾ പണ്ഡിതനാകുന്നു, മറ്റൊരാൾ പള്ളിറിവികാരിയാകുന്നു, എഞ്ചിനീയറും, പ്രസംഗകനും, എഴുത്തുകാരനും, കലാകാരനും, തത്വചിന്തകനും, അഖിലജ്ഞാനിയുമായ ഒരാൾ ഉണ്ടായിട്ടുണ്ടോ?

ഇല്ല.

പ്രവാചകന്മാർ നിയോഗിക്കപ്പെട്ടത് സമൂഹത്തിലെ നാനാതുറകളിലും ഉള്ളവർക്ക് മാതൃകയാകാൻ വേണ്ടി. നബിക്ക് എല്ലാം കൂടി ആകാൻ കഴിയില്ലെങ്കിൽ എങ്ങനെയാണവർക്കും മാതൃകയാവുക. അപ്പോൾ ഒരസാധാരണ മനുഷ്യനെ കൊണ്ടേ അതാവുകയുള്ളൂ എന്ന് മലസ്സിലായി. തനിക്ക് പ്രവാചകരിൽ മാതൃകയില്ലെന്ന് പറയാൻ ഏതെങ്കിലും തുറയിലുള്ള ആർക്കെങ്കിലും കണ്ടെത്താൻ കഴിയുമോ?

അസാധാരണക്കാരന്റെ ചര്യകൾ എങ്ങനെയാണ് സാധാര

ണക്കാരന് നിർവ്വഹിക്കാനാവുക എന്നൊരു ചോദ്യം പൊന്തിയേക്കാം. എന്നാൽ സാധാരണക്കാർക്കുള്ള നിയമങ്ങളും ശാസ്ത്രസംഹിതകളും അസാധാരണക്കാരായ പ്രവാചകൻ ഒരുമിച്ച് കൂട്ടുകയും പഠിപ്പിക്കുകയും ചെയ്തു. അതിലുപരി അസാധാരണത്വത്തിന്റെ മുഖം പകർത്തപ്പെടേണ്ടതായിരുന്നില്ല എന്നതും മനസ്സിലാക്കുക. ജിബ്‌രീലിനെ കാണലോ വഹ്‌യ് വാങ്ങലോ മിഅ്റാജ് നടത്തലോ നമ്മുക്ക് നിയമമില്ല. സാധാരണക്കാരായ സ്വഹാബത്തിലൂടെ അതിപൂർണ്ണമായി മതൽ ദൗത്യം പഠിപ്പിക്കുകയും ചെയ്തതായുംകാണാം.

## പ്രവാചകന്മാരുടെ സ്വിഫത്തുകൾ

### സത്യസന്ധത

പ്രവാചകന്മാർക്കുണ്ടാകൽ നിർബന്ധമായ ഒന്നാമത്തെ വിശേഷണമാണിത്. അസത്യത്തിന്റെ ലവലേശം അവരിൽ നിന്നുണ്ടായിക്കൂടാ. വിശുദ്ധനായ അല്ലാഹുവിന്റെ മത പ്രചാരകരാണവർ. ഖുർആൻ തന്നെ പറയുന്നു. അദ്ദേഹം സ്വന്തമായി ഒന്നും പറയില്ല. പ്രവാചകന്മാരുടെ നാവിൽനിന്ന് വരുന്നത് മുഴുവൻ മതമാണ്. അതിൽ വെറും വിലകുറഞ്ഞ മാനുഷികത്വത്തിന്റെ ചേർപ്പുകൂട്ടിയാൽ മതത്തിന്റെ അസ്തിത്വത്തിന് തുരംഗം വരും. മാനുഷികത്വത്തോടെ വല്ലതും പറഞ്ഞ് പ്രശ്നം പറ്റിയാൽ തന്റെ ഇസ്‌ലാം പോലും അന്യൂനമായി അവതരിപ്പിക്കാനാവാത്തവനായി അല്ലാഹു തരം താഴും. അതുണ്ടായിക്കൂടാ. ഖുർആൻ പ്രവാചകരുടെ സത്യസന്ധതയെ ഊന്നിപഠിപ്പിക്കുന്നു. നബി(അദ്ദേഹം) വല്ല വാചകങ്ങളും സ്വയം പറഞ്ഞിരുന്നെങ്കിൽ നാം അദ്ദേഹത്തെ വലത് 'യദ്' കൊണ്ട് പിടിക്കുമായിരുന്നു. അനന്തരം അദ്ദേഹത്തിന്റെ ഹൃദയ ധമനി നാം മുറിച്ചുകളയുമായിരുന്നു. (അൽഹാഖ 44, 5, 6) പ്രവാചകന്മാരും അസത്യവും തമ്മിലുള്ള വിരോധാഭാസമാണ് നാം ഇതിൽ നിന്ന് ഉൾക്കൊള്ളേണ്ടത്.

സത്യത്തിന്റെ വക്താവാണെന്ന് സ്ഥിരപ്പെട്ടവനിൽ നിന്ന് മാത്രമേ നാലുപാടും നോക്കാതെ ആശയം വിഴുങ്ങാൻ ആളുകൾ തയ്യാറാവുകയുള്ളൂ. തികച്ചും സത്യസന്ധത നബിക്ക് നേടികൊടുത്ത ജനസ്വാധീനം ബഹുലം തന്നെയാണ്.

### വിശ്വസ്തത

വിശ്വസ്തനായിരിക്കുക എന്നതും പ്രവാചകന്മാരുടെ വിശേഷണത്തിൽ പെട്ടതാണ്. എല്ലാവരും ഒന്നിച്ചംഗീകരിച്ച പ്രവാചകരുടെ വിശ്വസ്തതയാണ് നബിയെ അവർക്കിടയിലെ അൽ അമീൻ ആക്കിയത്. വഞ്ചനയുടെ വശം പ്രവാചകരെ ബാധിച്ചാൽ അല്ലാഹുവിന്റെ സന്ദേശങ്ങൾ ചിലത് മറച്ചുവെച്ചു എന്ന് സംശയിക്കേണ്ടി വരും. പക്ഷെ വിശ്വസ്തരായ പ്രവാചകന്മാർ ദൗത്യപൂർത്തീകരണം കഴിഞ്ഞ് വിജയത്തിലേക്ക് മടങ്ങി. പ്രവാചകരിൽ നിഴലിച്ചു കണ്ട വിശ്വസ്തതയാണ് പലരേയും ദീനീ ഗോദയിൽ പിടിച്ചു നിർത്തിയത്. നിനക്ക് ഞാൻ സ്വർഗം തരാമെന്ന് പറയുമ്പോഴേക്കും എല്ലാം മറന്ന് പടക്കളത്തിലേക്ക് എടുത്തുചാടുന്ന സ്വഹാബിമാർ തെളിയിച്ചതതാണ്. നബി പറഞ്ഞു ഇനി സംശയിക്കേണ്ടതില്ല ഈ പടക്കളത്തിൽ നീ മരിക്കില്ല ഖാലിദേ! നീ പതാകയേന്തണം. പതാകയെടുക്കുമ്പോൾ ഖാലിദു പറഞ്ഞു, ഞാൻ ഈ പടക്കളത്തിൽ മരിക്കില്ലെന്ന് നബി പറഞ്ഞിരിക്കുന്നു. അതിനാൽ വിജയം അടുക്കാറായി.

വിശ്വാസ്യതയുടെ ജ്വലിക്കുന്ന രൂപങ്ങളായിരുന്നു പ്രവാചകന്മാർ. അതത്രെ അവർ പൂർണ്ണ പ്രബോധകരായത്.

## പ്രബോധനം

അല്ലാഹു തആല എത്തിച്ചു കൊടുക്കുവാൻ ഏൽപിച്ചതു മുഴുവൻ എത്തിച്ചു കൊടുക്കുന്നവരാണവർ. അല്ലാഹു ഏൽപിച്ചത് മുഴുവൻ എത്തിച്ചു തന്നു എന്ന് പരമമായി വിശ്വസിക്കുമ്പോൾ മാത്രമേ പൂർണമായും ദൈവികാശയങ്ങൾ പ്രവാചകന്മാർ പ്രബോധനം ചെയ്തു എന്ന് നമുക്കുറപ്പു വരുകയുള്ളൂ.

## ബുദ്ധികൂർമത

ബുദ്ധികൂർമത ഉണ്ടായിരിക്കുക എന്നതും പ്രവാചകന്മാർക്കുണ്ടാകേണ്ട നിർബന്ധ സവിശേഷതകളിൽ പെട്ടതാണ്. മസ്തുള്ളവനോ, സ്ഥിരബുദ്ധി ഇല്ലാത്തവനോ പ്രവാചകനായി നിയോഗിക്കപ്പെട്ടിട്ടില്ല. അതി കൂർമമായ ബുദ്ധിയും, അനിതരസാധാരണമായ വിവേകവുമുള്ളവന് മാത്രമെ അത്യപൂർവ്വവും അതി ബൃഹത്തുമായ ആശയങ്ങൾ ഉൾക്കൊള്ളാനും പ്രചരിപ്പിക്കാനുമാവൂ. ബുദ്ധികൂർമത എന്ന വിശേഷണം സംപൂർത്തീക

ശിക്കപ്പെടുന്നതോടെ മാനുഷിക പൂർണ്ണത കൈവരുന്നു. ബുദ്ധി താഴും തോറും തകർന്നടിയുന്നത് മാനുഷികത്വമാണ്. ബൗദ്ധിക മണ്ഡലങ്ങൾ മുഴുവൻ ഒന്നിച്ചംഗീകരിക്കുന്ന വിശുദ്ധ ഖുർആൻ പൂർണ്ണമായും ഉൾക്കൊണ്ട സൃഷ്ടി പ്രവാചക പ്രഭു മുഹമ്മദ് (സ) മാത്രമാണ്. വരുന്നതും വരാനുള്ളതും വന്നതും വന്നുകൊണ്ടിരിക്കുന്നതുമായ നിതാന്ത യാഥാർത്ഥ്യങ്ങളെ പ്രഖ്യാപിക്കാൻ കൂർമ്മ ബുദ്ധിയുടെ ഉടമകൾക്കേ സാധിക്കൂ. വരാനുള്ള കാലത്തെ സൂചകങ്ങളായ ആയത്തുകൾക്കും 6-ാം നൂറ്റാണ്ടിൽ തന്നെ വ്യാഖ്യാനം പറഞ്ഞ് ബുദ്ധികൂർമ്മതയുടെ മൂർത്തിമത്ഭാവമാകുകയായിരുന്നു പ്രവാചകൻ. പടക്കളത്തിൽ തിളങ്ങുന്ന പടനായകനും പ്രബോധനത്തിൽ പൂർണ്ണത പ്രാപിക്കുന്ന പ്രബോധകനും ശൃംഗാരംഗത്ത് വിജയം നേടുന്ന ശൃംഗനായകനും ആ രംഗങ്ങളിൽ ബുദ്ധിമാനാണ്. അപ്പോൾ അഖില രംഗങ്ങളിലും അതി വിജയം നേടിയ പ്രവാചകർ അതീവ ബുദ്ധിമാനാണ്.

## പാപസുരക്ഷിതത്വം

പ്രവാചകന്മാർ പരിപൂർണ്ണ പാപ സുരക്ഷിതരാണ്. ഒരു വേള പാപമുഖത്തേക്ക് എറിയപ്പെട്ടവർ പുണ്യവാളന്മാരായി. പുതു നിയോഗം ചെയ്യപ്പെട്ടവർ ജനങ്ങളിൽ അംഗീകൃതരാകുമോ? നിരോധിക്കപ്പെടുന്നവ നിരോധിക്കുന്നവരിൽ തന്നെ പ്രതിഫലിച്ചാൽ പ്രാവർത്തികമാകുമോ തിന്മ നിരോധനം. പ്രവാചകത്വത്തിനു മുമ്പും ഈ സുരക്ഷിതത്വം ബാധകമാണ്. അല്ലെങ്കിൽ ഗതകാല ചാപല്യങ്ങളുടെ മേലിൽ ആക്ഷേപ സ്വരങ്ങൾ അനിയന്ത്രിതമാം വിധം പ്രബോധനത്തെ സ്വാധീനിച്ചേക്കും. എന്നാൽ ചെറുപ്പത്തിലുള്ള പാപ സുരക്ഷിതത്വം പലരിലും ദൗത്യ നിർവ്വഹണത്തിന് വഴിയാവുകയാണുണ്ടായിട്ടുള്ളത്. ഒരു പാപവും ചെയ്യാത്ത നബി ദിനംപ്രതി 100 'ഇസ്തിഗ്ഫാർ' (പൊറുക്കലിനെ ചോദിക്കൽ) ചെയ്തപ്പോഴാണ് അതിന്റെ പ്രാധാന്യം അണികൾക്ക് വേണ്ടതുപോലെ ഉൾക്കൊള്ളാനായത്. പാപമുക്തനായ പ്രവാചകൻ പാതിരാവുകളെ ധന്യമാക്കിയപ്പോഴാണ് ഇബാദത്തിന്റെ പ്രാധാന്യം ലോകം തനിമയോടെ കണ്ടത്. നിന്ന് നിസ്കരിച്ച് നീരാവുന്ന കാലുകണ്ടപ്പോഴാണ് അല്ലാഹുവിനോടുള്ള നന്ദിപ്രകടനത്തിന്റെ പാരമ്യത സ്വഹാബത്ത് കണ്ടറിഞ്ഞത്. തെറ്റു ചെയ്തവർക്കുള്ള ഗൃഹം നരകം. അതിനെയോർത്ത് വിങ്ങിപ്പൊട്ടുന്ന പ്രവാചകനിൽ നിന്നാണ് നരകത്തിന്റെ ഭയവിഹ്വലത പഠിച്ചത്. പ്രവാ

ചകത്വത്തിന്റെ ആവശ്യകതയത്രെ പാപസുരക്ഷിതത്വം.

## മുഅ്ജിസത്ത്

വാദം സ്ഥിരപ്പെടുത്തുന്നതിനായി പ്രവാചകന്മാരിൽ നിന്നുണ്ടാകുന്ന അസാധാരണ സംഭവങ്ങളാണ് മുഅ്ജിസത്ത്. ഇത് അല്ലാഹു അവർക്ക് സ്ഥിരമായി നൽകിയ ഒരു വിശേഷണമത്രെ. അല്ലാതെ സാന്ദർഭികമായി നൽകുന്നതല്ല. അങ്ങനെയെങ്കിൽ ശത്രു മദ്ധ്യേ ധൈര്യത്തോ വാദം നടത്താനാകുമോ? അമ്പിയാക്കൾക്ക് മുഅ്ജിസത്തുണ്ടെന്ന് വിശ്വസിക്കൽ നിർബന്ധമാണ്. അല്ലെങ്കിൽ മായാ വിദ്യകളുടെയും. ജാല കോപ്രാട്ടികളുടെയും പിന്നിൽ മനുഷ്യൻ വിശ്വാസം പണയം വെച്ചേക്കും. താത്കാലികതയുടെ മാസ്മരികതയിൽ മരവിപ്പിക്കപ്പെടുന്ന മസ്തിഷ്കങ്ങളെ മായ ലോകത്തേക്കെത്തിച്ച് വിശ്വാസം മാറ്റാൻ ശ്രമിക്കുന്നവർക്കുമുന്നിൽ അനശ്വരമായ ദൃഷ്ടാന്തവും നിർണിതമല്ലാത്ത വൈശിഷ്ട്യവും അവാച്യമായ ആകസ്മികതയും നിറച്ചു സർവ്വാധിനാഥൻ നൽകിയതാണ് പ്രവാചകരുടെ മുഅ്ജിസത്തുകൾ. താത്കാലിക ഭ്രമങ്ങളിൽ കമ്പോള വെടികളായി പരിണമിച്ച ജാലവിദ്യകൾക്ക് മുന്നിൽ ആയിരത്താണ്ടുകളുടെ സൗഷ്ടവത്തോടെ നിലനിൽക്കുന്ന അസാധാരണത്വമാണ് നബിയിൽ നിന്ന് വന്നത്. പ്രവാചകർ മുഹമ്മദ് (സ) യുടെ ഏറ്റവും വലിയ മുഅ്ജിസത്താണ് ഖുർആൻ. അതിലെ അസാധാരണത്വത്തിന്റെ കൊമ്പൊടിക്കാൻ ശത്രു പക്ഷത്തെ വിജുഗീഷുക്കൾ സംഘം ചേർന്ന് തടിമാടനായ ആനയെ വർണ്ണിച്ചു. ചിലന്തിയെയും, ഈച്ചയെയും, തേനീച്ചയെയും പറഞ്ഞ ഖുർആനിന്റെ അമാനുഷികത്വത്തിന് മുന്നിൽ കൂപ്പുകൈകൾ കാട്ടി അവർ സ്വത്വത്തിലേക്കുൾവലിഞ്ഞു. പ്രവാചകർക്ക് അനുപേക്ഷണീയമായതും, സംവദിച്ച് തോൽപ്പിക്കപ്പെടാത്തതുമായ യാഥാർത്ഥ്യമാണ് മുഅ്ജിസത്ത്. അതംഗീകരിക്കലും വിശ്വസിക്കലും നമുക്ക് ബാധ്യതയാണ്.

## അന്ത്യപ്രവാചകർ

മുഹമ്മദ്(സ) പ്രവാചക പരമ്പരയുടെ അവസാനത്തെ കണ്ണിയാണ്. ശേഷം ഒരു പ്രവാചകൻ വന്നിട്ടില്ല. വരികയുമില്ല. അതിനുള്ള മതിയായ രേഖകൾ ഖുർആനും ഹദീസുകളും നമുക്ക് തരുന്നുണ്ട്. പ്രവാചകൻ സദസ്യരോട് പറയുന്നു.

تركت فيكم امرين لن تضلوا ما تمسكتم بهما كتاب الله
وسنة رسوله.

രണ്ട് കാര്യം ഞാൻ വിട്ടേച്ചുപോകുന്നു. അതിനെ ആപാദചൂടം അനുവർത്തിച്ചാൽ അവതാളത്തിലാവുന്ന പ്രശ്നമില്ല. ഖുർആനും എന്റെ ചര്യയുമാണത്. ജീസസ് പറഞ്ഞു, എനിക്ക് പലതും പറയാനുണ്ട്. പക്ഷെ നിങ്ങൾക്ക് വഹിക്കാനൊക്കത്തില്ല, ഇനി കാര്യസ്ഥൻ വരും......ജീസസ് പറഞ്ഞതിനർത്ഥം ഇനിയൊരു പ്രവാചകൻ വരാനുണ്ടെന്നാണെങ്കിൽ, മുഹമ്മദ്(സ) പറഞ്ഞത് എന്റെ സന്ദേശത്തിൽ മുറുകെ പിടിക്കാനാണ്. ഈ ഹദീസ് തന്നെ പ്രവാചകർ നബി(സ) യുടെ ശേഷം നബിയില്ലെന്നതിന് മതിയായ തെളിവാണ്. ഇനിയും കുറച്ചുകൂടി വിശാലമായി പറഞ്ഞാൽ, പ്രവാചക നിയോഗത്തിന്റെ കാരണം ചിന്തിച്ചു നോക്കാം.

1. പ്രവാചകർ കൊണ്ടുവന്ന ആശയം നിർണിത സമൂഹത്തിനായിരിക്കുക.

ഇത് നബി(സ)യെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടില്ല. നബി(സ)യുടെ ശരീഅത്ത് അതിനുമുമ്പുള്ള ശരീഅത്തുകളെ മുഴുവൻ നിരോധിക്കുന്നതും നിത്യവുമായിരുന്നു. ഖുർആൻ പറയുന്നു.

اليوم اكملت لكم دينكم واتممت عليكم نعمتي
ورضيت لكم الاسلام دينا.

ഈ ദിവസം മത പൂർത്തീകരണത്തിന്റെ ദിനമാണ്. ഇസ്‌ലാമെന്ന മതവും പ്രവാചക നിയോഗമെന്ന നിഅ്മത്തും അവയിലൂടെ നാം സംപൂർത്തീകരിച്ചു. നിങ്ങൾക്കേവർക്കും ഇസ്‌ലാമിനെ മതമായി നാം തൃപ്തിപ്പെട്ടു.

മുഹമ്മദ് നബിക്കുശേഷം ഒരു പ്രവാചക നിയോഗത്തെ ഖുർആൻ നഖശിഖാന്തം നിരോധിക്കുകയാണിവിടെ.

2. പ്രവാചക നിയോഗം ഒരു നിർണ്ണിത സമുദായത്തിലേക്കാകുക.

നൂഹ്നബിയും ഈസാ നബിയും തുടങ്ങി മുൻ കഴിഞ്ഞ പ്രവാചകന്മാർ അഖിലവും നിർണ്ണിതമായ ഒരു വിഭാഗത്തിലേക്ക് മാത്രം നിയുക്തരായിരുന്നു. എന്നാൽ മുഹമ്മദ് (സ) എല്ലാ കുലത്തിലേക്കും സമുദായത്തിലേക്കുമായി നിയോഗിക്കപ്പെട്ടവരാണ്. ഖുർആൻ സമ്മ

തിക്കുന്നു. كافة للناس بشيرا ونذيرا.

മുഴുവൻ മനുഷ്യരിലേക്കും സന്തോഷ സന്ദേശവാഹകനും നിഷേധികൾക്ക് താക്കീതുകാരനുമായിട്ടാണ് അവിടുന്ന് നിയുക്തരായത്. മനുഷ്യരിലേക്ക് മുഴുവൻ അയക്കപ്പെട്ടു എന്ന് പറഞ്ഞതിൽ നിന്നും മനുഷ്യ കുലത്തിനിനി പ്രവാചകനില്ലെന്നു തന്നെയാണർത്ഥം.

സമുദായത്തിന്റെ വേലികെട്ട് നിർണ്ണയിക്കപ്പെട്ട പ്രവാചകൻ അതിർത്തിയിൽ മാത്രം ഒതുങ്ങികൂടും. അതിനപ്പുറത്തേക്കു കടക്കുന്ന പ്രശ്നമേ ഉണ്ടാവില്ല. സ്ഥലകാല ഭേദതിരിവുകളായി വിഭജിക്കപ്പെടേണ്ടാത്തത്ര സമഗ്രവും സുദൃഢവുമായിട്ടാണ് ഖുർആനിന്റെയും അന്ത്യ പ്രവാചകരുടെയും അവതരണം.

ഇസ്റായേലിലെ കുഞ്ഞാടുകൾക്ക് മാത്രമായി നിയുക്തനാണ് ഞാനെന്ന് തുറന്നു സമ്മതിച്ച ബൈബിളും തലയിൽ പേറിയാണ് നമ്മുടെ ക്രിസ്ത്യൻ സുഹൃത്തുക്കൾ ചർച്ചുകൾ കെട്ടിപ്പൊക്കുന്നത്. അല്ലെങ്കിൽ പുതിയ നിയമത്തിൽ നിന്നെങ്കിലും അവർ അത് എടുത്തുമാറ്റണമായിരുന്നു. അതിനും അവർക്കായിട്ടില്ല. "മനുഷ്യകുലത്തിനാകമാനം എന്ന ആശയം മുസ്‌ലിംകൾ ഉൾക്കൊള്ളുന്നു". പണ്ടത്തേക്ക് മാത്രമാണെന്റെ മതമെന്ന് വിശ്വസിച്ച് ക്രിസ്ത്യാനിറ്റി മത പ്രവർത്തനം നടത്തുന്നു. അപകട രഹിതമായ മാനസികാവും, നിഷ്പക്ഷമായ ചിന്താ പക്വതയും പ്രാപിച്ചവരഖിലം ഖുർആനു മുന്നിൽ വിനയാന്വിതം മടങ്ങേണ്ടി വന്നിട്ടുണ്ട്. പരിപക്വമായ വിശ്വാസത്തിന്റെ ഏറ്റവും ഉന്നതമായ രൂപം സമർപ്പിച്ച പ്രവാചകന് ശേഷം ഒരു പ്രവാചകനോ? അത് നെറിയുള്ള ശേമുഷിക്ക് അസംഗത്യമാണ്. خَاتِم നെ خَاتَم ആക്കിയിട്ടാണ് ഈ നുബുവ്വത്ത് വാദക്കാർ രംഗത്തു വരുന്നത്. എന്നാൽ അല്ലാഹുവിന്റെ 'അൽ' കളഞ്ഞാൽ ഇലാഹുക്കളെയും ഉണ്ടാക്കാവുന്നതേയുള്ളൂ.

## നബി സ്കിസോഫ്രേനിയക്കാരനോ?

അദൃശ്യമായ കാര്യങ്ങൾ അറിയുന്നുണ്ടെന്നും അദൃശ്യനും അപ്രാപ്യനും അനാദ്യനും അനന്ത്യനുമായ ഒരു ശക്തിയുണ്ടെന്നും വാദിച്ചതിന് നബി(സ) യെ ഒരു സ്കിസോഫ്രേനിയ രോഗിയായിട്ടാണ് ഇടമറുക് പ്രഖ്യാപിച്ചത്. ഇടമറുക് എന്ന ന്യൂനതയുടെ പേരിൽ തന്നെ താൻ അറിയപ്പെടുന്നത് ചുമ്മാതല്ല. ജീസസിന്റെയും കൃഷ്ണന്റെയും ചരിത്രാസ്തിത്വത്തെ തന്നെ നിഷേധിച്ചവരാണിവർ. മുഹ

മദ് നബി(സ) എന്ന മഹത് ജ്യോതിസ്സിന്റെ മായാ പ്രഭ നിഷേധിക്കാൻ കഴിയാതെപ്പോൾ ഇറക്കിയ പുതിയ പ്രഖ്യാപനമായിരുന്നു നബി ഉന്മാദ രോഗിയാണെന്ന്. സ്കിസോഫ്രേനിയ എന്തെന്നും പ്രവാചകത്വം എന്തെന്നും അറിയാതെ ഉഴലുന്ന അവസ്ഥയാണിവരിലുള്ളതെന്ന് വിലയിരുത്തലുകൾ തെളിയിക്കുന്നു.

സ്കിസോഫ്രേനിയ ഒരു മാനസിക രോഗമാണ്. പിച്ചും പേയും പറയുന്ന സ്വഭാവമാണതിനുള്ളത്. ഒരു നേരം പറയുകയും മറ്റൊരു നേരം മാറ്റി പറയുകയും. സ്കിസോഫ്രേനിയ ഒട്ടനേകം രോഗങ്ങളുടെ സമ്മിശ്രതയായിട്ടാണ് യുജിൻ ബ്ലൂലർ പരിചയപ്പെടുത്തിയത്. ഭയചകിതനായി സ്വന്തം വ്യക്തിത്വം നശിപ്പിച്ച് മറ്റുള്ളവരിൽ അലിഞ്ഞു ചേരുന്നു, അപരനുമായി ആശയവിനിമയം നടത്തുന്നതിൽ അലോസരപ്പെടുന്നു. വാക്കും പ്രവൃത്തിയും എതിർദിശകളിലേക്കാകുന്നു. തുടങ്ങിയവ അതിന്റെ ലക്ഷണങ്ങളിൽ പെട്ടതാണ്.

വിശുദ്ധനും പരിപൂർണ്ണരുമായ പ്രവാചകൻ പറഞ്ഞതെല്ലാം പ്രവർത്തി പഥത്തിൽ പ്രതിഫലിച്ചിരുന്നു എന്ന് ആണയിട്ടു സമ്മതിച്ചവരാണ്. അവിടുത്തെ സ്വഭാവം ഖുർആനാണ്. ഞാൻ നിങ്ങൾക്കുപേക്ഷിച്ചിട്ട് പോകുന്നത് ഖുർആൻ ആണ്. എന്ന പ്രഖ്യാപനവുമായി കടന്നു പോയ പ്രവാചകനെക്കുറിച്ച് കുറെ മിറക്കിൾ മാത്രം കേട്ടാൽ പോരാ. പഠിച്ചിട്ട് വിമർശിക്കാൻ ആദ്യം പഠിക്കണമല്ലോ?

ലോകമെമ്പാടുമുള്ള കോടാനുകോടി മുസ്ലിംകൾ പ്രവാചക പാതപിൻ പറ്റുന്നു. ഒരു സ്കിസോഫ്രേനിയക്കാരന് ആളെ കൂട്ടാനാകുമോ? തെരുവിലൂടെ നടക്കുന്ന ഭ്രാന്തന്മാർ ആളുകളാൽ വെറുക്കപ്പെടുന്നു. ഇടമറുകിന്റെ സ്കിസോഫ്രേനിയക്കാരൻ കോടാനുകോടികളാൽ വാഴ്ത്തപ്പെടുന്നു.

കുറച്ചുകൂടി പഠനം നടത്തിയാൽ സ്കിസോഫ്രേനിയ ഉണ്ടെന്ന് പറഞ്ഞവന് സ്കിസോഫ്രേനിയ ബാധിച്ചതായി കാണാം. മുഹമ്മദ് നബി(സ) അതിയായ ലൈംഗികാസക്തി ഉള്ളവരായിരുന്നെന്നും അതിനാൽ പതിനൊന്ന് കെട്ടി എന്നുമാണയാളുടെ മറ്റൊരു വാദം. ലൈംഗികാസക്തി ഇല്ലാതിരിക്കുക എന്നത് സ്കിസോഫ്രേനിയ പ്രധാന അടയാളങ്ങളിൽ ഒന്നുമാണ്. അപ്പോൾ പ്രവാചകന് രണ്ടുമില്ലാ എന്നാണ് അതിൽ നിന്നും ഉൾക്കൊള്ളാവുന്നത്. (1) ലൈംഗികാസക്തി സ്കിസോഫ്രേനിയക്കാരനുണ്ടാകില്ല. അപ്പോൾ നബി സ്കിസോഫ്രേനിയക്കാരനല്ല. (2)സ്കിസോഫ്രേനിയക്കാരന് ലൈംഗികാസക്തി ഉണ്ടാകില്ല. അപ്പോൾ നബി ലൈംഗികാസക്തനു

മല്ല. എന്നാൽ ഇവിടെ ഇടമറുകിന് സംഭവിച്ചത് വാ മൊഴിയിലെ പരസ്പര വൈരുദ്ധ്യമാണ്. ഇത് ഖണ്ഡിതമായും സ്കിസോഫ്രേനിയയുടെ അടയാളവുമാണ്. യഥാർത്ഥത്തിൽ ഇടമറുകിനുള്ള രോഗം അയാൾ തന്നെ പറഞ്ഞു.

അതിൽ നമുക്ക് അയാളോട് പരിതപിക്കാം. അല്ലാതെന്തു ചെയ്യാൻ. ഏതു ചിന്തകനാലും പൂവിട്ട് മാനിക്കപ്പെടുന്ന ഏറ്റവും വലിയ മനുഷ്യൻ. മനുഷ്യനാണെന്ന് പറയാമെന്നേയുള്ളു. മനുഷ്യത്വത്തിന് നേടാനാകുന്നതിനപ്പുറം സ്വായത്തമാക്കിയ അന്യൂനമായ വ്യക്തി മനോരോഗിയെങ്കിൽ മനോരോഗം ഒരു മഹത് ഗുണം തന്നെ. ശങ്കക്ക് വകയേ ഇല്ല.

## <u>പ്രവാചകരോടുള്ള സമീപനം</u>

وماارسلنا من رسول الا ليطاع بإذن الله فلا وربك
لايئممنون حتى يحكموك فيما شجربينهم ثم لم يجدو
في انفسهم حرجا مماقضيت ويسلمو تسليما

പ്രവാചകന്മാരോടുള്ള സമീപനത്തിന്റെ വ്യക്തമായ ഒരു രൂപമാണ് ഖുർആൻ ഇവിടെ പഠിപ്പിക്കുന്നത്. പ്രവാചകന്മാർ അഖിലവും നിയുക്തരായത് അല്ലാഹുവിന്റെ കൽപനാക്കനുസരണമായിട്ടാണ്. ആയതിൽ അവരുടെ ചലനങ്ങളും നിശ്ചലനങ്ങളും, വാക്കുകളും, പ്രവർത്തികളും അല്ലാഹു അംഗീകരിച്ച മാതൃകകളാണ്. അല്ലാഹുവിന്റെ ദൂതരെന്ന നിലയ്ക്ക് അവരെ അനുസരിച്ചാൽ അവനെ അനുസരിക്കുന്നതിന്റെ ഭാഗമാണ്. ഖുർആൻ അതും പ്രഖ്യാപിക്കുന്നു.

من اطاع الرسول فقداطاع الله

അവരോടുള്ള അവഗണന അല്ലാഹുവിനോടുള്ള അവഗണനയാണ്. രണ്ടു രാജ്യങ്ങൾക്കിടയിൽ ഘോരഘോരങ്ങളായ യുദ്ധങ്ങൾ നടക്കാനുള്ള കാരണം ഒരു ദൂതനെ മറ്റൊരു രാഷ്ട്രക്കാർ ആക്രമിച്ചു എന്നതിനാലായിരുന്നു. അല്ലെങ്കിൽ സന്ദേശം പിച്ചിക്കീറി കളഞ്ഞതിനാലായിരുന്നു. അല്ലാഹു നമ്മിലേക്കയച്ച അവന്റെ ദൂതരത്രേ പ്രവാചകന്മാർ. അവരെ അവഗണിച്ചാൽ റബ്ബും യുദ്ധം പ്രഖ്യാപിക്കുന്നു.

من عادا لي وليافقد آذنته بالحرب

ആരെങ്കിലും എന്റെ വലിയ്യിനോട് ശത്രുതവെച്ചാൽ ഞാൻ അവരോട് യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു. പ്രവാചകന്മാരുടെ ഒരു സുന്നത്തിനെ പരസ്യമായി അവഹേളിക്കലും, അവഗണിക്കലും ദീനിൽനിന്ന് പുറത്തുപോകാൻ വകയൊരുക്കുന്നതാണ്. പ്രവാചകരുടെ വിധി, എത്ര വേദനാജനകമായാലും അതിൽ തൃപ്തിപ്പെടുന്നതുവരെ വിശ്വാസം പൂർത്തിയാകുന്നതല്ല, 'ഖുർആൻ'.

അക്ഷരാർത്ഥത്തിൽ പ്രവാചകനോടും ഖുർആനോടും നീതി പുലർത്തണം എന്നതിനർത്ഥം അല്ലാഹുവിനോട് നീതി പുലർത്തണമെന്ന് തന്നെയാണ്. അത് ഒരു മാനസിക ശാസ്ത്ര സമീപനമല്ലേ.

## മറ്റു പ്രവാചകന്മാർ

كلّ آمن بالله وملائكته وكتبه ورسله

ഖുർആൻ പറയുന്നത് മുഹമ്മദ് നബിയെ കൊണ്ടുമാത്രം വിശ്വസിക്കാനല്ല. മറിച്ച് അല്ലാഹു റസൂലായി അയച്ച ഏവരെയും കൊണ്ട് വിശ്വസിക്കാനാണ്. ഒരാളെ നിഷേധിച്ചാൽ തന്നെ ഇസ്‌ലാമിന്റെ നാലുകെട്ടിൽ നിന്ന് അവൻ പുറത്താണ്. ഒരു നബിയെ നിഷേധിച്ചവരെ കൊണ്ടെല്ലാം ഖുർആൻ പറഞ്ഞത് അവർ പ്രവാചകരെ നിഷേധിച്ചു എന്നാണ്. കാരണം അവരുടെ ആശയ പൊരുത്തമാണ്. ഏവരും ഒരേ വിശ്വാസത്തിന്റെ പ്രചാരകരും വക്താക്കളുമായിരുന്നു. അപ്പോൾ ഒരാളെ നിഷേധിക്കൽ എല്ലാവരെയും നിഷേധിക്കലാകും. മറ്റു പ്രവാചകന്മാരിലെ ചില വസ്തുക്കൾ കൂടി നമുക്ക് കാണാം.

## ഈസാ നബിയുടെ ജനനം

തർക്കവിതർക്കങ്ങൾക്കും ചർവ്വിത ചർച്ചകൾക്കും വിധേയമായ ഒന്നാണിത്. പിതാവിനെ കാണാത്തതിൽ പിതൃത്വം ദൈവത്തിലേക്ക് വിളിച്ചവരുണ്ട്. മറിയം ബീവിയുടെ ചാരിത്ര്യശുദ്ധിയെ ചോദ്യം ചെയ്തവരുമുണ്ട്. ഇതിലെ മുസ്‌ലിം വിശ്വാസത്തിന്റെ യുക്തി എന്തു പറയുന്നു. കണ്ടെത്തലുകൾ എന്ത് സ്വീകരിക്കുന്നു. സർവ്വാധിനാഥനും സംവിധായകനും സകലതിനെയും നിസ്സരിച്ചവനുമായ റബ്ബിന് ഒരു മാതാവും പിതാവും ഇല്ലാതെ കുട്ടിയെ സൃഷ്ടിക്കൽ നിസ്സാരമാണ്. അവന്റെ 'കുൻ' എന്ന കൽപനയോടെ ഉണ്ടാവുകയായി. മുസൽമാനതിൽ അത്ഭുതമേ ഇല്ല.

ഇനി ലോകത്തുള്ള ക്രമീകരണങ്ങൾക്കൊക്കെ അപവാദങ്ങളുണ്ട്. അത് പോലെ എന്തു കൊണ്ട് ഒരു പെണ്ണിൽ തന്നെ പുംബീജവും അണ്ഡവും ഒരുമിച്ചുകൂടിക്കൂടാ. ആ കുട്ടി ജനിച്ച അവസ്ഥയിൽ വന്ന അപവാദമെന്നേ അതിനെ ബുദ്ധികൊണ്ട് കാണാനാവൂ. അത് ജനിപ്പിച്ച പെണ്ണിനെ അശുദ്ധയാക്കുന്നതോ അസംഭവ്യമോ അല്ല. ഇനി സയൻസ് ഈ വിഷയം സംസാരിക്കട്ടെ. പിതൃ ബീജത്തിന്റെ സങ്കലനം കൂടാതെ തന്നെ കന്യക ഗർഭം ധരിക്കുകയും അന്യൂനമായ ശിശുജനനം നടക്കുന്നതുമായി ഡോക്ടർ ജോർജ്ജ്ഗ്ലാർ എഴുതിയ ഗ്രന്ഥം ഇങ്ങനെ പറയുന്നു. "ഉയർന്ന ചാരിത്ര്യ ശുദ്ധിയുടെ യുക്തമായ ഒരു ബാലികക്ക് പുറമെ നിരവധി കന്യകകളിൽ നിന്നും പിതൃരഹിത ബീജ സങ്കലനത്തിൽ ജനിച്ച കുട്ടികളുടെ ചരിത്രം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്." ശാസ്ത്ര ലോകത്തെ ഉന്നത പ്രസിദ്ധീകരണമായ 'ലാൻസർ' പറയുന്നു. The off spring of parthegenisis would be a female or less probably an abnormal male. പുരുഷ ബന്ധമില്ലാതെ സ്ത്രീയിൽ നിന്നു ജനിക്കുന്ന കുട്ടി പെണ്ണായിരിക്കും അധികം, ആൺകുട്ടി പിറന്നാൽ അത് അതീവ ബുദ്ധിമാനും കഴിവുള്ളവനുമായിരിക്കും. ഇവിടെ ശാസ്ത്രം സ്ഥിരീകരിക്കുന്നത് ഈസാ നബിയുടെ ജനനത്തെക്കുറിച്ചുള്ള ശാസ്ത്രീയ നിദർശനമാണ്. അപ്പോൾ പണ്ട് മറിയം ബീവിയെ അശുദ്ധരാക്കിയവർ എവിടെ പോകുമോ ആവോ?

ഇത് സാധ്യമാണെന്ന് കരുതി ഏതു കന്യകൾക്കും തോന്ന്യവാസം കാട്ടാൻ വകുപ്പില്ല. അറിയാനുള്ള കണ്ടെത്തലുകളും ശാസ്ത്രത്തിനുണ്ട് മാതാവിൽ നിന്നു മാത്രം ജനിക്കുന്ന കുട്ടിക്ക് മാതാവിന്റെ അതേ ഗ്രൂപ്പ് രക്തമായിരിക്കും ഉണ്ടാവുക.

ക്ലോണിംഗ് യുഗമായ ഇന്ന് ഇത് തീർത്തും വിശ്വാസ്യമാണ്. ഒരു മനുഷ്യന്റെ എവിടെ നിന്നെങ്കിലും ഒരു കോശമെടുത്തു പണിതൊപ്പിക്കുന്ന വിക്രിസാണിത്. വ്യക്തിശുദ്ധിയെ ആശ്രയിച്ച് സ്ത്രീകളിൽ നിന്നുള്ള സ്വന്തം ജനനം തന്നെ പാരമ്പര്യത്തെ ചോദ്യം ചെയ്യപ്പെടുമ്പോൾ ക്ലോണിംഗിലൂടെ ചില തന്തയും തള്ളയുമില്ലാത്ത സന്തതികളെ ഉണ്ടാക്കിയാൽ ഗതി എന്തായിരിക്കും.

അല്ലാഹുവിന്റെ ഖുദ്റത്തിനാൽ അവന്റെ ദാസിയായ മർയമിൽ നിന്ന് അല്ലാഹു സൃഷ്ടിച്ച മഹാത്മാവാണ് ഈസ(അ) പാപ സുരക്ഷിതരായി ഇന്നും ഉപരി ലോകത്ത് ജീവിക്കുന്നവരുമാണ്. അന്ത്യദിനമടുക്കുമ്പോൾ ഈ ലോകത്തേക്ക് തന്നെ ഇറങ്ങി വരികയും ബഹു

മാനാക്കപ്പെട്ട നബി(സ) യുടെ ശരീഅത്തനുസരിച്ച് പ്രബോധനം നടത്തുകയും ഇസ്‌ലാമിക നേതൃത്വം ഏറ്റെടുക്കുകയും ചെയ്യും. ഈസാ നബി വധിക്കപ്പെട്ടു എന്ന വാദം വാദിക്കുന്നവർക്ക് തന്നെ ഉറപ്പിക്കാനാവാത്തതും യാഥാർത്ഥ്യത്തോട് തീരെ നിരക്കാത്തതുമാണ്. വിരോധാഭാസങ്ങളുടെ മൂർത്തിമദ്ഭാവങ്ങളായ ക്രിസ്ത്യനികൾ ഈസായെ അംഗീകരിച്ച് അല്ലാത്തവരെ നിഷേധിക്കുന്നു. മുസ്‌ലിംകൾ എല്ലാ പ്രവാചകന്മാരെ കൊണ്ടും വിശ്വസിച്ചംഗീകരിക്കുന്നു.

പ്രവാചകരുടെ ജന്മ ശുദ്ധിയിൽ പൂർണ്ണമായി വിശ്വസിച്ചു തന്നെ.

## പ്രവാചകന്മാരും അവതാര സങ്കൽപ്പവും.

മാനവ ലോകത്തെ നേർവഴിക്ക് തിരിക്കുവാൻ അവരുടെ ഇടയിൽ സ്ഥൂലമായ ഭൗതിക ദേഹം കൈകൊണ്ട് വിഷ്ണു വിഹരിക്കാറുണ്ട് എന്നതാണ് അവതാര സങ്കൽപത്തിന്റെ പൊരുൾ. നാം താഴെ നിന്ന് എന്തായി വികസിക്കണമോ അതിനെ ഐശ്വര്യ ശക്തി മുകളിൽ നിന്ന് ആവിഷ്ക്കരിച്ച് വിവരിക്കുന്നു. (തത്വവും, മനുഷ്യനും. അഴീക്കോട്) ഹിന്ദു വിശ്വാസ പ്രകാരമുള്ള അവതാര സങ്കല്പത്തെക്കുറിച്ചാണിത് പറഞ്ഞത്. എന്തിനായി ഇവരെ നിയോഗിച്ചു എന്നതിന് അവർ തന്നെ പറയുന്നു.

"യദാ യദാ ഹി ധർമ്മസ്യ
ഗ്ലാനിർഭവതി ഭാരത
അഭ്യുത്ഥാനമധർമ്മസ്യ
തദാത്മാനം സൃജാമ്യഹം
പരിത്രാണായ സാധൂനാം
വിനാശായ ച ദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ
സംഭവാമി യുഗേയുഗേ..." (ഭഗവത് ഗീത)

ധർമ്മം അപജയിക്കുകയും അധർമ്മം അതിജയിക്കുകയും ചെയ്യുമ്പോഴെല്ലാം ഞാൻ ജന്മമെടുക്കുന്നു. സജ്ജനങ്ങളെ പിൻതുണക്കാനും ദുർജ്ജനങ്ങളെ നശിപ്പിക്കാനും യുഗംതോറും ഞാൻ അവതരിക്കുന്നു.

ഇനി വിശ്വാസത്തെക്കുറിച്ചൊരു അപഗ്രഥന പഠനം നടത്താം. അവതാരങ്ങൾ എന്ന അദ്ധ്യായത്തിന്റെ തുടക്കത്തിൽ തന്നെ അഴീ

കൊണ്ട് എഴുതുന്നു. ആധുനിക മനസ്സിനാംഗീകരിക്കുവാൻ അതി വിശിഷ്ടമായ ആർഷ ദർശനങ്ങളിൽ ഒന്നാണ് അവതാര സങ്കല്പം. (അരവിന്ദ ഘോഷ്) ഇതിൽ നിന്നു തന്നെ അവതാരങ്ങളുടെ പ്രയോക്തിയും പ്രസക്തിയുമാണ് മനസ്സിലാകുന്നത്. തുടർന്ന് ഭഗവത് ഗീത പറഞ്ഞത് നോക്കൂ. ദുഷ്കർമ്മികളെ നശിപ്പിക്കാനാണ് ഞാൻ അവതരിക്കുന്നത്. എന്നാൽ വിശുദ്ധ പ്രവാചകന്മാർ ദൈവത്തിലേക്ക് ക്ഷണിക്കുവാനും വരുന്നവർക്ക് സന്തോഷവാർത്തക്കാരനായും നിഷേധികൾക്ക് ഭയപ്പെടുത്തി അറിയിക്കാനുമാണ് നിയുക്തരായതും.

بشيرا ونذير وداعيالي الله

ദൈവം മനുഷ്യരൂപം പ്രാപിച്ചുവരുന്നു എന്നാണ് അവതാര സങ്കല്പം. എന്നാൽ അതിലെ അസാംഗത്യം സാധാരണ ബുദ്ധിക്കുൾക്കൊള്ളാവുന്നതേയുള്ളൂ. താൻ ഇച്ഛിച്ചത് പോലെ എന്തും ചെയ്യാവുന്ന ദൈവം രണ്ട് പാതകൾക്കിടയിൽ പിടിച്ചു വിലക്കപ്പെടുന്ന മനുഷ്യന് മാതൃകയാവുകയോ ? ദൈവം മനുഷ്യ രൂപം പ്രാപിക്കുന്നു. ഇതെന്ത് വിരോധാഭാസം. അൽപജ്ഞാനിയും അശക്തനുമായ മനുഷ്യ തസ്തികയിലേക്ക് ദൈവം തരം താഴുന്നു. ഛെ എന്തൊരു ദൈവം! തെറ്റിലേക്ക് ജനസമൂഹം പോകുമ്പോൾ നല്ലവരെ രക്ഷിക്കാനായ് മനുഷ്യനെ ദൈവ തസ്തികത്തിലേക്കുയർത്തി എന്നു പറഞ്ഞാൽ ഇതിനെക്കാൾ ഭേദമായിരുന്നു. എന്തായാലും ഇസ്ലാമിന്റെ പ്രവാചകന്മാർ അവർ ദൈവാവതാരങ്ങളോ ദൈവ സന്താനങ്ങളോ അല്ല. ദൈവത്തിന്റെ ഭാഗമോ അല്ല തന്നെ. ഖുർആൻ പറയുന്നു.

اذ بعث فيهم رسولا من انفسهم يتلوعليهم آياتي الخ

മനുഷ്യരിൽ നിന്നു തന്നെ മനുഷ്യർക്ക് സന്മാർഗദർശകരായി നാം ആളെ നിശ്ചയിച്ചു. ഹാ! എത്ര അർത്ഥവത്തായ സങ്കല്പം ആവശ്യമായ പ്രക്രിയ. മനുഷ്യനിൽ നിന്നു തന്നെ മാനുഷികതയുടെ യാതനയും വേദനയും വേലിയേറ്റവും വേലിയിറക്കവും അറിയുന്ന പ്രവാചകൻ. മനുഷ്യബുദ്ധിക്ക് ഇതിനെ അംഗീകരിക്കാൻ ബുദ്ധി മോശമെവിടെ? ഇക്കാരണങ്ങളാൽ തന്നെ ഹിന്ദു നവോത്ഥാന നായകർ തന്നെ ഈ വിഷയം കാര്യമായി കൈകാര്യം ചെയ്തതായി കാണാം.

പ്രപഞ്ചത്തിന്റെ അധിപനായ ദൈവം ദുർബലന്മാരും പ്രബല

മാരും തമ്മിലുള്ള അന്തരം കണ്ടിട്ട് ശ്രീരാമനായി അവതരിച്ചുവെന്ന് ഹിന്ദുക്കൾ പറയുന്നു. കബീർ പറഞ്ഞു ജനിക്കുകയും മരിക്കുകയും ചെയ്യുന്ന നാരതന്മാരുടെ മുന്നിലും ശിരസുകുനിക്കാൻ പാടില്ല. ആളുകൾ പറയുന്ന ദശാവതാരവുമായി എനിക്ക്യാതൊരു ബന്ധവുമില്ല. (ഭാരതീയ ചിന്തയിൽ കെ.ദാമോദരൻ ഡോ.തരകനിൽ നിന്നുദ്ധരിച്ചത്) സർവ്വ വ്യാപിയായ ദൈവത്തിന് അവതാരത്തെ നിർണ്ണയിച്ചുകൂടാ.

ദശാവതാരങ്ങൾ അസംഖ്യമാണെന്നു പറയുന്നവരും കുറവല്ല. ഇരുപത്തി ആറ് അവതാരങ്ങളെ സ്ഥിരപ്പെടുത്തിയ ഹിന്ദു വേദങ്ങളും കാണാം. ഇതിനെ പിൻ പറ്റി ചില മുസ്ലിം പണ്ഡിതരെന്ന നാമധാരികൾ, കൃഷ്ണനെയും, രാമനെയും വ്യഗ്രത പൂണ്ട് അവരുടെ പേരിനൊപ്പം (അ) എന്ന് ചേർത്തു കൊടുത്തിട്ടുണ്ട്. ഹിന്ദു വിശ്വാസ പ്രകാരം അറിയപ്പെടുന്ന ഒരു കൃഷ്ണൻ ഇസ്ലാമിൽ നബിയായി വന്നിട്ടില്ല തന്നെ. അതിനാൽ അവരുടെ പേരിനൊപ്പം (അ) ചേർക്കുന്നത് നിഷിദ്ധമാണ്. മുസ്ലിം ലോകത്തിൽ പ്രവാചകരാകാൻ സാധ്യതയുണ്ടെന്ന് സൂചനയുള്ളവരെ പോലും നബിയാണെന്ന് ഉറപ്പിച്ച് പറഞ്ഞിട്ടില്ല.

1) ذوالقرنين

ദുൽഖർനൈനിയെക്കുറിച്ച് പ്രധാനമായും ഏഴ് അഭിപ്രായങ്ങളാണ് ഖുർആൻ വ്യാഖ്യാതാക്കൾ നൽകിയത്. അതിൽ ചിലർ നബിയാണെന്നും പറഞ്ഞിട്ടുണ്ട്. പക്ഷെ ആ അഭിപ്രായ വ്യത്യാസം മാനിച്ച് നബി എന്ന് മുസ്ലിം ലോകം ഉപയോഗിക്കാറില്ലതന്നെ. ഖുർആനിലെ പ്രയോഗത്തിന്റെ പിൻബലം തേടിയാണ് വ്യാഖ്യാതാക്കൾ അങ്ങനെ ഒരഭിപ്രായം പ്രകടിപ്പിച്ചത്. ലോകത്തെ അടക്കി ഭരിച്ചവരിൽപ്പെട്ട ആളാണ് ദുൽഖർനൈനി. ഇതിനാൽ തന്നെ ഭൂരിഭാഗം പേരും ഇതിനുദ്ദേശം അലക്സാണ്ടർ ആണെന്നും പറഞ്ഞു. എങ്കിൽ അത് പ്രവാചകനാകുകയില്ല.

തുബ്ബഉം, ഖിള്റും തുടങ്ങിയവരും നബിമാരാണോ എന്നതിൽ അഭിപ്രായഭിന്നതകൾ ഉണ്ട്. ഖിള്ർ(അ) വലിയ്യാണെന്നാണ് പ്രബലാഭിപ്രായം.

## മുഹമ്മദ് (സ)

പ്രവാചകന്മാരിലുള്ള വിശ്വാസം പറയുമ്പോൾ നബി(സ)

യെക്കുറിച്ചെഴുതാതെ അവസാനിപ്പിക്കാൻ പറ്റില്ല. നബി(സ)യെക്കുറിച്ചും അവിടുത്തെ വ്യക്തിത്വത്തിന്റെ പ്രഭയെക്കുറിച്ചും അറിഞ്ഞിരിക്കൽ അനിവാര്യമാണ്. മറ്റു പ്രവാചകരിൽ നിന്നും വ്യതിരിക്തമായി പൂർണ്ണമായും മുന്നറിയിപ്പേകിയ ശേഷമാണ് നബി(സ) പ്രവാചകനായി വന്നത്. അവിടുത്തെ വ്യക്തിത്വം ആരാലും പ്രശംസിക്കപ്പെട്ടതും ശത്രുക്കൾ തന്നെ മഹത്തരമായി കണ്ടതുമായിരുന്നു. ആനുകാലികതയുടെ അഴുക്കു പുരളാതെ തീർത്തും അകന്ന് നിന്ന് ധർമ്മത്തിന്റെ ചെങ്കോൽ വഹിക്കാൻ പരിപക്വത നേടുന്നതായിരുന്നു നബി(സ) യുടെ ബാല്യം. മുന്നറിയിപ്പുകൾ പ്രവാചക നിയോഗത്തിന്റെ പ്രസക്തിയാണ്. മറ്റുള്ളവരുടെ മുമ്പിലുള്ള അംഗീകാരത്തിന്റെ ചിത്രമാണ്.

## ബൈബിളിലെ നബി

മുഹമ്മദ് നബി(സ) മറ്റു പ്രവാചകരെല്ലാം മുന്നറിയിപ്പ് നൽകിയവരാണ്. പ്രവാചകാഗമനത്തിന് പുറമെ അവിടുത്തെ സ്വഭാവവും വിശേഷണവുമെല്ലാം പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു തന്നെയാണ് തന്റെ ഗുരുവിന്റെ നിർദ്ദേശ പ്രകാരം സൽമാനുൽ ഫാരിസി(റ) നബിയെ കണ്ടെത്തിയത്. ഈസാ(അ) ന്റെ മദ്ഹബ് പ്രകാരം ജീവിച്ച പല ഗുരുക്കന്മാരുടെയും ശിഷ്യനായി അവസാനം തന്റെ ഗുരു പഠിപ്പിച്ച് കൊടുത്തതനുസരിച്ച് അറേബ്യ ലക്ഷ്യമാക്കി നീങ്ങുകയും ഗുരു പറഞ്ഞതനുസരിച്ച് നബിയെ കണ്ടെത്തുകയും ചെയ്തു. നമുക്ക് ബൈബിളിന്റെ മുന്നറിയിപ്പൊന്നു നോക്കാം.

ഞാൻ എന്റെ ആത്മാവ് അയ്യാളിൽ നിക്ഷേപിച്ചിരിക്കുന്നു. അയ്യാൾ ജനങ്ങളുടെ മേൽ നീതി നടത്തും. അയ്യാൾ നിലവിളിക്കില്ല. സ്വരമുയർത്തുകയില്ല, വിശ്വസ്ഥതാപൂർവ്വം നീതി നടപ്പിലാക്കും. ഭൂമിയിൽ നീതി സംസ്ഥാപനം വരെയും പരാജയപ്പെടില്ല നിരാശപ്പെടില്ല. ദ്വീപുകൾ അദ്ദേഹത്തെ കാത്തിരിക്കുന്നു. (യശയ്യാ 42 1-4) നിരവധി പ്രവചനങ്ങളുടെ കേന്ദ്രമായ യെശയ്യാ സുവിശേഷമാണ് ഇത് ഉദ്ദേശിക്കുന്നത്. ഇത് ഈസയുടെ മേൽ വെച്ചുകെട്ടാൻ ശ്രമങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ ഈ ഉദ്ധരണിയെക്കുറിച്ച് ആത്യന്തിക ക്രൈസ്തവ പഠനങ്ങൾ തന്നെ എത്തുന്നത് ഇത് നബിയെക്കുറിച്ച് മുന്നറിയിപ്പായിട്ടാണ്.

നബി(സ)യിലല്ലാതെ മറ്റാരിലും യോജിക്കാത്ത മറ്റൊരു പ്രയോഗമിതാ, എഴുന്നേൽക്കുക പ്രകാശിക്കുക നിന്റെ വെളിച്ചം

എത്തിയിരിക്കുന്നു. കർത്താവിൻ ജ്യോതിസ്സ് നിങ്ങളുടെ മേൽ ഉദയം ചെയ്തിരിക്കുന്നു. എങ്കിലും ഇതാ ഭൂമിയെ ഇരുട്ട് വലയം ചെയ്തിരിക്കുന്നു. ജനപദങ്ങളെ കൂരിരുട്ട് പ്രസാദിച്ചിരിക്കുന്നു. ജനതകൾ നിന്റെ പ്രകാശത്തിലേക്കും രാജാക്കന്മാർ നിന്റെ പുലരി പ്രഭയിലേക്കും വരും. നാലുപാടും നോക്കുന്ന അഖിലവും അരുകിലേക്കഭയം തേടിയെത്തുന്നു.

തമോമയമായ 6-ാം നൂറ്റാണ്ടിൽ പ്രഭാതാർക്കന്റെ പ്രഭയുമായി ഉലകമാകമാനം വെളിച്ചത്തിലുയർത്തിയ പ്രവാചക പ്രവീരൻ മുഹമ്മദ് നബിയല്ലാതെ ഈ വിശേഷണത്തിനർഹനാരാണ്? അറേബ്യൻ ഗോത്രങ്ങളെക്കുറിച്ചും ആട്ടിൻ പറ്റത്തെക്കുറിച്ചും തുടർന്നു പറഞ്ഞ യെശയ്യാ അവലോകനം തീർത്തും നബിയെക്കുറിച്ചാണെന്നതിൽ പക്ഷപാതം പിടിക്കാത്തവർക്ക് പക്ഷാന്തരമുണ്ടാകില്ല.

ഏലിയാവിനെ പ്രതീക്ഷിച്ചു നിൽക്കുന്ന ജനങ്ങളോട് ഞാൻ ഏലിയാവല്ല എന്നാണ് യോഹന്നാൻ സ്നാപകൻ പറഞ്ഞത്. (മത്തായി (11:14, 17:12) ലൂക്കോസ് (1:16, 17) ശീലോഹ് വന്നു ചേരും വരെ അധികാര ദണ്ഡ് അവനിൽ നിന്ന് വിട്ടുപോകില്ല. ജനതകൾ അവനെ അനുസരിക്കും. (49:10) യാക്കോബ്.

മേൽ ഉദ്ധരണികളിൽ പ്രയോഗിച്ച ഏലിയാവും ശാലോനും മുഹമ്മദ് നബി(സ) ആണെന്ന് ബെഞ്ചമിൻ കെൽദാനിയും മറ്റും സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

ഇങ്ങനെ എണ്ണമറ്റ ഉദ്ധരണികൾ കൈകടത്തലുകൾക്ക് ശേഷവും ഇന്നും ബൈബിളുകളിൽ നിലനിൽക്കുന്നു. പുതിയ നിയമത്തിൽ കാണാം. ഇനിയും പലതും പറയുവാനുണ്ട് പക്ഷെ നിങ്ങൾക്ക് വഹിപ്പാനൊക്കത്തില്ല, കാര്യസ്ഥൻ വരും കാര്യങ്ങൾ വിശദമായി പറഞ്ഞു തരും. അവൻ സ്വയമായി ഒന്നും സംസാരിക്കത്തില്ല. ഈ പ്രയോഗം കൊണ്ട് ഉദ്ദേശിക്കപ്പെടാൻ നബിയെക്കാൾ യോജിച്ച ആരും ഉലകത്തിൽ ഉണ്ടായിട്ടില്ല.

ഖുർആൻ പറയുന്നു, لتبين للناس താങ്കൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കാൻ. ഇതേ അർത്ഥം തന്നെയാണ് വിശദമായി പറഞ്ഞുതരും എന്ന ബൈബിൾ പ്രയോഗം.

وماينطق عن الهوي ان هوالاوحي يوحي

സ്വയമായി ഒന്നും പറയില്ല, വഹ്‌യിലൂടെയേ സംസാരിക്കുകയുള്ളൂ. ഇതേ പ്രയോഗമത്രേ ബൈബിളിലും നടത്തിയത്. അവൻ

സ്വന്തമായി ഒന്നും പറയത്തില്ല.

ഈസാ നബിയും, മൂസാ നബിയും പറഞ്ഞകാര്യങ്ങളാണ് മേൽ ഉദ്ധരിണികൾ ഉത്ബോധിപ്പിക്കുന്നത്. എന്നാൽ ഭാരതത്തിന്റെ ഇട്ടാവട്ടത്തിലുള്ള ഹിന്ദു സന്യാസിമാരും, മുനിമാരും നബിയെ പറയാതെ വിട്ടിട്ടില്ല.

## നബി വേദങ്ങളിൽ

"അഹ്മിധിപിതു പരിമേധം വ്യത്യസ്താനുഗ്രഹ
അഹം സൂര്യ ഇവാജനി "   (സാമവേദം)

അഹ്മിധിന് പിതാവിൽ നിന്ന് വേദജ്ഞാനം ലഭിച്ചു. ഈ വേദജ്ഞാനങ്ങളൊക്കയും തത്വം നിറഞ്ഞതാണ്. സൂര്യനിൽ നിന്നെന്ന പോലെ അവരിൽ നിന്ന് ഞാൻ പ്രകാശം സ്വീകരിക്കുന്നു. അഹ്മിധി-എന്നതുകൊണ്ടുള്ള ഉദ്ദേശം അഹ്മദ് ആണെന്നും പിതാവ് കൊണ്ടുള്ള ഉദ്ദേശം ജഗത് പിതാവാണെന്നുമാണ് വ്യാഖ്യാന പക്ഷം. വേദജ്ഞാനം കൊണ്ടുള്ള ഉദ്ദേശം ഖുർആനുമത്രേ. ഈ വ്യാഖ്യാനങ്ങളനുസരിച്ച് ഇത് നബി(സ)യെക്കുറിച്ച് തന്നെയാണെന്ന് നിജപ്പെടുത്താം. മാത്രമല്ല ഈ പറഞ്ഞതിന് ശേഷം ഒരു വേദ ഗ്രന്ഥമെന്ന് പറയാൻ മാത്രം പുതുതായി രംഗത്ത് വന്നത് ഖുർആനെയുള്ളൂ എന്നും ചേർത്തു വായിച്ചാൽ ഈ വസ്തുത വെളിപ്പെടുന്നതാണ്. മേൽ സൂക്തത്തിൽ ഇതല്ലാതെയുള്ള അർത്ഥങ്ങൾ വേദ പണ്ഡിതന്മാർ തന്നെ ലക്ഷ്യം തള്ളിയിട്ടുണ്ട്. ഇനി അഥർവ്വ വേദത്തിലേക്ക് നോക്കാം.

"ഇദം പടനോ ഉപശ്രുത നരാശംസസ്തവിഷ്യതേ
ഷഷ്ടിം സഹസ്രാനവതിംച കൗരമ അരുടെ മേഷ്ദദ്മഹേ
ഉഷ്ട്രായസ്യ പ്രവാഹിണോ വധുമന്തോദ്വിർദശ
വർഷ്മാ രഥസ്യം നി ജിഹീഡതേ ദിവ ഈഷമാണോ ഉപാസ്പൃശ:
ത്രീണി ശതാന്യവർതാം സഹസ്രാദശ്ലോനാം" (സൂക്തം 27)

ഓ ജനങ്ങളെ നിങ്ങൾ ബഹുമാന പുരസ്സരം ശ്രദ്ധിക്കുക. സ്തുത്യർഹനായവൻ വാഴ്ത്തപ്പെടും. അറുപതിനായിരത്തിതൊണ്ണൂറ് ശത്രുക്കളുടെ മധ്യത്തിൽ നിന്ന് നാം അദ്ദേഹത്തെ സ്വീകരിക്കും, അദ്ദേഹത്തിന്റെ വാഹനം 20 പെൺ ഒട്ടകങ്ങളായിരിക്കും സ്വർഗ്ഗം വരെ അവന്റെ പ്രശസ്തി ഉയരും അവൻ മാമാഋഷിക്ക് മുന്നൂറ് അറബിക്കുതിരകളും പതിനായിരം പശുക്കളും നൽകും.

ഇതിലെ സംബോധന ഉലകത്തിനൊന്നാകെയാണ്. ആയ ത്തിൽ തന്നെ തുടർന്ന് പറയുന്നത് ഉലകരെല്ലാം അറിയേണ്ട വസ്തു തയാണെന്നായി അതിനർത്ഥം. സ്തുത്യർഹൻ എന്ന് ഭാഷാന്തരം ചെയ്യപ്പെട്ട 'നരാശംസ' എന്ന സംസ്കൃതപദം മുഹമ്മദ് എന്നതി നോടല്ലാതെ പൂർണ്ണമായും താദാത്മ്യത പുലർത്തുന്നില്ല.

അഥർവ്വവേദ കാലശേഷം വാഴ്ത്തപ്പെട്ട ഒരാൾ നബിയാകാൻ ഉന്നതനായി വന്നിട്ടില്ല തന്നെ. അതിനാൽ തന്നെ മുഹമ്മദ്(സ) വാഴ്ത്തപ്പെടുമെന്നേ ആകാൻ വകുപ്പുള്ളൂ. മക്കായിലെ ജനസംഖ്യ 60,000 ത്തിനും 70,000 ത്തിനിം മദ്ധ്യേയായിരുന്നു എന്ന ചരിത്ര യാഥാർത്ഥ്യമാണ് ഈ അഥർവ്വം ഘോഷിക്കുന്നത്. ഒട്ടകം വാഹനമായി ഉപയോഗിക്കും എന്ന് പറഞ്ഞതിൽ നിന്നും അത് ഒരു ഇന്ത്യാ ക്കാരനാകാൻ വകുപ്പില്ലാ എന്നതിലുപരി അറേബ്യക്കാരനാകാനെ വകുപ്പുള്ളൂ. ഹിന്ദു നിയമപ്രകാരം ഒട്ടകയാത്ര നിഷിദ്ധവുമത്രേ. ഒട്ട കപ്പുറത്തോ കഴുതപ്പുറത്തോ യാത്ര ചെയ്യുന്നതും നഗ്നമായി സ്നാനം ചെയ്യുന്നതും ബ്രാഹ്മണനെ അശുദ്ധനാക്കും (മനുസ്മൃ തി). സ്വർഗം വരെയെത്തും എന്ന സൂചന മിഅ്റാജിലേക്കും 'ദശ ശ്രേഷ്ഠാം' എന്നത് അശറത്തുൽ മുബശ്ശിറീൻ ആകാനുമേ സാദ്ധ്യ തയുള്ളൂ. 300 കുതിരകൾ എന്നത് ബദർ യുദ്ധത്തിലേക്കുള്ള സൂച നയും, പതിനായിരം സ്വഹാബത്തുമാണ് ഫത്ഹുമക്കയിൽ ഉണ്ടായി രുന്നത് എന്നതും ഈ സൂക്തത്തെ ആപാദചൂടം പ്രവാചകർ(സ) യെക്കുറിച്ചാണെന്ന് സാക്ഷ്യം വഹിക്കുന്നു.

കൽക്കി അവതാരത്തെക്കുറിച്ച് പറയുന്നത് കാണുക.

"സ്വഛന്ദപ്രോച്ഛൽമ്ലേഛ
തിമിരോത് ഭേദ സഛവി
കൽക്കി വിഷ്ണു പ്രകാശയ
പ്രഭാതർക്ക് ഇവാസ്തുവാ"

നിരന്തരമായ ഇരുളിന്റെ ചുരുളിൽ നിന്ന് വിശ്വത്തെ വിമോ ചിപ്പിക്കുന്ന പ്രഭാതർക്കനെ പോലെ മ്ലേഛ ദോഷം തീണ്ടാത്ത ശാന്ത സുന്ദരമായ ഒരു ലോകത്തിന്റെ ഉദയത്തെ നമ്മെക്കൊണ്ട് ഈ കൽക്കി സങ്കൽപം അനുസ്മരിക്കുന്നു.

(അഴീക്കോട്, തത്വവും മനുഷ്യനും. 82)

കൽക്കി അവതാരത്തെക്കുറിച്ച് വച്ചുപോരുന്ന കെട്ടുകഥക ളുടെ 'ഹോൾസയിൽ' ഓർഡർ ഒന്നായി പേറുകയല്ലാ ഇവിടെ മറിച്ച് ജഗന്നാഥപാടുകൾ പറഞ്ഞ ചില വസ്തുതകളും വാചകാർത്ഥത്താര

ങ്ങളിൽ അന്തർലീനമായി കിടക്കുന്ന യാഥാർത്ഥ്യ ധ്വനികൾക്ക് ഒച്ച കൊടുക്കുകയുമാണിവിടെ ചെയ്യുന്നത്. കൽക്കി അവസാന അവതാരമാണ്. നമ്മുടെ പ്രവാചകൻ അന്ത്യ പ്രവാചകനും. കൽക്കി പിതാവിന്റെ നാമം 'വിഷ്ണുയശസ്' 'എന്നാണ്. ഇതിന്റെ അറബി ഭാഷാന്തരമത്രെ 'അബ്ദുല്ല.' കൽക്കിയുടെ മാതാവിന്റെ പേരായ 'സുമതി' 'ആമിന' എന്നതിന്റെ സംസ്കൃതീകരണമാണ്. പരുശുരാമനിൽ നിന്ന് മലയിൽ വച്ചു ദിവ്യസന്ദേശം സ്വീകരിക്കുമെന്നുമുണ്ട്. ജിബ്രീലും പരശുരാമനും പദാർത്ഥസാമ്യം ഉള്ളതിന് പുറമെ മലയിൽ വെച്ചാണ് നബി സ്വീകരിച്ചതും. ആകാശാരോപണത്തെ പറ്റിയും പ്രവാചകരുടെ നാല് ഖലീഫാമാരെക്കുറിച്ചും നബിയുടെന പിതാവ് ജനിക്കുന്നതിന് മുമ്പ് മരിക്കും എന്നീ മുന്നറിയിപ്പുകൾ നമ്മുക്ക് വരച്ചുകാട്ടുന്നത് നബി(സ)യെക്കുറിച്ചുള്ള ഒരു പൂർണ്ണ പരിചയപ്പെടുത്തലാണ്. മേൽ ഉദ്ധരിച്ചത്പോലെയുള്ള ആരും അവതരിച്ചിട്ടില്ല നബിയല്ലാതെ. ലോകോത്തമവും ഉത്തരവുമായ ഒരു പ്രത്യയശാസ്ത്രത്തിന്റെ പ്രബോധകനും പ്രചാരകനുമായി ഒരാൾ വരുമെന്നതിന് മതിയായ മുന്നറിയിപ്പുകൾ വേദ ഗ്രന്ഥങ്ങളിലും കഴിഞ്ഞു പോയ പ്രവാചക സന്ദേശങ്ങളിലും കാണുന്നു. ഉദ്ധൃത ലക്ഷണങ്ങളൊത്ത ഒരാള് നബിക്കുപുറമെ വന്നിട്ടില്ല തന്നെ. ഓ! മാന്യ മഹാജനങ്ങളെ കൽക്കി അവതാരം വന്നു കഴിഞ്ഞു. മസീഹ് മുന്നറിയിപ്പ് നൽകിയ പുണ്യാത്മാവ് എത്തി കഴിഞ്ഞു. അദ്ദേഹം കൊണ്ടുവന്ന ആശയം സമ്പൂർണ്ണവും, അന്യൂനവും, അതിയുക്തവുമാണ്. അതിന്റെ നിതാന്ത ഹരിതമായ മട്ടുപ്പാവിൽ ഇരുന്ന് അനശ്വരമായ സ്വർഗവാസം തേടാൻ ആ ചന്ദ്രതമമായ അല്ലാഹുവിന്റെ പുണ്യദർശനം നടത്താൻ വിശ്വാത്തരമായ വിശുദ്ധ ഇസ്ലാമിന്റെ മഹത്തായ നാലുകെട്ടിലേക്ക് കടന്നുവരിക. നിർബന്ധമില്ലിവിടെ. പിടിച്ചുവലികളോ കർക്കശ്യതയോ നമ്മുടെ മുഖമുദ്രയല്ല. വേണമെങ്കിൽ കടക്കാം. കടന്നാൽ അനശ്വരമായ വിജയത്തിന്റെ അതി ബൃഹത്തായ പാതയായിരിക്കുമത്. ഭൗതികലോകത്ത് കുറച്ചധ്യാനിക്കണം. വിശ്വാസ ശുദ്ധിപോലെ കർമ്മശുദ്ധിയും സ്വായത്തമാക്കണം. വരൂ ആർക്കും കടക്കാം തുല്യതയാണ് നമ്മുടെ മുദ്രാവാക്യം. 'സലാം മഅസ്സലാം.' ادخلوها بسلام آمنين.

ഇതായിരുന്നു.

പ്രവാചക ലക്ഷണങ്ങളുടെ, ലക്ഷ്യത്തിലേക്കുള്ള പ്രബോധനം

## സമാപ്തം

മർത്ത്യാധ്വാനത്താൽ എത്തിപ്പെടാവുന്ന തസ്തികയല്ല നബിത്വം. ആയിരത്താണ്ടുകാലം ആചന്ദ്രിതമായി സാഷ്ടാംഗത്തിൽ കിടന്ന് നൊറുംനെറ്റിയിൽ ആമുദ്രിതമായ നിസ്കാരത്തഴമ്പുമായി അദ്ധ്വാനിച്ചാലും പ്രാപിക്കുന്നതല്ല പ്രവാചകത്വം. തന്റെ വിശുദ്ധമായ ഇസ്‌ലാമിന്റെ പരിപൂർണ്ണവും കളങ്കരഹിതവുമായ മുഖം മർത്ത്യ സമൂഹത്തിനെത്തിക്കാൻ അല്ലാഹു തന്നെ തെരഞ്ഞെടുത്തവരാണ് പ്രവാചകന്മാർ. അസാധാരണത്വത്തിന്റെ അസ്തിത്വവുമായി സാധാരണക്കാരിലെ മാതൃകകളായിരുന്നു അവർ. കാലഗതിയുടെ പരക്കംപാച്ചിലും പുരോഗതിയും പരിഗണിച്ച് കാലോചിതമായ തത്വശാസ്ത്രവും അവർ പ്രബോധനം നടത്തി. സർവ്വാർപ്പണത്തിന്റെ ജീവിക്കുന്ന ഉദാഹരണങ്ങളായി അവർ വർത്തിച്ചു. അത്യുല്ലാസത്തിന്റെ ആനന്ദതുന്ദിലമായ 'ഫിർദൗസിൽ' അന്ത്യനാളിൽ അവർ വിരാജിക്കും. പ്രകാശ പൂരിതമായ അർശുകളിൽ അവർ ആസനസ്ഥരാകും. വേദനകളോ, വ്യസനങ്ങളോ, വേവലാതികളോ ഇല്ല. സ്വർഗീയ ദിനരാത്രങ്ങളിൽ അവർ വിശ്വാസികൾക്കൊപ്പമാകും. അന്ത്യനാളിന്റെ ഇടിമുഴക്കത്തിനിടയിൽ ആർദ്രതയില്ലാത്ത വിശ്വാസത്തിന്റെ ഉടമകളായ നമ്മുടെ വിശ്വാസത്തിന് നാഥൻ ആക്കം കൂട്ടിതരട്ടെ. സജ്ജനങ്ങൾക്കൊപ്പം സജ്ജനപൂവനത്തിൽ സമ്മേളിക്കാൻ സർവ്വാധിനാഥൻ വേണ്ടുകയേകട്ടെ.

പ്രവാചകൻ കൊണ്ടുവന്നതായി അറിയപ്പെടുന്നതിലഖിലം കണ്ണും ചിമ്മി നാം വിശ്വസിക്കുന്നു. താത്കാലികവും സങ്കുചിതവുമായ എന്റെ ബൗദ്ധിക മണ്ഡലം അത് അംഗീകരിക്കട്ടെ, അംഗീകരിക്കാതിരിക്കട്ടെ. സ്ഥിരമായ യാഥാർത്ഥ്യത്തിന്റെ വൈകി വരുന്ന ഏടുകളും കഴിഞ്ഞുപോയ തുറയും അഖിലം എനിക്ക് ഗ്രാഹ്യമല്ലെന്ന് ഞാൻ വിശ്വസിക്കുന്നു. മൈക്രോ പോയിന്റ് നിയന്ത്രണത്തിൽ നിൽക്കുന്ന അശക്തനും അപക്വനും അപൂർണ്ണനും നിസാരനുമായ വെറുമൊരു മനുഷ്യനായ ഞാൻ ദൈവിക ജ്ഞാനത്തിന്റെ പരിപൂർണ്ണതകൾ കാണണമെന്ന് ആവശ്യപ്പെടുന്നത് ബാലിശ്യമാണ്. ആ ബാലിശത്വത്തിന്റെ ബലിക്കല്ലിൽ നിന്ന് ഞാനെന്റെ മസ്തിഷ്കം വലിച്ചുമാറ്റുന്നു. സന്മാർഗികളായ സജ്ജനങ്ങളുടെ പാതയിൽ അടിച്ചുവീശുന്ന മന്ദമാരുതനിൽ തളർത്തിയിട്ടിരിക്കുന്ന എന്നെ അവർ പോയിടത്തേക്ക് അവരുടെ ഊഷ്മളമായ മന്ദമാരുതൻ തള്ളി

യിട്ടേക്കും. പ്രതീക്ഷയുടെ വാതായനങ്ങളാണ് പ്രവാസികളിൽ എനിക്ക് തണലേകുന്നത്. പ്രതീക്ഷയുടെയും ഭയത്തിന്റെയും നടുമുറ്റത്ത് ഞാനെന്റെ ഹൃത്തടം തളച്ചിടാൻ ശ്രമിക്കുന്നു. എന്റെ നാഥൻ പരമാധികാരിയാണ്. ഞാൻ കുറ്റം ചെയ്തവനാണ് ഞാൻ ഭയവിഹ്വലനാണ്. എന്റെ നാഥൻ കാരുണ്യത്തിന്റെ കേന്ദ്രമാണ്. എന്റെ പാപങ്ങൾ വിടുതി ചെയ്യാൻ മതിയായവനാണ്. അവനിൽ തന്നെ ഞാൻ പ്രതീക്ഷ അർപ്പിക്കുന്നു.

പ്രവാചകന്മാർ ത്യാഗത്തിന്റെ തീച്ചൂള ഉരുക്കി കറകളയപ്പെട്ട മഹദ് ദേഹങ്ങളാണ്. അവരെ ഞാൻ പരിപൂർണമായി പിൻപറ്റുന്നു, അംഗീകരിക്കുന്നു. അവർക്കൊപ്പം സജ്ജന പൂവനം പ്രാപിക്കാൻ നാഥാ ഞങ്ങൾക്ക് തുണചെയ്യേണേ.

അദ്ധ്യായം. 7

# അന്ത്യദിനം കൊണ്ടുള്ള വിശ്വാസം

അന്ത്യനാൾ കൊണ്ടുള്ള വിശ്വാസം എന്തിനാണ് ഈമാൻ കാര്യങ്ങളിൽ എണ്ണിയത്. താത്കാലികമായി പടക്കപ്പെട്ട മനുഷ്യൻ സ്വപ്നം കാണുന്നത് അനശ്വരമായ ജീവിതമാണ്. മണ്ണിനുമുകളിൽ മണിമാളിക ഉയർത്തുന്ന വ്യഗ്രതയിലാണവൻ. അവന്റെ നശ്വരതയെ അവൻ മറക്കുന്നു. അങ്ങനെയുള്ള മനുഷ്യനെ അവന്റെ അസ്ഥിരത്വത്തെക്കുറിച്ചും നാളയെക്കുറിച്ചും അവന്റെ നിസ്സാരതയെ സംബന്ധിച്ചും ബോധിപ്പിക്കുകയാണിതിന്റെ പരമമായ അർത്ഥം.

മനുഷ്യനെ ഭൂമുഖത്തേക്ക് പറഞ്ഞയച്ചിട്ട് അവന് നിയമങ്ങളും ചട്ടങ്ങളും നിശ്ചയിച്ചു. എന്നിട്ട് അതിന്റെ റിസൾട്ട് പ്രഖ്യാപനത്തെക്കുറിച്ചും പാരിതോഷികത്തെക്കുറിച്ചും പറയുന്നതിനുള്ള സാംഗത്യവും പ്രായോഗികതയുമാണിവിടെ നിഴലിച്ചു കാണാൻ കഴിയുന്നത്. ഈ ഭൂമുഖത്ത് മിന്നിമറയുന്നതെല്ലാം നീണ്ടു നിൽക്കില്ലെന്നും മിന്നൽപിണരുകളെ കണ്ട് വിളക്കുകത്തികാതിരിക്കേണ്ടതാണെന്നുമാണ് ഈ വിശ്വാസം പഠിപ്പിക്കുന്നത്. ഭൗമിക ജീവിതത്തിൽ വന്നു ഭവിക്കുന്ന മിന്നൽ പിണരുകൾ മനുഷ്യനെ മൂകനാക്കുന്നതാകരുത്. ഹൃദയത്തിലെ വിശ്വാസംകൊണ്ട് കീറാമുട്ടിപോലെ നിലനിൽക്കാൻ മനുഷ്യനാകണം. അതാണ് ഖുർആൻ മുനാഫിഖുകളെക്കുറിച്ച് പറയുന്നത്. വിശ്വാസത്തിന്റെ അസ്ഥിത്വമില്ലാത്തതിനാൽ ഇടിമിന്നലുകൾക്ക് മദ്ധ്യേ ചെവിയിൽ വിരൽകയറിയവരാണവർ. വിനഷ്ടമാകുമെന്ന് ഭയമുള്ള അവസരങ്ങളെ ചൂഷണം ചെയ്യപ്പെടുകയുമുള്ളൂ. ജീവിതത്തിനപ്പുറം മണ്ണാകുകയെന്ന നിർവീര്യീകരണം മാത്രമേ ഉള്ളൂ എങ്കിൽ നീതിക്കും ന്യായത്തിനും എന്ത് വില. നിയമത്തെ അതിലംഘിച്ചാസ്വദിക്കുന്നവനല്ലേ കേമൻ. അതായിക്കൂടാ. പ്രകൃതി നിയമങ്ങളോടും മാനുഷിക മൂല്യങ്ങളോടും നീതി പുലർത്തുന്നവൻ കൂലി നൽകപ്പെടണം, നിഷേധി ശിക്ഷിക്കപ്പെടണം. അത് അത്യാവശ്യമാണ്.

കേവലം ഇതുപോലെ മറ്റൊരു ലോകം കൊണ്ടുള്ള വിശ്വാസമല്ല പരലോക വിശ്വാസം കൊണ്ടർത്ഥമാക്കുന്നത്. ഇന്നത്തെ മാനുഷിക വർത്തികൾ അന്തിമമായി വിലയിരുത്തപ്പെടുന്നതും അനുസ്യൂതമായി പ്രതിഫലം നൽകപ്പെടുന്നതുമായ ഒരു ബുദ്ധിപൂർവ്വ ലോകമാണത്. പരലോകവാസത്തിന്റെ ആരംഭം യഥാർത്ഥത്തിൽ ഖബർ മുതലാണാരംഭിക്കുന്നത്. കള്ളനെ പിടിച്ചാലുടൻ പോലീസ് നൽകുന്ന

ഇടിയും അടിയുമാണവിടെ കിട്ടുന്നത്. കോടതിയിൽ ഹാജരാക്കും മുമ്പ് ജയിലിൽ നിന്ന് കിട്ടുന്ന പീഢനങ്ങളാണ് ഖബർ വാസത്തിൽ ലഭിക്കുന്നത്. പിന്നീട് കോടതിയിൽ ഹാജരാക്കി ന്യായാധിപനായ നാഥന് മുന്നിൽ ജീവിതത്തിലെ നിഖില ചലനങ്ങളെക്കുറിച്ചുമുള്ള കേസ് വിസ്താരം കഴിഞ്ഞ് അക്രമികളെ ആജീവനാന്തരം, അല്ലെങ്കിൽ നിർണിത കാലം നരകത്തിലെറിയപ്പെടുന്നു. ഗുണവാനെ സ്വച്ഛന്ദ വാസത്തിനുള്ള സ്ഥലമായ സ്വർഗത്തിലേക്കയക്കുന്നു. നാഥൻ നമ്മളെ അക്കൂട്ടത്തിൽ ഉൾപ്പെടുത്താട്ടെ–ആമീൻ.

ഇവിടുത്തെ മനുഷ്യ നിയമങ്ങൾ അവന്റെ വീക്ഷണത്തെപ്പോലെ സങ്കുചിതമാണ്. മതാധിഷ്ഠിത ക്രിമിനൽ നിയമങ്ങൾ തന്നെ ഭൗതിക ലോകത്തെ സങ്കുചിതത്തിൽ മനുഷ്യനെ സദാചാരത്താവിൽ നിലനിർത്താനുതകുന്നതുമാണ്. എന്തും ചിന്തിക്കാവുന്ന മനുഷ്യ കോടതികളാണ്. പകയുള്ളവന് അതിനനുസരിച്ച് ശിക്ഷ വിധിക്കാം. അനുകൂലിയെ സ്വതന്ത്രനാക്കാം. ഇക്കാരണങ്ങളാൽ തന്നെ തെറ്റിന്റെ എണ്ണത്തിനും വണ്ണത്തിനുമനുസൃതമായി പൂർണ്ണമായി വിധി നടപ്പിലാക്കപ്പെടാവുന്ന ലോകമല്ല ഇത്. എന്നാൽ അത് നടപ്പിലാക്കപ്പെടാതിരിക്കുക. വെള്ളവന്മാർക്ക് കൊമ്പ് നൽകുന്ന വിശ്വാസമായിരിക്കും. അതുണ്ടായിക്കൂടാ. അതത്രെ ഇത്രമാത്രം പരിപക്വമായ ഒരു പരലോക വിശ്വാസം മനുഷ്യർക്ക് നിഷ്കർഷിക്കുന്നത്.

ഇവിടുത്തെ നിയമങ്ങൾ മറികടക്കപ്പെടാവുന്നതാണ്. വിധിക്കുന്നതും വിധിക്കപ്പെടുന്നതും മനുഷ്യനാണ്. ഒരു മനുഷ്യന് ഒരു മനുഷ്യനെയോ ഒരു കൂട്ടം മനുഷ്യരെയോ ഞെരിക്കിയോ, മെരിക്കിയോ ഒതുക്കാവുന്നതാണ്. ആയതിനാൽ തന്നെ മനുഷ്യനെ ഭൂമിയിലെ നിയമങ്ങൾ കൊണ്ടു മാത്രം ഒതുക്കി നിർത്താനാവില്ല. ഇതിനപ്പുറം ചാടിക്കടക്കാനാവാത്ത നിയമവും ന്യായാധിപനുമുള്ള ലോകത്തെക്കുറിച്ചും, അവിടുത്തെ വിസ്താരം ഇവിടുത്തെ നിയമങ്ങളോട് കാണിച്ച സമീപനത്തെക്കുറിച്ചുമാണെന്ന ഉറച്ച വിശ്വാസം ഒരുവനിൽ നാമ്പെടുത്താൽ അവൻ ഭൂമിയെയും വാസികളെയും വേദനിപ്പിക്കാതെ വസിച്ചുപോകും. “അഹങ്കാരികളും ഗർവ്വികളുമായി ഭൂമിയിൽ അവർ നടക്കില്ലെന്ന് ”മുസ്‌ലിംകളെക്കുറിച്ച് ഖുർആൻ വിശേഷിപ്പിച്ചതിന്റെ സാരാർത്ഥം ഇതായിരിക്കും.

ദേഹത്തിന്മേൽ എന്തും ചെയ്യുകയും ദേഹം കൊണ്ടങ്ങനെയും വർത്തിക്കുകയും ചെയ്യുന്ന മനുഷ്യൻ അവന്റെ ദേഹിയെക്കുറിച്ചജ്ഞനാണ്. ദേഹത്തിലായിരിക്കെ ദേഹിയുടെ ഭൂതകാലവും,

ഭാവികാലവും ദേഹത്തിനറിയില്ല. തന്റെ മുന്നിൽ കാണുന്ന ലോകത്തിന്റെ അനുക്രമമായ ചലനങ്ങൾക്ക് പിന്നിലെ ശക്തി അപ്രാപ്യവും അദൃശ്യവുമാണ്. തഥൈവ മനുഷ്യന്റെ ബോധിക്കുപിന്നിലെ ശക്തിയായ ആത്മാവ് സൃഷ്ടികളിൽ പെട്ട മഹാഗോപ്യമാണ്. ആ ആത്മാക്കളെ പീഢനമനുഭവിപ്പിക്കാനോ ഉതകുന്ന ഒരു ലോകമല്ല ഇത്. മറിച്ച് ഇത് ജഡങ്ങളുടെ ലോകമാണ്. ജഡത്തിൽ നിന്ന് ആത്മാവ് വിട പറഞ്ഞാൽ ജഡം ജീഫ(ശവം)യാകുന്നു. പിന്നെ അത് നാറാനും നീറാനും തുടങ്ങുന്നു. മൃകാഴുകിയതിന്റെ വാസനയാൽ മൂക്കുകൾ ഓടിയകലുന്നു. കണ്ണുകൾ പരക്കം പായുന്നു. കൈകൾകൊണ്ട് കൈകൾ എടുത്തുമാറ്റുന്നു. ഇപ്രകാരം പരലോക ചിന്തയില്ലാത്ത ഭൗതിക ജീവിതം ജഡംപോലെയായിരിക്കും. ഭൗതിക ജീവിതത്തെ എല്ലാ അർത്ഥത്തിലും അർത്ഥവത്താക്കുന്നത് പരലോകത്തിലുള്ള വിശ്വാസമാണ്.

## പരലോകം മതങ്ങളിൽ

സങ്കൽപങ്ങൾ വ്യത്യസ്തമാണെങ്കിലും എല്ലാ മതങ്ങളും പരലോക വിശ്വാസത്തെ കൊട്ടിഘോഷിക്കുന്നുണ്ട്. പ്രാപ്യവും അപ്രാപ്യവുമായ ദൈവ സങ്കൽപങ്ങളും അവതാര ജൽപനങ്ങളും വച്ചു നീട്ടുന്നത് ആരാധനയുടെയും ആത്മീയാനുഷ്ഠാനങ്ങളുടെയും അദ്ധ്യായമാണ്. അതിന്റെയൊക്കെ പ്രതിഫലം മുമ്പിൽ കാട്ടികൊടുക്കാനാവാതെ വരുമ്പോഴാണ് പലമതങ്ങളും അനന്തമായ ഒരു ലോകത്തെക്കുറിച്ചും അടുത്ത ഒരു ജന്മത്തെക്കുറിച്ചും വിശ്വാസമുണ്ടാക്കുന്നത്. മനുഷ്യനിർമ്മിതമായ മതങ്ങളുടെ കഥയാണിത്. എന്നാൽ ബൃഹത് സഹചരനാൽ സംവിധാനിക്കപ്പെട്ട മതം പരിപൂർണ്ണമാകയാൽ തന്നെ അതിലെവരും ലോക ചിന്തയും പരിപക്വമാണ്. എന്റെ മുന്നിൽ ഉരുട്ടി ഉണ്ടാക്കപ്പെടുന്ന അമ്മിക്കുട്ടിയും, മനുഷ്യകുലത്തിന്റെ ആകമാന പാപമോചനത്തിനായി ദൈവപുത്രൻ വധിക്കപ്പെട്ടു എന്ന സങ്കൽപവും പരലോക ചിന്തകൾ രൂപപ്പെടുത്താൻ പെടാപാടുപെട്ടതായി കാണാം. പരലോകത്തെക്കുറിച്ച് മതങ്ങളിലെ വീക്ഷണ വ്യതിയാനങ്ങൾ അൽപമൊന്നപഗ്രഥിക്കാം.

## ഹിന്ദുമതം

മറ്റെല്ലാ മേഖലയിലെയും പോലെ ഇവരുടേതായി എടുത്തു

പറയാൻ ഒന്നുമില്ല. സാങ്കൽപിക കഥാ ഗ്രന്ഥങ്ങളിൽ ആസ്പദിച്ച് പടക്കപ്പെട്ട ആശയങ്ങളാണല്ലോ ഹിന്ദുമതം. താത്വികതയുടെ ഉൾസാരമോ പ്രവാചകത്വത്തിന്റെ പരിശ്രേഷ്ഠതയോ എടുത്തുകാട്ടാൻ പറ്റിയ ഗ്രന്ഥമോ ഇവർക്കില്ല. വേദങ്ങൾക്കനുസരിച്ച് വൈവിധ്യങ്ങളും, കാലങ്ങൾക്കനുസരിച്ച് വൈപരീത്യങ്ങളും നിറഞ്ഞതാണ് ഹിന്ദുമതം. ഉദ്ധൃതമായ പരലോക തത്വങ്ങളില്ലെങ്കിലും മരിച്ച ശേഷം എന്ത് എന്ന മനുഷ്യ മനസ്സിലെ ആജീവനാന്ത ചോദ്യത്തെക്കുറിച്ച് ചില പരാമർശങ്ങൾ കാണാം. സ്വർഗം നരകം എന്നിവയെക്കുറിച്ച് ചില വ്യംഗ സൂചകങ്ങളും ഉണ്ട്. ദേവന്മാരെ അനുസരിക്കുന്നവർക്ക് അമർത്ത്യമായ ആവാസവും, അത്യുത്കൃഷ്ടമായ പദവികളും ഉണ്ട്. (ഋഗ്വേദം) ദേവന്മാരുടെ വീക്ഷണ വ്യത്യാസങ്ങളിൽ ഭിന്നങ്ങളായി പരിണമിച്ച സമൂഹത്തെക്കുറിച്ച് അവരെന്തു പറയുമോആവോ? കാരണം ദേവന്മാരിലുമുണ്ട് പരസ്പര വിരുദ്ധങ്ങളായ ആശയങ്ങൾ വെച്ചുപുലർത്തിയവർ. ഇത് ഒരേ ലക്ഷ്യത്തിലേക്ക് എത്തുന്നു എന്ന് വാദിച്ചാൽ അത് അർത്ഥരാഹിത്യവും സത്യത്തിന്റെ വ്യക്തിസൗഷ്ഠവും വിനഷ്ടമാക്കുന്ന വിശ്വാസമായേ വിലയിരുത്താനാവൂ.

ബ്രാഹ്മണങ്ങളിലെയും, വേദങ്ങളിലെയും തന്നെ അഭിപ്രായങ്ങൾക്ക് അന്തരങ്ങൾ കാണാം. ഋഗ്വേദമനുസരിച്ച് പാപി ക്ഷയിച്ചു ക്ഷയിച്ചു ഇല്ലാതാകുന്നു. പുണ്യവാനാകട്ടെ അനശ്വരത്വം പ്രാപിക്കുന്നു. ബ്രാഹ്മണങ്ങളിൽ താന്താങ്ങളുടെ കർമഫലമനുഭവിക്കാനായി വീണ്ടും ജന്മമെടുക്കുന്നതായി പറയുന്നു. ഉദ്ധൃത ഉദ്ധരണിതീർത്തും അവർക്ക് തന്നെ പൊരുത്തപ്പെടാത്തതാണ്. ഒരിക്കൽ ജീവിച്ച സാധനങ്ങൾ നാമാവശേഷമാവുകയില്ല എന്ന വൈദികാര്യന്മാരുടെ പ്രഖ്യാപനങ്ങളോട് കടകവിരുദ്ധമാണത്.

ഉപനിഷത്തുകൾ വന്നതോട്കൂടി പഴയ ആശയങ്ങളോട് പല വിഘടന വാദങ്ങളും നിലവിൽ വന്നു. വൈദിക മതത്തിൽ വിഗ്രഹാരാധന ഉണ്ടായിരുന്നെന്ന് തോന്നുന്നില്ല. അന്ന് ദേവതകൾക്ക് ആലയങ്ങൾ ഉണ്ടായിരുന്നില്ല.(ഭാരതീയ ദർശനം 86) ഉപനിഷത്തുക്കളുടെ രംഗ പ്രവേശം വരുത്തിത്തീർത്ത പരിവർത്തനമാണിവിടെ വ്യക്തമാകുന്നത്. പരലോക ദർശനത്തിലേക്കുള്ള ഉപനിഷത്തിന്റെ സൂചകം കാണുക. "പ്രളയങ്ങളുടെയും സൃഷ്ടി വൈജാത്യങ്ങളുടെയും ചാക്രിക ചംക്രമണത്തിൽ ഒരു സ്ഥിരമായ സ്വർഗ, നരക ലോകങ്ങൾ ഉണ്ടാകുമോ?"

ഉപനിഷത്തുക്കളുടെ വീക്ഷണ സങ്കുചിതത്വമാണ് യഥാർത്ഥ

ത്തിൽ ഇത് സൂചിപ്പിക്കുന്നത്. കാരണം ഈ ലോകത്തിനപ്പുറം മറ്റൊരു ലോകമുണ്ടെന്ന് സങ്കൽപിക്കാനോ, കാണാത്ത പലതും യഥാർത്ഥമാണെന്നുൾക്കൊള്ളാനോ വക്താക്കൾക്കായിട്ടില്ല. പക്ഷെ ഭരിദ്രതാവളമെന്ന പരിഗണനയിൽ ഒതുങ്ങുന്ന ഒരു പരലോകം ചില ഉപനിഷത് പ്രയോഗങ്ങൾ സൂചിപ്പിക്കുന്നുണ്ടെന്നത് നാം അവഗണിക്കുന്നുമില്ല.

## ക്രിസ്തുമതം

മനുഷ്യൻ ജന്മനാ പാപിയാണെന്ന വാദക്കാരാണ്. ഇത് മറ്റേതു മതങ്ങൾക്കുമില്ലാത്ത വാദമത്രേ. ഈ പാപങ്ങൾക്കെല്ലാം പശ്ചാത്താപമായിട്ടാണ് യേശു ക്രൂശിക്കപ്പെട്ടത്. ഇവിടെയും ഒരു വൈചിത്ര്യം നിറഞ്ഞ വസ്തുത കാണാം. അഖിലർക്കും പാപനിവാരണത്തിനായി യേശു തറക്കപ്പെട്ടു. പക്ഷെ സ്വർഗരാജ്യം പ്രാപിക്കുന്നത് യേശു അനുയായികൾ മാത്രം. പാപകുറ്റം ഇല്ലാതിരിക്കുക എന്നതിൽ യേശുവിസ്റ്റുകളും അല്ലാത്തവരും ഒന്നിക്കുന്നു. പക്ഷെ സ്വർഗപ്രാപ്തിയിൽ യേശുവിസ്റ്റുകൾ ഒറ്റപ്പെടുന്നു. പാപികളല്ലാത്തവർ ശിക്ഷിക്കപ്പെടരുതെന്ന ക്രിസ്തീയ അടിസ്ഥാന നിയമത്തിനനിളക്കം വരുത്തുന്ന തിയറിയത്രേ ഇതും. ചുരുക്കി പറഞ്ഞാൽ വ്യവസ്ഥാപിതമായ ഒരു പരലോക സങ്കൽപമോ, സ്വർഗ, നരക വിശ്വാസമോ ക്രൈസ്തവതക്ക് അവകാശപ്പെട്ടതല്ല. പഴയ നിയമത്തിൽ നിന്ന് മാറ്റപ്പെടാതെ കിടക്കുന്ന സ്വർഗ നരക പ്രയോഗങ്ങളും ദൈവരാജ്യ സൂചനകളും കാണുമെന്ന് മാത്രം.

ആദ്യകാല ക്രിസ്ത്യാനികളിൽ സൽഗുണർ സ്വീകരിക്കപ്പെടുന്നതും, സ്ഥാനാരോഹണം ചെയ്യപ്പെടുന്നതും, ദുർഗുണർ നിന്ദിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുന്നതുമായ ഒരു വിശ്വാസമുണ്ടായിരുന്നു. പക്ഷെ പിൽക്കാല പുരോഹിതർ അതിനെ കരിവാരിതേക്കുകയും യേശു, മറിയം ഇവരെ ഒരു പ്രാകൃതദേവന്മാരായി വാഴിക്കപ്പെടാൻ മാത്രം ഗതി വഷളാക്കികളയുകയും ചെയ്തു. ഇത് ഒരു പരലോക ചിന്തയെ തന്നെ ജനമനസ്സുകളിൽ നിന്നെടുത്തുകളഞ്ഞു.

കഴിഞ്ഞു കടന്ന ജനപദങ്ങളിലും നാഗരികതകളിലുമെല്ലാം ഇതിന് അപ്പുറത്ത് ഒരു ഭാവി ലോകത്തെക്കുറിച്ച് പരാമർശങ്ങൾ ഉണ്ടായിട്ടുണ്ട്. മൃത ദേഹ സംസ്കരണത്തിന്റെ രീതിയും ശവത്തിനൊപ്പം നിക്ഷേപിക്കുന്ന വസ്തുക്കളെയും ആശ്രയിച്ചാണ് മൃത

വ്യക്തിയുടെ ആസ്വാദനങ്ങളും അസ്വാരസ്യങ്ങളും കണക്കാക്കിയിരുന്നത്. ആഫ്രിക്കയിലെ ചില ജനപദങ്ങൾ പാപികളെയും സത്കർമ്മികളെയും ഒരു പാലത്തിലേക്ക് കടത്തിവിടപ്പെടുമെന്നും സത്കർമ്മികൾ സാകൂതം മുറിച്ചു കടക്കുകയും, ദുഷ്കർമ്മികൾ നട്ടംതിരിഞ്ഞ് മുറിച്ചു കടക്കാനാവാതെ പിൻതള്ളപ്പെടുമെന്നും വിശ്വസിച്ചിരുന്നു. സമൃദ്ധമായ മറ്റൊരു ലോകം മാത്രമേ പരലോകം കൊണ്ട് ഈജിപ്ത്യൻ നാഗരികതർ വിശ്വസിച്ചിരുന്നുള്ളൂ. എന്നാൽ പരലോക മോക്ഷത്തിനായി "Book of justifying in the le realm of the dead" എന്ന 1150 ഓളം മന്ത്രങ്ങൾ അടങ്ങിയ മന്ത്രശേഖരം അവർ മന്ത്രിച്ചിരുന്നു. സുഖത്തിലും ദുഃഖത്തിലും എത്തിപ്പെടാവുന്ന ഒരു ലോകമുണ്ടെന്നും അതിൽ സുഖം പ്രാപിക്കാനാണ് ഈ മന്ത്രമെന്നും അവർ വിശ്വസിച്ചിരുന്നതായി മനസ്സിലാക്കാവുന്നതാണ്.

മനുഷ്യൻ നിർവഹിക്കുന്ന ഓരോ കർമ്മവും വിലയിരുത്തപ്പെടുമെന്നും അന്ത്യവിധിയിൽ നിന്നൊളിച്ചോടാൻ ആർക്കും സാധ്യമല്ലെന്നും സൊറാസ്ട്രോ വിശ്വസിക്കുകയും പേർഷ്യൻ നാഗരികത അത് പൊതു വിശ്വാസമായി തന്നെ വച്ചു പുലർത്തുകയും ചെയ്തിരുന്നു.

ഇങ്ങനെ തുടങ്ങി വികലവും അല്ലാത്തതുമായ പല വിശ്വാസങ്ങളും സകല ജനപദങ്ങളിലും ഉണ്ടായിരുന്നു. മനുഷ്യ പ്രകൃതി തന്നെ ശേഷലോകത്തെ അന്വേഷിക്കുന്നു. ആയതിൽ തന്നെ മനുഷ്യനൊഴിച്ച് കൂടാനാവാത്ത ഒന്നായി പരലോക വിശ്വാസം പരിണമിച്ചിട്ടുണ്ട്.

പക്ഷേ ഉദ്ധൃത വിശ്വാസങ്ങളോ സങ്കല്പങ്ങളോ, സത്കർമ്മിക്ക് പ്രതീക്ഷ നൽകുന്നതോ, ദുഷ്കർമ്മിക്ക ഭയം നൽകുന്നതോ അല്ല. ദൃഢമായ ഒരു പരലോക ചിത്രമോ, മരണാനന്തര അവസ്ഥാന്തരങ്ങളോ അവലോകനം ചെയ്യാൻ ഉദ്ധൃതമതങ്ങൾക്കൊന്നുമായിട്ടില്ല. ഇനി നമുക്ക് വിശുദ്ധ ഇസ്‌ലാമിന്റെ പരലോക വിശ്വാസ രൂപത്തെ അൽപമൊന്ന് നോക്കാം.

## അന്ത്യദിനം

അന്ത്യദിനത്തെക്കുറിച്ച് ഖുർആൻ വിവരിച്ച നാമങ്ങൾ മാത്രം പരിശോധിച്ചാൽ അന്ത്യദിനത്തിന്റെ മുഴുവൻ വശങ്ങളും, ഒപ്പം ഒരു നിയമ വ്യവസ്ഥിതിയും കാണിച്ചു തരുന്നു. പരലോക ജീവിതത്തിന്റെ ചലനാനുചലനങ്ങൾ വചസ്സുകളിലൊതുക്കിയ അതുല്യ ഗ്രന്ഥത്തിന്റെ അൽപം പ്രയോഗങ്ങളിലേക്കൊന്നെത്തി നോക്കാം. يوم لا ريب فيه

(സംശയമില്ലാത്ത ദിനം) മനുഷ്യനാകുന്ന മനുഷ്യരൊക്കെ ഒരു മറു ലോകത്തെ ചിന്തിച്ചിട്ടുണ്ടെന്ന് നാം നേരത്തെ മനസ്സിലാക്കി. ഇനി യൊരു ദിനത്തിന്റെ ആഗമനം അത് നിസ്സംശയം ആഗതമാവുക തന്നെ ചെയ്യും. ഇന്ന് ബുധനാഴ്ചയാണ്. നാളത്തെ വ്യാഴാഴ്ച എനിക്ക് വരുമെന്നെനിക്ക് പറയാൻ പറ്റുമോ. കാരണം ഞാൻ ഇന്നു തന്നെ മരണപ്പെട്ടേക്കാം. അപ്പോൾ യഥാർത്ഥത്തിൽ എനിക്ക് വരാനുറപ്പുള്ള ദിനം അത് എന്റെ അന്ത്യ ദിനം തന്നെ. മറ്റൊരർത്ഥത്തിൽ ലോകത്തിന്റെ അന്ത്യ ദിനം.

يوم لا بيع فيه ولا خلة

ക്രയവിക്രയങ്ങളോ ചങ്ങാത്തമോ ഇല്ലാത്ത ദിവസം എന്നത്രെ ഇതിന്റെ അർത്ഥം. ഭൗതിക ലോകത്തെ കാര്യമാത്രപ്രസക്തമായ നിലനിൽപ്പിലെ സ്വാധീനിക്കുന്നതുമാണല്ലോ ഇത് രണ്ടും. ചങ്ങാത്ത മില്ലായ്മ വരുത്തുന്ന നിസ്സംഗതയും, ക്രയവിക്രയമില്ലാത്ത ജീവിതവും രൂപപ്പെടുത്താനാവാത്തത്ര ഭീതിദമാണ്. ഈ രണ്ട് ദിരുദ്ധ്യങ്ങളെ എടുത്തിട്ട് അന്ത്യ ദിനത്തിലെ ഗൗരവം പറഞ്ഞുതരികയാണ് അല്ലാഹു ചെയ്യുന്നത്. ക്രയവിക്രയം നിരോധിക്കപ്പെടുമ്പോൾ സ്വന്ത ത്തിലുള്ളത് കൊണ്ട് കാര്യം നിർവ്വഹണം നടത്തുന്നു. ചങ്ങാത്തം വിലങ്ങപ്പെടുമ്പോൾ സ്വന്തത്തിൽ തന്നെ ആസ്വദിക്കുന്നു. ഇതിനാൽ ആസ്വാദ്യമായ ഒരു സ്വന്തത്വത്തെയും നിലനിൽക്കാൻ മാത്രമുള്ള വകയും നീ കൈയൊതുക്കുക എന്നുകൂടി ഈ സൂക്തം നമ്മെ ഉത്ബോധിപ്പിക്കുന്നുണ്ട്. നാളെ എത്തിപ്പെടാൻ പോകുന്ന ലോകാ വസ്ഥയെ ആകമാനം ആവാഹിക്കാൻ മാത്രം അർത്ഥവത്തായ പ്രയോഗമല്ലെ ഇത്. ഇതിന് വ്യാഖ്യാനമാകുമാറ് അല്ലാഹു പറയുന്നു.

يوم تجد كل نفس ما عملت

സ്വയം പ്രവർത്തിച്ചതെന്തോ അതിന് ഫലമെത്തിക്കുന്ന, അത് തണലാകുന്ന നാൾ يوم يقوم الحساب കണക്ക് നിലനിർത്തുന്ന ദിവസം. ഭൗമിക ജീവിതത്തിലെ ബഡ്ജറ്റ് അവതരിപ്പിക്കേണ്ട ദിവസമാ ണെന്നാണ് ഇതിനർത്ഥം. കഴിഞ്ഞകാല പ്രവർത്തനങ്ങളിൽ കിട്ടിയ നിഅ്മത്തുകൾ അതിൽ നിന്നും ആവശ്യത്തിനായി ഉപയോഗിച്ച തെത്ര, അനാവശ്യത്തിന് ചെലവഴിച്ചതെത്ര, മിച്ചമെത്ര, ചിലവഴിച്ച് നേടിയ ഗുണങ്ങളെത്ര തുടങ്ങി അവസാനത്തെ കണക്കു കൂട്ടലു കൾ നടക്കുന്ന ദിവസമായിരിക്കുമത്. അന്ന് കണക്കുകൾ ക്ലിയറാ ക്കേണ്ടത് ഇന്നത്തെ പ്രവർത്തനത്തെ ആസ്പദിച്ചായിരിക്കും. അപ്പോൾ അന്നത്തെ അവസ്ഥയെക്കുറിച്ച് പ്രധാനമായ മറ്റൊരു

ഭാഗം ഈ നാമത്തിൽ നിന്നു തന്നെ ലഭിച്ചു. ചിലയിടങ്ങളിൽ അല്ലാഹു

يوم الحساب

എന്നു തന്നെ പ്രയോഗിച്ചിട്ടുമുണ്ട്. പ്രവർത്തനങ്ങളുടെ ലോകമാണ് കഴിഞ്ഞതെന്നും, അതിലെ കണക്കു തീർക്കാൻ മാത്രമുള്ള ലോകമാണ് വരാനുള്ളതെന്നുമാണിതിനർത്ഥം. കണക്ക് വിഷമമേറിയ വിഷയമായതിനാൽ എക്സാമുകളിൽ അത് അവസാനമായിരിക്കും. അല്ലാഹു അതും ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമാക്കിയതു തന്നെ. മറ്റു വിഷയങ്ങളിൽ നിന്നും വ്യത്യസ്ഥമായി കണക്കിന് കുറെ പ്രത്യേകതകൾ കാണാം. ചരിത്രത്തിനും രാഷ്ട്രതന്ത്രത്തിനുമൊക്കെ പൊടിപ്പും തൊങ്ങലും വെച്ച് പെരുപ്പിക്കാം. ഒരേ വഴി തന്നെയാകണം എന്നില്ല. വഴി ഒന്നായാൽ തന്നെ മാർക്ക് ഒരു പോലെ ആകണമെന്നുമില്ല. എന്നാൽ കണക്കിന്റെ തുടക്കവും ഒടുക്കവും ഏകോപിക്കണം. വ്യത്യസ്ഥ സമവാക്യങ്ങൾ ഉപയോഗിക്കാവുന്നതാണ്.

$12^2 + 24^2 = 144 + 576 = 720$

ഇവിടെ തുടക്കവും ഒടുക്കവും ഒന്നായാലെ മാർക്ക് ശരിയാകൂ. പക്ഷെ

$12 \times 12 + 24 \times 24$

എന്നും എഴുതാം അല്ലാതെയും ചെയ്യാം. ഇത് മദ്ഹബുകളുടെ വ്യതിയാനത്തെക്കുറിച്ച് ബോധം നൽകുന്നുണ്ട്.

يوم تبدل الارض غيرالارض.

ഭൂമി ഭൂമിയല്ലാതാക്കപ്പെടുന്ന ദിനം എന്നാണിതിനർത്ഥം. ഇതിൽ നിന്നും ഈ ഭൗതിക ലോകം അവസാനിക്കുമെന്നും, മറ്റെന്തൊക്കെയോ ആക്കപ്പെടുമെന്നും വ്യക്തമാണ്. അതിന് പുറമെ ഇത് മറ്റെന്തോ ആക്കപ്പെട്ടാൽ അത് മറ്റൊരു ലോകം ആയിക്കൂടെന്നുമില്ലല്ലോ? പര ലോക താരകൾ ഇതുതന്നെ ആയിക്കൂടെന്നുമില്ല. ഏതായാലും ഈ ലോകം അട്ടിമറിക്കപ്പെടുമെന്നതുറപ്പായി. അന്ത്യ ദിനത്തിന്റെ ഒരു ലക്ഷണം കൂടി ഇവിടുന്ന് വ്യക്തവുമായി.

يوم التناد. പരസ്പരം വിളിച്ചു കേഴുന്ന ദിനം, ഖേദത്തിന്റെ ദിവസം പരീക്ഷാ ഹാളിൽ എത്തിയാൽ പിന്നെ പുസ്തകം കയ്യിലില്ല. ക്വസ്റ്റ്യൻ ലഭിച്ചിരിക്കുന്നു. പിന്നെ വിളിയല്ലാതെ നിർവ്വാഹമില്ല. എല്ലാം മണ്ടന്മാർ. പഠിച്ചവർ തന്നെ ആൻസർ എഴുതാൻ പരിഭ്രമിച്ചവർ. എല്ലാമറിയുന്നവർ തന്നെ സൂപ്പർവൈസറെ കണ്ട് വിറക്കുന്നവർ. ഹാ ! എന്തൊരു രംഗം. ഇതാണിവിടെ ഖുർആൻ ഉദ്ബോധിപ്പിക്കുന്ന

ത്. അന്ത്യ നാളിന്റെ നാടിമിടിപ്പുകളെല്ലാം ഉൾക്കൊള്ളാൻ ഈ പദങ്ങൾക്കാകും.

يوم الوعيد. يوم عظيم.

തുടങ്ങിയ ഖുർആനിക പ്രയോഗങ്ങൾ കൂടി ചേർത്തു വായിക്കുമ്പോൾ ഭീതിതമാകുന്നു. ആ അന്ത്യദിനം.

പക്ഷെ നാഥൻ അന്ത്യദിനത്തിന്റെ ഒരു വശം മാത്രമാണിവിടെ പറഞ്ഞത്, മറുഭാഗത്ത് വിശ്വാസികളുടെ ലോകം. അതിലെ സന്തോഷ നിമിഷങ്ങൾ വ്യക്തവും സ്പഷ്ടവുമായി വിവരിച്ചിട്ടുണ്ട്. ചുരുക്കത്തിൽ അന്ത്യ നാളിനെക്കുറിച്ചുള്ള ഖുർആനിക പ്രയോഗങ്ങൾ തന്നെ അന്ത്യ ദിനത്തിന്റെ നിഖില മുഖങ്ങളും വരച്ചു കാട്ടുന്നതാണ്. എന്നാൽ ഈ പ്രത്യേകത ഖുർആനിനും, അതുൾക്കൊള്ളുന്ന മതത്തിനും മാത്രം അവകാശപ്പെട്ടതാണ്. ഇസ്‌ലാം പറയുന്നു. "ലോകം ഒരു നാൾ അവസാനിക്കും നിസ്സംശയം."

## പുനർജന്മം

ഈ പ്രയോഗം അർത്ഥവത്തായി പ്രയോഗിക്കാൻ പറ്റുമോ ? ഇല്ല. കാരണം മരണമെന്നാൽ നശിക്കുക എന്നല്ല, മറിച്ച് ആത്മാവിന്റെ കവചം കുറച്ചുകാലത്തേക്ക് അഴിച്ചുമാറ്റുക എന്നാണർത്ഥം. മനുഷ്യനിലെ ആത്മാവെന്ന അർത്ഥം മരണത്തോടെ നശിക്കുന്നുല്ല. നിശ്ചലമായി മാതാവിന്റെ ഗർഭാശയത്തിൽ കിടന്ന മാംസ കട്ടയിൽ ആത്മാവ് ഉൾക്കൊള്ളുന്നു. മാംസകട്ട ചലിക്കാനും ഇഴയാനും തുടങ്ങി കുറച്ചുകാലം കഴിഞ്ഞ് അവൻ പുറം ലോകത്തേക്കു വന്നു. കുറെ കാലം കഴിഞ്ഞ് ഗർഭാശയത്തിൽ ഉണ്ടായിരുന്ന മാംസകട്ടയിൽ ഉൾക്കൊണ്ട ആത്മാവ് തന്റെ കവചം ഊരി മാറ്റുന്നു. ശരീരം നിശ്ചലമാകുന്നു. ഇതാണ് മരണത്തോടെ സംഭവിക്കുന്നത്.

ഇതു തന്നെയാണ് ഗ്രന്ഥത്തിന്റെ ഓവിഡിൽ പറയുന്നതും. അനശ്വരമായ ആത്മാവിനെ കൊല്ലാനുള്ള കഴിവ് മരണത്തിനില്ല. അതിൽ ഇപ്പോഴുള്ള ശരീരം മണ്ണായി മാറിയാൽ അതൊരു പുതിയ വസതി അന്വേഷിക്കുന്നു. ഇത്തരുണത്തിൽ പുനർജന്മം എന്ന പ്രയോഗം ഇസ്‌ലാമിക വിശ്വാസികൾക്ക് ഉപയോഗിക്കാവതല്ല. കാരണം മറ്റൊരു ശരീരത്തിലൂടെ വീണ്ടും ജന്മമെടുക്കുന്നു എന്നതിനാണിത് ഉപയോഗിച്ചുവരാറ്. മേൽ ഉദ്ധരണിയുടെ ബാക്കി ഭാഗം കാണുക. ഒട്ടും കുറയാത്ത ചൈതന്യത്തോടെ ആത്മാവ് മറ്റൊരു

ശരീരത്തെ ജീവസ്സും തേജസ്സും നൽകി പ്രചോദിപ്പിക്കുന്നു. ഈ വാദക്കാരനായിരുന്ന അയാൾ പറയുന്നത് കാണുക. ശരീരത്തെക്കാൾ പുരാതനമാണ് ആത്മാവ്. ആത്മാക്കൾ ഈ ജീവിതത്തിലെന്നും നിരന്തരം ജന്മമെടുത്തു കൊണ്ടിരിക്കുന്നു. പുനർജന്മമെന്ന ആശയത്തെ പൈതഗോറസ്, എംപിഡോക്കിൾസ്, പ്ലാറ്റോ, വർജിൽ, ഓവിഡ് എന്നിവർ ഗ്രീസിലും ഇറ്റലിയിലും പ്രചരിപ്പിച്ചിരുന്നു. ഉപനിഷത്തുക്കൾ അടുത്ത ജന്മത്തിലെ അവസ്ഥ "അശുഭ കർമ്മികൾ ശീഘ്രം തന്നെ നായയുടെ യോനിയിൽ ഒന്നിക്കുന്നു" (ഛന്ദോഗ്യോപനിഷത്ത്).

പക്ഷെ ഹിന്ദുത്വത്തില ഈ പുനർജന്മ സിദ്ധാന്തം എത്രമാത്രം യുക്തി സഹമാകും. ഇന്നത്തെ മനുഷ്യൻ നാളത്തെ നായയും, ഇന്നലത്തെ നായകൾ ഇന്നത്തെ മനുഷ്യർ. ഇത് മനുഷ്യത്വത്തിന്റെ കുലവാദവും, അടിസ്ഥാനവും മറ്റും ചോദ്യം ചെയ്യുന്നതും, മനുഷ്യത്വം എന്ന അന്തസത്തയ്ക്ക് തുരങ്കം വെക്കുന്നതുമാണ്. ഇതിനോട് പൂർവ്വികമായ ചില ക്രിസ്ത്യൻ തത്വങ്ങളും ഓശാനം പാടിയിട്ടുണ്ട്. ദേഹങ്ങൾ മാറുമെന്നും, കുട്ടികൾ മരിച്ചാൽ ഇനി ഒരു ചാൻസു കൂടി ഗുണം ചെയ്യാൻ അവന് നൽകുമെന്നും ആവർത്തന പുസ്തക വ്യാഖ്യാനങ്ങൾ പഠിപ്പിക്കുന്നുണ്ട്.

ഉയിർത്തെഴുന്നേൽപ്പ് എന്ന പ്രയോഗവും നമുക്കുപയുക്തമോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. അതിന് അതിന്റെ ചരിത്ര പശ്ചാത്തലം നോക്കാം. പൗരാണിക ഇസ്രായേൽ വർഗക്കാർ ക്രിസ്തു മതക്കാരുടെ സ്വർഗ, നരകത്തിലോ, കർമ്മ ഫലങ്ങളിലോ, പാപത്തിന്റെ ശിക്ഷയിലോ വിശ്വസിച്ചിരുന്നില്ല. മനുഷ്യ ശരീരത്തിന്റെ വിലയത്തിനുശേഷം എന്താകുമെന്ന് വ്യക്തമായ ധാരണയും അവർക്കില്ലായിരുന്നു. പിന്നീട് പേർഷ്യയുമായി ബന്ധപ്പെട്ട ശേഷമാണ് ബാബിലോണിയാക്കാരിൽ നിന്നും ഒപ്പിയെടുത്ത പരലോക ചിന്ത ഇസ്രായേലരിൽ വന്നത്. സമ്മിശ്രമായ ആ കാലഘട്ടത്തിൽ ബാബിൽ - ക്രൈസ്തവരിൽ നിന്ന് പേർഷ്യയിൽ ഉത്ഭവിച്ചതാണീ ഉയർത്തെഴുന്നേൽപ്പ്, പുനരുത്ഥാനം എന്നീ വിശ്വാസങ്ങൾ. ഈ അർത്ഥത്തിൽ അല്ലെങ്കിലും സൊറാസ്ത്രിയരും ഈ പുനരുത്ഥാനം വാദി പുണർന്നിരുന്നു.

നമുക്ക് 'ബഅ്സ് ' എന്ന പ്രയോഗത്തിന് സമാനമായി ഒരു മലയാള പദം എല്ലാ അർത്ഥത്തിലും കാണുന്നില്ല. അത്രമാത്രം വ്യവസ്ഥാപിതമായ പ്രയോഗവും, യാഥാർത്ഥ്യവുമാണ് ഖുർആനിലുള്ളത്. ഖബറുകളിൽ കിടക്കുന്ന ശരീരങ്ങളെ അല്ലാഹു ആത്മാക്കൾ

മടക്കികൊടുത്ത് വിചാരണക്കു വിളിക്കും. ഇതാണ് നമ്മുടെ ഇസ്‌ലാമിന്റെ വിശ്വാസം. ആത്മാക്കൾക്ക് അല്ലാഹു നൽകിയ വ്യത്യസ്ഥ അവസ്ഥാന്തരങ്ങളിൽ ഒന്നത്രെ ശരീരത്തിനുള്ളിലായുള്ള ഈ ദുൻയാവി ജീവിതം. ശരീരത്തിനെ വിട്ട് പിരിഞ്ഞ ആത്മാക്കൾ ശരീരത്തിലായിരിക്കെ വർത്തിച്ചതനുസരിച്ച് ആത്മാക്കളുടെ ലോകത്തെ നന്മ തിന്മയിലേക്ക് മടങ്ങും. ശരീരത്തിലായിരിക്കെ ആത്മ-ശരീര കോംപ്ലക്സ് ചെയ്തുകൂട്ടിയ നന്മ-തിന്മകൾക്ക് അതേ രീതിയിൽ പ്രതിഫലം നൽകുക. എന്ന നിലയ്ക്കാണ് അല്ലാഹു അങ്ങനെ ആത്മാവിനെ ശരീരത്തിലേക്ക് മടക്കുന്നത്. ചെയ്തികൾക്കൊന്നും ശേഷിയില്ലാത്ത ആലമുൽ അർവാഹിൽ നിന്നും ചെയ്തവനക്ക് വേദി കൊടുക്കുക എന്ന നിലയിലാണ് ശരീരത്തോടതിനെ ബന്ധിപ്പിക്കുന്നത്. ശേഷം ചെയ്തവന്നാ ശേഷി നൽകപ്പെട്ടപ്പോൾ ഉള്ള അവസ്ഥക്ക് അനുസരിച്ച് പെരുമാറുന്ന അവസ്ഥയാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്.

മനുഷ്യ സൃഷ്ടിപ്പിന് മുമ്പ് ആത്മാവിന്റെ ലോകത്ത് നടന്ന സംഭവം കൂടി ഉദ്ധരണീയമാണ്. ആത്മാക്കളോട് നാഥൻ ചോദിച്ചു. തന്റെ ആരാധകത്വത്തെക്കുറിച്ച് ഒരു കൂട്ടർ ക്ഷണം തന്നെ അംഗീകരിച്ചു. ചിലർ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ ചിന്തിച്ച് അംഗീകാരത്തിലേക്ക് മടങ്ങി. മറ്റു ചിലർ ആദ്യം അംഗീകരിച്ച ശേഷം മടങ്ങി. ഈ അംഗീകാര നിഷേധങ്ങൾക്ക് ബോഡി ഫിറ്റ് ചെയ്ത് സൽപ്രവർത്തകരുടെ ധൈര്യം പരീക്ഷിക്കുകയും മുശപ്പെടുത്തുകയും, ദുർവൃത്തികർക്ക് ഭീഷണിയുടെ വാതായനങ്ങൾ മലർക്കെ തുറന്ന് ചിന്താവേദി നൽകുകയുമാണ് നാഥൻ ചെയ്തത്. ലേണിംഗ് ടെസ്റ്റിൽ സിഗ്നലുകൾ കാണിച്ചവരും വാഹനത്തിൽ കയറ്റി മറ്റു വണ്ടിയോ ബണ്ടോ കണ്ടാൽ പതറുമോ ചിതറുകയോ എന്ന് പരിശോധിക്കുകയാണിവിടെ. ഡ്രൈവിംഗ് നന്നായി പഠിച്ച് വാഹനത്തിൽ കയറിയവൻ അതിവിദഗ്ദമായി അതിനെ ഓടിക്കുന്നു. അല്ലാത്തവൻ ചിലപ്പോൾ എവിടെയെങ്കിലും കൊണ്ടിടിക്കുന്നു. ആ ഇടി ഒന്നുകിൽ ക്ഷണത്തിൽ തന്നെ തിക്തത അനുഭവിക്കുന്നതും, ഒപ്പം കോടതി കയറേണ്ടതുമായിരിക്കും. തദൈവ ഇവിടെ ചെയ്യുന്ന തെറ്റുകൾ ചിലതിന് ജയിൽവാസവും , ആഖിറത്തിലെ നരക വാസവും ഉണ്ടായേക്കും. ചിലത് ഇവിടെ പിടിക്കപ്പെടാതെ അവിടെ മാത്രം പിടിക്കപ്പെട്ടേക്കും.

## ഖബ്റ്

ഖബ്റ് എന്നാൽ മണ്ണറയെന്നല്ല അതിനർത്ഥം മറിച്ച് ആത്മാവ് വേർപെട്ട ശരീരം ഭൂമിയിൽ ഏതവസ്ഥയിൽ എവിടെയായാലും ഖബ്റി ലാണെന്ന് തന്നെയാണ് പറയുക. ഖബ്റിന് മണ്ണറ എന്നർത്ഥം വെച്ചാൽ വെള്ളത്തിൽ അലിഞ്ഞു ചേർന്നവനും , കത്തിച്ച് ചാമ്പ ലാക്കി ഒഴുക്കപ്പെട്ടവനും ഖബ്റിന്റെ ചോദ്യത്തിൽ നിന്നും ഞെരുക്ക ത്തിൽ നിന്നും രക്ഷപ്പെട്ടു എന്നും വെക്കേണ്ടി വരും. അത് അബദ്ധ മാണ്. ഖബർ എന്ന പ്രയോഗം പ്രാർത്ഥന തലത്തിലെ മണ്ണറയുടെ ആധിക്യം അർത്ഥത്തിൽ ബാധിച്ചിട്ടുണ്ടെന്നോ ഇഷ്ടത്തെതിനർത്ഥമു ള്ളൂ.

മതങ്ങൾക്കനുസരിച്ചും, സാംസ്കാരികതയുടെ കാട്ടുകയറ്റ ത്തിന് വശംവദമായും ശവസംസ്കാര രീതികൾ വിഭിന്നമാക്കി. ചിലർ ഇലക്ട്രിക് ശ്മശാനത്തിൽ മിന്നിട്ടുകൊണ്ട് ചാമ്പലാക്കപ്പെട്ടു. മറ്റു ചിലർ ന്യൂട്ടി പുകക്കപ്പെട്ടു. ചിലർ ഭക്ഷണശാലകളിൽ വിറ്റഴിക്കപ്പെട്ടു. ഇനി ഒരാളുടെ ഓരോ കോശവും ഓരോ രാജ്യത്തുമായി ഭിന്നിക്ക പ്പെട്ടാലും ഉയിർത്തെഴുന്നേൽപ്പിനു മുമ്പുള്ള കാലഘട്ടം ഖബ്ർവാസ ഘട്ടമാണ്. അയാൾക്കും ഖബ്റിലെ ഞെരുക്കമുണ്ടാകും. ചോദ്യവും മറുപടിക്കനുസരിച്ച പ്രതികരണവും അയാൾ അനുഭവിക്കുക തന്നെ ചെയ്യും. والله علي كل شيئ قدير

ഇമാം ബുഖാരി ഉദ്ധരിക്കുന്ന ഒരു ഹദീസ് ഇവിടെ പ്രസ്താവ്യ മാണ്. കാലങ്ങൾക്ക് മുമ്പു ഒരാൾ തന്റെ അനുയായികളോട് അപേ ക്ഷിച്ചു. ഞാൻ മരണപ്പെട്ടാൽ എന്നെ ഇഞ്ചിഞ്ചാക്കി വളരെ വിഭിന്ന മായ ദിക്കുകളിൽ ഇടുക. തന്റെ ദുർചെയ്തികളിൽ ഖേദിച്ച് സർവ്വാ ധിനാഥനെ ഭയന്നതിനാലാണ് താൻ ഇങ്ങനെ ചെയ്തത്. മരണ ശേഷം പറയപ്പെട്ട പ്രകാരം പ്രവർത്തിക്കപ്പെട്ടു. അല്ലാഹു അതിനെ ഒരുമിച്ചു കൂട്ടി തന്റെ കൽപ്പനക്കുള്ള കാരണം ചോദിച്ചു. മേൽപ്പ റഞ്ഞ കാരണം താൻ അല്ലാഹുവിന് മുമ്പിൽ അവതരിപ്പിച്ചു. തന്റെ ശിക്ഷയെ ഭയന്നകാരണത്താൽ നാഥൻ അയ്യാൾക്ക് പൊറുത്തു നൽകി. ഇത് തന്റെ മാനസികമായ ദൈവഭയത്തെ സൂചിപ്പിക്കുന്ന ഹദീസാണ്. അല്ലാതെ ശവം വിച്ഛേദനം നടത്തപ്പെടുകയോ, നശിപ്പി ക്കപ്പെടുകയോ ചെയ്താൽ ആത്മാവിന് മോക്ഷമുണ്ടെന്നല്ല, അങ്ങനെ ഒരു വിശ്വാസം ഇസ്ലാമിലില്ല തന്നെ. ഒരു നബിമാരുടെയും ശരീരത്തിൽ അങ്ങനെ ഉള്ളതായി അറിയപ്പെട്ടിട്ടുമില്ല.

## ഖബറിലെ ചോദ്യം

സാധാരണഗതി പരിഗണിക്കുമ്പോൾ, മയ്യത്ത് അടക്കം ചെയ്ത മണ്ണറക്കരികിൽ നിന്നും ആളുകൾ പിരിഞ്ഞാലുടൻ മലക്കുകൾ വന്ന് ചോദ്യം ചെയ്യുമെന്ന് നബി(സ) പഠിപ്പിച്ചിട്ടുണ്ട്. നബി(സ) പറയുന്നു. ഒരടിമ ഖബ്റിൽ വെക്കപ്പെട്ട് ആളുകൾ നടന്നകന്നാൽ അവന്റെയടുക്കൽ രണ്ട് മലക്കുകൾ വരും. എന്നിട്ടവനെ പിടിച്ചിരുത്തും. രണ്ടു പേരും അവനെ ചോദ്യം ചെയ്യും. ഈ മനുഷ്യനെ (നബി(സ)) ക്കുറിച്ച് നീയെന്താണ് പറഞ്ഞിരുന്നത്. നബി പറയുന്നു. അപ്പോൾ വിശ്വാസി പറയും അദ്ദേഹം അല്ലാഹുവിന്റെ അടിമയും ദൂതനുമാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. അപ്പോൾ നരകം കാണിക്കപ്പെടും. എന്നിട്ട് നീ സത്യവിശ്വാസിയായതിനാൽ നിനക്ക് ഈ ഇരിപ്പിടം ഹനിക്കപ്പെട്ടു. നിനക്ക് സജ്ജമാക്കപ്പെട്ടത് സ്വർഗത്തിലെ ഇരിപ്പിടമാണ്. അവനത് കാണിക്കപ്പെടുകയും ചെയ്യും. ഖതാദ(റ) പറയുന്നു. ഞങ്ങൾ പറയപ്പെട്ടു അവന് അവന്റെ ഖബ്ർ എഴുപതുമുഴം വിശാലമാക്കപ്പെടും. അവന്റെ ഉയിർത്തെഴുന്നേൽപ്പ് ദിനം വരെ അവനതാസ്വദിക്കും. അവിശ്വാസിയും, സത്യനിഷേധിയും മേൽ ചോദ്യം ചോദിക്കപ്പെടുമ്പോൾ അറിയില്ലെന്നുത്തരം നൽകും. അപ്പോൾ അവർ ഇരുമ്പു ദണ്ഡിനാൽ അടിക്കപ്പെടും. മനുഷ്യരും ജിന്നുമൊഴികെ എല്ലാവരും ആ ഒച്ച ശ്രവിക്കുന്നതാണ്.

തിർമുദിയും മറ്റും പറയുന്നത് മുൻകർ, നകീർ എന്നീ മലക്കുകളാണ് ചോദ്യം ചെയ്യാൻ വരുന്നതെന്നാണ്.

ഇവിടെ ചിന്തിതമായ കുറെ വശങ്ങളുണ്ട്. എങ്ങനെയാണ് മലക്കുകൾ വരുന്നത്? മണ്ണറയിൽ അവർ എങ്ങനെ കടക്കും? ഖബ്റിലെ ചോദ്യ കർത്താക്കൾ മലക്കുകളാണെന്നും സ്ഥിരപ്പെടുന്നു. മലക്കുകളെക്കുറിച്ച് നാം മനസ്സിലാക്കിയത് അവർ പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ടവർ എന്നാണ്. പ്രകാശത്തിന്റെ വേഗതയും ആർദ്രതയും ഉൾക്കൊണ്ടാൽ അതസാധ്യമല്ലെന്നും സാധാരണ ബുദ്ധികൾക്കുൾക്കൊള്ളാവുന്നതേയുള്ളൂ. വിഭിന്നങ്ങളായി ചിന്നിച്ചിതറപ്പെട്ട ശരീരങ്ങളെയും ഒന്നിച്ച് ഖബർ വാസം നൽകാൻ കഴിവുള്ള നാഥൻ തന്നെ ഇടുങ്ങികൂടിയ ഖബറിന് വിശാലത നൽകി ഖബറാളിയെ ഇരുത്തും. മലക്കുകൾ പ്രകാശ കണങ്ങൾകണക്കെ കടന്നേക്കാം. പക്ഷേ എങ്ങനെയാണ് ദണ്ഡ് കൊണ്ടു വരിക. അതിന് ഖുർആൻ മറുപടി പറയുന്നു. ബിൽഖീസ് രാജ്ഞിയുടെ കൊട്ടാരം നിമിഷം കൊണ്ട്

മതിൽക്കെട്ടുകളോ അതിർ വരമ്പുകളോ തടസ്സമാകാതെ എത്തിച്ച നാഥൻ അവർക്കതു നൽകും. അത് നിസ്സംശയം തന്നെ.

ഗുണവാനു മുന്നിൽ ആദ്യം നരകം പ്രത്യക്ഷപ്പെടുന്നു എന്നു പറഞ്ഞിടത്തും യുക്തിക്ക് കുറച്ച് പറയാനുണ്ട്. താൻ രക്ഷപ്പെട്ട മാഹാദുരന്തത്തിന്റെ കാഠിന്യം ഉൾക്കൊള്ളുമ്പോഴാണ് അതിൽ നിന്ന് രക്ഷപ്പെടാൻ മാത്രം താൻ ചെയ്ത പ്രവൃത്തിയുടെ ഗൗരവവും രക്ഷപ്പെടുത്തിയവന്റെ ഔദാര്യവും ആസ്വാദകൻ പൂർണ്ണമായും ഉൾക്കൊള്ളുന്നത്. അതിനൊപ്പം ഇഛിച്ചതൊക്കെ ലഭിക്കുന്ന ഒരു ലോകം കൂടി തനിക്ക് കാണാനാകുമ്പോൾ അവന്റെ സന്തോഷം അധികരിക്കുന്നു. അതിന് നിദാനമായി താൻ ചെയ്ത പ്രവൃത്തിയിൽ അവൻ അഭിമാനിക്കുന്നു. അവിശ്വാസിയെ കുറിച്ചാകുമ്പോൾ ലഭ്യമാകുമായിരുന്ന കനി കൺമുന്നിൽ കാണിച്ച ശേഷം തന്റെ ചെയ്തിയാൽ വന്നുപെട്ട കുണ്ഡാരം കാണുമ്പോൾ നൈരാശ്യത്തിന്റെ തോത് വർദ്ധിക്കുന്നു. വിഷമം അധികരിക്കുന്നു വേദന ഇരട്ടിക്കുന്നു.

ഇവിടെ ഇനി ഒരു സംശയം ഉദിച്ചേക്കാം. ഒരേ തെറ്റു തന്നെ ചെയ്ത രണ്ടുപേർ ഒരാൾ മറ്റൊരാളെക്കാൾ 100 കൊല്ലം മുമ്പ് ജീവിച്ച് മരിച്ചു. അതിനാൽ അയ്യാൾക്ക് നൂറുവർഷത്തെ ശിക്ഷ കൂടി അധികം അനുഭവിക്കേണ്ടി വരില്ലേ? ഒരാൾ നൂറു കൊല്ലം കൊണ്ട് അനുഭവിക്കുന്നതിന് സമാനമായി കുറച്ചു നാൾ കൊണ്ട് വണ്ണത്തിൽ അത് പരിഹരിക്കപ്പെടാവുന്നതാണ് എന്നത് ബൗദ്ധികമല്ലേ.

പുനരുത്ഥാനത്തെക്കുറിച്ച് സംശയത്തിലായവർക്ക് അല്ലാഹു യുക്തമായ മറുപടി നൽകുന്നത് കാണുക. ഓ ജനങ്ങളെ നിങ്ങൾ പുനരുത്ഥാനത്തെക്കുറിച്ച് സന്ദേഹത്തിലാണെങ്കിൽ നിശ്ചയം നിങ്ങളെ (ആദമിനെ) നാം മണ്ണിൽ നിന്ന് സൃഷ്ടിക്കുകയും, പിന്നെ (സന്താനങ്ങളെ) ഇന്ദ്രിയങ്ങളിൽ നിന്നും പിന്നെ മാംസ പിണ്ഢത്തിൽ നിന്നും സൃഷ്ടിച്ചു.........(22-5)

## ബർസഖ്

ഖബറടക്കപ്പെട്ടതു മുതൽ പുനരുത്ഥാനം വരെയുള്ള അവസ്ഥയാണ് ബർസഖ് എന്നു പറയുന്നത്. ഈ പദത്തിന്റെ നേരെ അർത്ഥം മറയെന്നാണ്. ഇഹലോകം അവരിൽ നിന്നും അവർ ഇഹലോകത്തു നിന്നും മറക്കപ്പെട്ടു എന്നത്രേ അർത്ഥം.

## സ്വർഗം നരകം

സ്വർഗവും നരകവും വാസ്തവമാണെന്ന് വിശ്വസിക്കൽ മുസ്ലിമിന്റെ ബാധ്യതയാണ്. കർമ്മ ഫലമായാണ് സ്വർഗവും നരകവും ലഭിക്കുക. അല്ലാതെ തലയിലെഴുത്താണെന്ന് പറയാവതല്ല. പക്ഷെ പ്രവൃത്തികൾ എന്തായിരിക്കുമെന്ന് മുൻകൂട്ടി അറിയുന്ന അല്ലാഹു നേരത്തെ വിധിച്ചിട്ടുണ്ടെന്നത് വാസ്തവവും. ഖുർആൻ ആണയിട്ടത് അനാവരണം ചെയ്യുന്നു. "ഇത് നിങ്ങളുടെ കരങ്ങൾ മുൻകൂട്ടി ചെയ്തതിന്റെ ഫലമായും അല്ലാഹു തങ്ങളുടെ ദാസന്മാരെ ദ്രോഹിക്കില്ല എന്നതിനാലുമാണ് "(3-182). "നിങ്ങൾ അവിശ്വസിച്ചത് കാരണം നിങ്ങൾ അതിൽ കടന്ന് നരകിക്കുവിൻ", (36:64) "അവിശ്വാസികൾക്ക് അവർ പ്രവർത്തിച്ചതിന്റെ പ്രതിഫലം നൽകപ്പെട്ടുവോ? നൽകപ്പെട്ടു". (83:36) "വല്ലവനും തിന്മ കൊണ്ടു വന്നാൽ അവന്റെ മുഖം നരകത്തിൽ കുത്തപ്പെടും". (27-90) "അവരുടെ കുറ്റങ്ങൾ കാരണം അവരെ വെറുക്കപ്പെടുകയും അവരെ നരകത്തിലാക്കുകയും ചെയ്തു". തുടങ്ങി പല ആയത്തുകളിലും പറഞ്ഞിട്ടുണ്ട്. കർമഫലമല്ല നിദാനം മറിച്ച് മുൻകൂട്ടിയുള്ള വിധിമാത്രമാണെന്ന് ചില അവാന്തര വിഭാഗങ്ങൾ വാദിക്കുണ്ട്. അവർക്ക് മറുപടിയാണ് ഇവിടെ ഖുർആൻ പറഞ്ഞത്.

സ്വർഗം അനന്ത്യമായ ആസ്വാദനത്തിന്റെ ഗൃഹമാണ്. ഭൂമിയിൽ ബുദ്ധിമുട്ടി ശരീരത്തെ നിലക്ക് നിർത്തി ആസ്വാദനങ്ങളെ തൊട്ട് വിട്ട് നിന്ന് അല്ലാഹുവിൽ ആസ്വദിച്ചവന് അല്ലാഹു അവിടെ ആസ്വദിപ്പിക്കുന്നതാണ്. ക്ഷീണമോ ദുഖമോ അവിടെയില്ല. അന്നത്തിനോ പാനത്തിനോ ക്ഷാമമില്ല. ഇച്ഛിക്കുന്നതൊക്കെയും ഇച്ഛിക്കുമ്പോൾ ലഭിക്കുന്ന ഭവനമാണത്. അവിടെ ഹൂറികളും, അവിടെയുള്ളവർ നിത്യ യുവത്വമുള്ളവരുമാണ്. ആവർത്തന വിരസതയില്ലാതെ ഒരേ കർമ്മം ചെയ്യാൻ അവർക്കാകും. സ്വർഗത്തിന്റെ വിശാലത ആകാശഭൂമിയുടെയത്രയാണ്. (ഖു:183). അവിടെ അല്ലാഹു ഇണയാക്കി നൽകുന്നവരെ ആസ്വദിക്കാം. പക്ഷെ ചിലർ ധരിച്ചുവശാക്കിയത് ഇഷ്ടം പോലെ സ്ത്രീകളെ കിട്ടുന്ന ലോകമാണെന്ന ധാരണ പിഴവാണ്. ഖുർആൻ 44:54 ൽ വിവരിക്കുന്നത് അല്ലാഹു കല്യാണിച്ചു കൊടുക്കുന്ന ഇണകൾ ഉണ്ടെന്നാണ്.

ചുരുക്കി പറഞ്ഞാൽ അല്ലാഹുവിന്റെ ഇച്ഛകാംക്ഷിച്ച് ഭൂമിയിൽ പ്രവർത്തിച്ചവർക്ക് അവരുടെ ഇച്ഛക്കനുസരിച്ച് ഗുണം ചെയ്തു കൊടുക്കുന്ന ലോകമാണ് സ്വർഗം. സ്വർഗം ഇപ്പോൾ തന്നെ നില

വിൽ ഉണ്ടെന്നാണ് സുന്നത്ത് ജമാഅത്തിന്റെ വിശ്വാസം. ഇപ്പോൾ നിലവിലുള്ള സ്വർഗത്തിലേക്കാണ് മരണപ്പെട്ട സജ്ജനങ്ങൾക്ക് ജാലകം തുറന്നിട്ടു കൊടുക്കുന്നത്.

## അല്ലാഹുവിനെ കാണൽ

സ്വർഗത്തിലെ ഏറ്റവും മഹത്തായ അനുഗ്രഹം അല്ലാഹുവിനെ ദർശിക്കലാണെന്ന് ഭൂരിഭാഗം പണ്ഡിതരും പറയുന്നു. അവർക്ക് പിന്തുണ ഈ ഖുർആനിക വചസ്സാണ്. ചില മുഖങ്ങൾ അന്ന് പ്രശോഭിതമായിരിക്കും. അവരുടെ നാഥനിലേക്ക് നോക്കി കാണുന്നതുമായിരിക്കും. ഇതിനു പുറമേ നബി(സ) തന്നെ പറഞ്ഞിട്ടുമുണ്ട്. അരൂപിയും അപ്രാപ്യനുമായ റബ്ബിനെ എങ്ങനെയാണ് കാണാനാവുക എന്ന് ചോദിച്ചേക്കാം. എന്നാൽ അവന്റെ ഖുദ്റത്തിനെ നാം വകവെച്ച് കൊടുക്കുക. ഇന്നത്തെ നമ്മുടെ കണ്ണുകൾ പടച്ച നാഥന് അവനെ കാണാനുള്ള കണ്ണും നൽകാൻ കഴിവുണ്ടെന്നു തന്നെ.

പക്ഷെ സ്ത്രീകൾ അല്ലാഹുവിനെ കാണുമോ എന്നിടത്ത് ചിലർ വിയോജനക്കുറിപ്പെഴുതിയിട്ടുണ്ട്. ഇബ്നുഹജറുൽ ഹൈതമിയുടെ ഫതാവൽ ഹദീസിയിൽ പറയുന്നു. സ്ത്രീകൾ കുടിലുകളിൽ താമസിക്കുന്നവരാണ്. ആകയാൽ അവർ അല്ലാഹുവിനെ കാണുകയില്ല. ഇത് സ്ത്രീകൾക്ക് മാത്രം നിഷേധിക്കുന്നത് ബാധകമല്ലെന്നും ചിലർ പറഞ്ഞു കാണാം. കാണുന്നത് എങ്ങനെയാണെന്ന് ഈഹറതൗഹീദിൽ ഇബ്റാഹീമുല്ല ഖാനി പറയുന്നു. സത്യവിശ്വാസികൾ റബ്ബിനെ കാണും. പക്ഷെ നമ്മുടെ പരസ്പര ദർശനം പോലെയല്ല. രൂപമോ കോലമോ ഇല്ല തന്നെ. കാണുന്നവന്റെ ഇടതോ വലതോ തുടങ്ങി ഒരു ഭാഗത്തുമായിട്ടായിരിക്കുകയില്ല. ആ ദർശനം. ഇതു തന്നെയാണ് അശ്അരിമദ്ഹബുകാരുടെയും അഭിപ്രായം. ഏതായാലും കാണുമെന്ന വാദക്കാരാണ് പണ്ഡിതന്മാരിൽ അധികവും ഉള്ളത്. അതിനാൽ നമുക്ക് കാണുമെന്ന് വിശ്വസിക്കാം. പക്ഷെ എങ്ങനെയെന്ന് അനുഭവത്തിൽ ആസ്വദിക്കാം (ഇ:അ). നാഥൻ അതിന് തുണയേകട്ടെ. ആമീൻ.

## അഗ്നി ശിക്ഷയിലെ അന്തരാർത്ഥം

നരകം അഗ്നിയാണ്. അഗ്നിയിലാണ് അവിശ്വാസി ശിക്ഷിക്കപ്പെടുന്നത്. ഇവിടെ അഗ്നിയുടെ പ്രാധാന്യം എന്ത്? അഗ്നിയിലാണ്

സാധനങ്ങൾ മൂശപ്പെടുന്നത്. കാറ് കളയപ്പെടുന്നത്. ഊതിക്കാച്ചിയ പൊന്ന് എന്നതിന്റെ അർത്ഥം കാച്ചി കാറ് കളഞ്ഞത് എന്നാണല്ലോ. അതുപോലെ സത്യ നിഷേധിയുടെ പാപപങ്കിലമായ ശരീരവും, നിച ചിന്തിതമായ ആത്മാവും ഉരുക്കി വൃത്തിയാക്കുകയാണിവിടെ. മാത്രമല്ല മനുഷ്യൻ തന്നെ ഏറ്റവും ക്രൂരമായി കാണുന്ന ശിക്ഷയും അഗ്നിയാലുള്ള ശിക്ഷയാണല്ലോ. അതിനാൽ അക്രമിയും അവിശ്വാസിയുമായ മനുഷ്യനെയും ശിക്ഷിക്കേണ്ടത് അതുകൊണ്ട് തന്നെയാവണം. ഖുർആൻ പറയുന്നു. "നിങ്ങളുടെ സങ്കേതം അഗ്നിയാണ്. അതാണ് നിങ്ങൾക്കേറ്റം അഭികാമ്യം". ഇവിടെ ഖുർ ഖുർആനിന്റെ "അഭികാമ്യവും" എന്ന വിശേഷണം നൽകൽ ശ്രദ്ധേയമാണ്. എല്ലാ ശിക്ഷാരീതികളും ശിക്ഷിക്കപ്പെടുന്നവനെ, അവന്റെ ഭൗതിക രൂപത്തെ നിശേഷമാക്കുന്നില്ല. തീ കൊണ്ടുള്ള ശിക്ഷമാത്രമാണ് ഭൗതിക രൂപത്തെ ഏറ്റം നിശേഷമാക്കുന്നത്. ആ നിലയിലും ഏറ്റം കഠിനമായ ശിക്ഷ തീയാലുള്ള ശിക്ഷയാണ്.

## ശഫാഅത് (ശുപാർശ)

നരകം നിർബന്ധമായ ഒരു വിഭാഗത്തെ തൊട്ട് അല്ലാഹുവിന്റെ ബഹുമാന്യ അടിമകളായ നബിമാർ, സിദ്ദീഖുകൾ, ഉലമാക്കൾ, ശുഹദാക്കൾ, സ്വാലിഹീങ്ങൾ ഇവരുടെ ശുപാർശ സ്വീകരിക്കുന്നതും അല്ലാഹുവിന്റെ കാരുണ്യത്താൽ അവർ സ്വർഗം പുൽകുന്നതുമാണ്. അത് പോലെ ഏക ദൈവവിശ്വാസികളിൽ നിന്നും, അണുമണിത്തൂക്കം ഈമാനുള്ളവർ വരെ അല്ലാഹുവിന്റെ വിശുദ്ധ അടിയാറുകളിൽ നിന്നുള്ള ശുപാർശയാൽ നരകത്തിൽ നിന്ന് മോചിപ്പിച്ച് സ്വർഗം നൽകുന്നതുമാണ്. ഇപ്രകാരം ചിലരുടെ സ്ഥാനോന്നതിക്കായും ശുപാർശ ചെയ്യപ്പെടുന്നതാണ്. ഇക്കാര്യത്തിലൊക്കെ ഹദീസുകൾ കാണാം. ബുഖാരി, മുസ്‌ലിം ഉദ്ധരിക്കുന്നു. അന്ത്യ നാളായാൽ ചില ജനങ്ങൾ മറ്റു ചിലരിലേക്ക് കടന്നുചെന്ന് പറയും. നമ്മുക്ക് ആദം നബിയെ സമീപിച്ച് ഈ നിലയുള്ള അവസ്ഥക്ക് അന്തരം വരുത്തിക്കാൻ ശുപാർശ ചെയ്യിക്കാം. അങ്ങനെ അവർ ആദം നബിയെ സമീപിച്ച് തന്റെ സന്തതികൾക്കായി ശുപാർശക്കാവശ്യപ്പെടും. അപ്പോൾ ആദം നബി പറയും, ഞാനിതിനർഹനല്ല നിങ്ങൾ ഇബ്രാഹീം നബിയെ സമീപിക്കുകയും, ഇബ്രാഹിം നബി മൂസാ നബിയിലേക്കും മൂസാ (അ) മുഹമ്മദ്(സ)യിലേക്കും അവരെ അയക്കും. മുഹമ്മദ്(സ) ജനങ്ങളുടെ അഭ്യർത്ഥന ലഭിക്കുമ്പോൾ തന്നെ താൻ

അതിനർഹനാണെന്ന് പറഞ്ഞു. ശഫാഅത് ചെയ്യുകയും ചെയ്യും.

അനസ്(റ) തൊട്ട് മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം. നബി(സ) പറഞ്ഞു. എല്ലാ പ്രവാചകൻമാരും ഉത്തരം തീർച്ചയായ ദുആ ഉണ്ട്. അവരെല്ലാം അത് വിനിയോഗിച്ചു. ഞാൻ എന്റെ സമുദായത്തിന് അന്ത്യനാളിൽ ശുപാർശ ചെയ്യാൻ വേണ്ടി ചിന്തിച്ചു. (ബുഖാരി, മുസ്‌ലിം). അനസ്(റ) വേറൊരു ഹദീസ് ഉദ്ധരിക്കുന്നു. നബി(സ) പറഞ്ഞു എന്റെ ശുപാർശ എന്റെ സമുദായത്തിൽ നിന്നുള്ള വൻ പാപികൾക്കാണ്. (അബൂദാവൂദ് ഇബ്നുഹിബ്ബാൻ)

ഒന്നു രണ്ട് ഹദീസുകൂടി ഇവിടെ ഉദ്ധരിക്കാം.

നബി(സ) പറയുന്നു, ഞാൻ എന്റെ സമുദായത്തിന് ശുപാർശ ചെയ്യും. ഞാൻ തൃപ്തിപ്പെട്ടു. മുഹമ്മദ് നബിയേ എന്ന് പറഞ്ഞ് റബ്ബ് എന്നെ വിളിക്കും. (ത്വബ്റാനി)

ഇബ്നു അബ്ബാസ് (റ) പറയുന്നു. നബി(സ) പറഞ്ഞു. അന്ത്യനാളിൽ പ്രവാചകൻമാർക്ക് വേണ്ടി മിമ്പറുകൾ വെക്കപ്പെടും. എന്റെ മിമ്പർ ഞാൻ ഇരിക്കാതെ ഒഴിവിടെ ബാക്കിയാകും. എന്നെ സ്വർഗത്തിലേക്കയച്ചിട്ട് എന്റെ സമുദായത്തെ ബാക്കിയാക്കപ്പെടുമോ എന്ന ഭയത്താൽ റബ്ബിന്റെയടുക്കൽ നിൽക്കും. തങ്ങളുടെ ഉമ്മത്തിനെ കൊണ്ട് എന്ത് ചെയ്യാനാണോ നിങ്ങൾ താത്പര്യപ്പെടുന്നത് അപ്പോൾ ഞാൻ പറയും, റബ്ബേ അവരുടെ വിചാരണയെ നീ വേഗമാക്കണം. അപ്പോൾ അല്ലാഹു അവരെ വിചാരണ ചെയ്യും. അതിന്റെ ആദ്യം തന്നെ സ്വർഗ പ്രവേശം ലഭിക്കുന്നവരും എന്റെ ശഫാഅത്താൽ സ്വർഗം പ്രാപിക്കുന്നവരും ഉണ്ടാകും. ഞാൻ എന്റെ ശുപാർശ തുടർന്നുകൊണ്ടേയിരിക്കും.

فمازال اشفع حتي اعطي صكاكا برجال قد بعثهم الي النار
حتي ان مالكا خازن النار ليقول يا محمد ما تركت لغضب
ربك في امتك في نفخة —(طَبراني بيهقي)

അനസ്(റ)നെ തൊട്ടുദ്ധരിക്കുന്നു. നബി(സ) പറയുന്നതായി ഞാൻ കേട്ടു. ഒരു പുരുഷന്റെ ശഫാഅത്തിനാൽ എന്റെ ഉമ്മത്തിൽ നിന്നും 'റബീഅത്', 'മുളർ' ഗോത്രം കണക്കെ ആളുകൾ സ്വർഗത്തിലേക്ക് കടക്കും. (അഹ്മദ്). ഇനിയും ഇപ്രകാരം നിരവധി ഹദീസുകൾ കാണാം. ദൈർഘ്യത്താൽ ഉദ്ധരിക്കുന്നില്ല. ഇത്രതന്നെ ഉദ്ധരിക്കാൻ കാരണം ചില വിരോധനക്കുറിപ്പുകൾ ഈ വിഷയത്തിൽ

കണ്ടതിനാലാണ്. ശഫാഅത്തിലുള്ള വിശ്വാസം പരലോക ഭയം കുറ
ക്കാൻ കാരണമായി എന്ന് ചിലർ പറയുന്നു. വാസ്തവത്തിന് മുന്നിൽ
മൂടുപടം പിടിക്കാൻ അവർ കണ്ടെത്തിയ ഓട്ടുകൾ ന്യായമായേ
അതിനെ പരിഗണിക്കാനാകൂ. കാരണം സ്വർഗം പൂൽകിയേക്കാം,
റഹ്മത്ത് കിട്ടിയേക്കാം എന്ന വിധത്തിലുള്ള പ്രതീക്ഷ മാത്രമേ ശഫാ
അത്ത് കിട്ടിയേക്കാം എന്നിടത്തുമുള്ളൂ. അല്ലാഹു അവന്റെ റഹ്മ
ത്താൽ കടത്തും എന്നതിൽ കവിഞ്ഞ ഒരു പ്രതീക്ഷ ഇവിടെയും
വച്ചു പുലർത്തുന്നില്ല. നബി(സ)യുടെയും, മഹാത്മാക്കളുടെയും
വ്യക്തി ചാതുര്യത്തെയും. മാഹാത്മ്യത്തെയും മറച്ചുപിടിക്കുന്നവർ
ഇത് പറഞ്ഞില്ലെങ്കിലേ അത്ഭുതമുള്ളൂ. പരമാധികാരിയായ നാഥന്റെ
ടുക്കൽ അവൻ നൽകിയ സ്ഥാനമാനങ്ങളാൽ തന്നെ മഹത്തുക്കൾ
മറ്റുള്ളവർക്ക് വേണ്ടി ശുപാർശ ചെയ്യുമെന്ന വിശ്വാസം, ബൗദ്ധികമ
ല്ലെന്നത് ദുശാഠ്യമല്ലാതെ മറ്റെന്ത്. ആരെങ്കിലും മന്ത്രിയുടെ ശുപാർശ
പ്രതീക്ഷിച്ച് കക്കാൻ പോകുമോ?

പ്രവാചകർക്കൊപ്പം സ്വർഗം പൂൽകാൻ സർവ്വേശ്വരൻ തുണ
യേകട്ടെ!

## സമാപ്തം

ഊഹാപോഹങ്ങൾക്കോ, ഓട കണക്കുകൾക്കോ വകുപ്പുള്ള
തല്ല പരലോകത്തെക്കുറിച്ചുള്ള ചർച്ച. പ്രത്യേകിച്ചും ഊഹാപോഹ വിമു
ക്തമായ വിശുദ്ധ ഇസ്‌ലാമിന്റെ വിശ്വാസ ശാസ്ത്രത്തിൽ ഖണ്ഡി
തവും അവിതർക്കിതവുമായ പരലോകത്തെക്കുറിച്ച് ഖുർആനും
പ്രവാചകനും ഉത്ബോധനം നൽകിയിട്ടുണ്ട്. പരലോകം, അതിലെ
ചലനങ്ങൾ, ഭീതിത രംഗങ്ങൾ, വിചാരണ തുടങ്ങി എല്ലാം ജ്വലനാത്മ
സ്വഭാവത്തോടെയാണ് ഖുർആൻ അനാവരണം ചെയ്തത്. പിടിക്ക
വനെ, കെട്ടുവനെ, നരകത്തിലേക്കെറിയുവനെ, തൊലികൾ മാറ്റപ്പെ
ടുന്നു തുടങ്ങി എത്ര ചിന്തിതവും ഭീതിദായകവുമാണ്.

മരണം എന്ന അവിതർക്കിതമായ വസ്തുതക്കപ്പുറം ഒരു
ഉയിർത്തെഴുന്നേൽപ്പ്, അത് ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കുന്നതിനേ
ക്കാൾ ബുദ്ധിമുട്ടാണോ എന്ന ഖുർആനിക ചോദ്യം എത്ര ബുദ്ധി
പൂർവ്വമുള്ള പ്രയോഗമാണ്. പരലോകത്തെക്കുറിച്ച് പറയുമ്പോൾ
തികച്ചും നമ്മുക്ക് രംഗത്ത് വരുന്നത് പ്രവാചകരുടെ അസാധാരണ
ത്വമാണ്. വിടവാങ്ങും സ്വർഗം കണ്ടിട്ട് വിവരിച്ചു തന്ന നബി. നരക
ത്തിലെ യാതനയും, ശിക്ഷയും, വേദനയും ഉൾക്കൊള്ളുമാറ് അവ
തരിപ്പിച്ച നബി.

അദ്ധ്യായം. 8

# വിധി വിശ്വാസം

വിധിയിൽ വിശ്വസിക്കുക ഇതാണിതിന്റെ ഉദ്ദേശം. ലോകം അതിലെ എല്ലാം ഒരു വ്യവസ്ഥാപിത രീതിയിലും. ശൈലിയിലും, സരണിയിലും ചലിക്കുന്നു. ഈ വ്യവസ്ഥാപിത രീതിയാണത്രേ ഖദ്റ്. ഖുർആൻ പറയുന്നു. നാം എല്ലാം ഒരു വ്യവസ്ഥാപിത രൂപത്തിലാക്കി.

وقدرناه تقديرا

ഇതിന് ചിലപ്പോൾ പ്രകൃതിയുടെ നിയമമെന്ന് പറഞ്ഞേക്കാം. ഈ പ്രകൃതിയുടെ നിയന്താവ് പ്രകൃതിയിൽ ഊട്ടിയ നിയമം അതത്രേ പ്രകൃതി നിയമം. സൂര്യ ചന്ദ്രാദികൾക്ക് ഒരു വ്യവസ്ഥാപിത ധാര നിശ്ചയിച്ചത് അതിന്റെ നിയന്താവാണ്. അത് തെറ്റിക്കാൻ ആർക്കെങ്കിലും ആകുമോ? സൂര്യൻ കിഴക്കുനിന്നുദിക്കുന്നു. പക്ഷെ അതിനെ പിടിച്ച് പടിഞ്ഞാറാക്കാൻ ഏതെങ്കിലും ശക്യത്തിനോ തത്വജ്ഞാനിക്കോ ആകുമോ? ഇല്ല. പക്ഷെ കുറേക്കാലം കഴിയുമ്പോൾ അത് പടിഞ്ഞാറ് നിന്ന് ഉദിക്കുന്ന ഒരു നിഗമനം മാത്രം ശാസ്ത്രം തുടങ്ങുന്നു. അപ്പോൾ ഇവിടെ നടക്കുന്ന ദലമർമ്മരങ്ങളെയെല്ലാം കേവലം ഒരു യാദൃശ്ചികതയുടെ ദലധാരയിൽ കെട്ടിയിടാനാവുമോ?

മൃഗങ്ങൾ അതിന്റെ മൃഗീയതയിൽ ചലിക്കുന്നു. വെറും പ്രകൃതിയെന്ന ജ്ഞാനിമേൽ ചലിക്കുന്നു, ചരിക്കുന്നു, സഞ്ചരിക്കുന്നു. വിഹരിക്കുന്നു. പക്ഷെ അതിൽ നിന്നൊക്കെ വ്യതിരിക്തനായി മനുഷ്യന് ഒരു മൈക്രോ പോയിന്റ് ഇച്ഛാശക്തി അല്ലാഹു ഖദ്റാക്കി. അവന്റെ ഇച്ഛാ ശക്തിക്കുമുന്നിൽ നല്ലതും ചീത്തയും സ്പഷ്ടമാക്കപ്പെട്ടു. അവിടെ ഏതെങ്കിലും ഭാഗത്തേക്ക് പിടിച്ചു വലിയോ, നിർബന്ധമോ ഇല്ല. ഖുർആൻ പറയുന്നു.

لا اكراه في الدين قد تبين الرشد من الغي

ദീനിന്റെ നിയമങ്ങളിൽ പിടിച്ചു വലിയില്ല. സത്യവും അസത്യവും സ്പഷ്ടമാക്കപ്പെട്ടു. നല്ലതും, ചീത്തയും വ്യക്തമാക്കപ്പെടുകയും, സെലക്ഷൻ പവർ നൽകപ്പെടുകയും, ആ സെലക്ഷനനുസരിച്ച് നീങ്ങാൻ കഴിവ് നൽകുകയും ചെയ്യുന്നു. ഇവിടെ യഥാർത്ഥത്തിൽ എല്ലാത്തിന്റെയും ഖാലിഖ് ഉം ഖാദിറ് ഉം അല്ലാഹു ആണ്. പക്ഷെ മനുഷ്യൻ അവന്റെ സെലക്ഷൻ പവ്വറിനെ വിനിയോഗിച്ചതെങ്ങനെയോ അതിനനുസൃതമായ പരിണിതഫലം മനുഷ്യൻ അനുഭവി

ക്കും. അല്ലാഹു എല്ലാത്തിന്റെയും ഖാദിർ തന്നെ. പക്ഷെ മനുഷ്യന്റെ ഇച്ഛാശക്തിയുടെ വിനിയോഗത്തിനനുസരിച്ചവൻ അനുഭവിക്കുന്നു.

എല്ലാത്തിന്റെയും ഉടമയായ അല്ലാഹുവിൽ നിന്നാണ് ഗുണവും, ദോഷവും. ദോഷത്തിലേക്ക് വഴി നടത്തുന്നതും സത്യത്തിൽ ചേർക്കുന്നതും അവൻ തന്നെ. ഖുർആൻ തന്നെ പറയുന്നത് കാണുക. "ആരെങ്കിലും വിശ്വാസികളുടേതല്ലാത്ത മാർഗ്ഗം അനുധാവനം ചെയ്താൽ അതു വഴി അവനെ വിട്ടയക്കുകയും അവസാനം നരകം പ്രാപിക്കുകയും ചെയ്യും". ഇവിടെ വളരെ പ്രസക്തമായ ചില വസ്തുതകൾ നമ്മുക്ക് മനസ്സിലാക്കാം, നന്മയും. തിന്മയുമായ മാർഗ്ഗം സുപ്രസ്പഷ്ടമായി കാട്ടി കൊടുക്കുന്നതും അതിൽ നിന്ന് തെരഞ്ഞെടുക്കുന്നതനുസരിച്ച് എത്തിച്ചു കൊടുക്കുന്നതും ബൃഹത് സഹചരൻ തന്നെയാണ്. പക്ഷെ അതിന്റെയൊക്കെ നിദാനം മനുഷ്യന്റെ ഇച്ഛാശക്തിയിൽ അവൻ എടുത്ത തീരുമാനമാണ്. മനുഷ്യനിലെ മനുഷ്യത്വം രംഗത്തുവന്ന് ആഭിമുഖ്യം കാണിക്കുന്നിടത്തേക്കാണ് അല്ലാഹു വഴി നടത്തുക.

വിധിയിലുള്ള വിശ്വാസത്തിന്റെ ആഴങ്ങളിലേക്കിറങ്ങി ചെന്നാൽ പ്രസക്തിയേറുന്നതായി കാണാം. ലാഭവും നഷ്ടവും ജീവിതത്തിലുള്ളതാണ്. ദുഃഖവും സന്തോഷവും അവിഭാജ്യ ഘടകങ്ങളാണ്. നഷ്ടത്തിന്റെ മുഖം കാണുമ്പോഴേക്കും ചിതറിത്തെറിക്കുന്നവരെ കാണാം, ദുഃഖത്തിന്റെ മുഖം കാണുമ്പോഴേക്കും പതറിമാറുന്നവരെ കാണാം. പക്ഷെ വിധിയിൽ വിശ്വസിക്കുന്നവനെ സംബന്ധിച്ചിടത്തോളം ജീവിതത്തിന്റെ വേലിയേറ്റത്തിലും വേലിയിറക്കത്തിലും അവന് പ്രശ്നമേ ഇല്ല. അവൻ ധീരോത്സാഹിയാണ്. ഹദീസ് പഠിപ്പിക്കുന്നു. "വിശ്വാസിയുടെ കാര്യത്തിൽ അല്ലാഹു അത്ഭുതപ്പെട്ടു. അവന്റെ സന്തോഷഘട്ടത്തിൽ അവൻ അത് വിധാനിച്ചു തന്ന വിധാതാവിന് നന്ദി ചെയ്യുന്നു. ദുഃഖത്തിന്റെ ഘട്ടത്തിൽ അവന് വിധിച്ചു കൊടുത്ത പരമാധികാരിയിൽ അവൻ ക്ഷമ കൈക്കൊള്ളുന്നു". ഇവിടെ സാരിത്തുമ്പോ, റെയിൽ പാളമോ തേടി അവൻ പോകുന്നില്ല. കാരണം വിധി വിശ്വാസത്തിൽ ഊട്ടപ്പെട്ട മനസ്സ് അവനെ നിയന്ത്രിക്കുന്നു. അവനവിടെ മാനസിക തകർച്ചയില്ല. ഈ പരിപക്വമായ വിധിവിശ്വാസം വിശുദ്ധമായ ഇസ്ലാമിന്റെ വിശ്വാസ ശാസ്ത്രത്തിൽ മാത്രമേ കാണാനാവൂ. മറ്റേതിലും ഇതിനോട് കിടപിടിക്കുന്നതോ, സമാനമായതോ ആയ ഒരു വിധി വിശ്വാസം കാണുകയില്ല തന്നെ.

പരമാധികാരിയായ ഒരു വിധികർത്താവിൽ വിശ്വസിക്കുന്ന

ത്തോടെ മനുഷ്യൻ വിനയാന്വിതനാകുന്നു. കാരണം അവന് സ്വന്തം അവകാശപ്പെടാൻ ഒന്നുമില്ല. വിശ്വാസികളെക്കുറിച്ച് ഖുർആൻ പരിചയപ്പെടുത്തുന്നു. അവർ ഗർവ്വ്നടിച്ച് ഭൂമിയിൽ നെഗളിക്കുന്നവരല്ല.

സ്വർഗത്തിലേക്കായി ദൈവം(പടച്ചവൻ) എന്തു ചെയ്താലും സ്വർഗത്തിലെത്തും. നരകത്തിലേക്കായി ദൈവം(പടച്ചവൻ) എത്ര ഗുണവാനായാലും നരകത്തിലെത്തും. ഇങ്ങനെയൊരു വിശ്വാസത്തിന് ഇസ്‌ലാമിൽ പ്രസക്തിയില്ല. കാരണം മനുഷ്യന്റെ കർമ്മത്തിനനുസരിച്ചുള്ള ഫലമാണ് മനുഷ്യൻ അനുഭവിക്കുക. അല്ലാതെ നരകത്തിലേക്കായി ഒരു കൂട്ടരെയും, സ്വർഗത്തിലേക്കായി മറ്റൊരു കൂട്ടരെയും നാഥൻ പടച്ചിട്ടില്ല. ഖുർആൻ അത് വ്യക്തമാക്കുന്നു. അവരുടെ കൈകൾ പ്രവർത്തിച്ചതിനാണവർ അനുഭവിക്കുന്നത്. കാറ്റിലിട്ട ഇലയെപ്പോലെ ദൈവ വിധിക്കനുസരിച്ച് അങ്ങോട്ടുമിങ്ങോട്ടും ആടാനായിട്ടാണ് മനുഷ്യനെപടച്ചതെങ്കിൽ ഒരു മതത്തിന്റെയോ പ്രത്യയ ശാസ്ത്രത്തിന്റെയോ പ്രസക്തി ഇവിടെ ഉണ്ടാകില്ല. ഒരു കയറിൽ കെട്ടി അങ്ങോട്ടുമിങ്ങോട്ടും വലിക്കപ്പെടുന്നവനോട് പ്രത്യേക സ്ഥലത്ത് നിൽക്കണമെന്ന് പറയുന്നതിൽ പ്രസക്തിയുണ്ടോ?

തലയിലെഴുത്ത് എന്നത് കൊണ്ട് എന്താണുദ്ദേശിക്കുന്നതെന്ന് ചിലർ ഇവിടെ ചോദ്യം ചെയ്തേക്കാം. അത് യഥാർത്ഥത്തിൽ പ്രയോഗം തന്നെ ആലങ്കാരികമാണ്. കാരണം ഓരോ ജീവികളുടെയും ജീനുകളിൽ അതിന്റെ സ്വഭാവവും, ചലനവും, രീതിയും എല്ലാം രേഖപ്പെടുത്തിയിട്ടുണ്ടാകും. ഇതിനനുസരിച്ചാണ് എല്ലാ ജീവികളും ചലിക്കുക. ഇതിനെയാണ് തലയിലെഴുത്ത് എന്ന് പറയുക. മൃഗങ്ങളെ സംബന്ധിച്ചിടത്തോളം ഈ ജീനികമായ നിർദ്ദേശത്തിനപ്പുറം ഒരണുകിട മാറാൻ കഴിയില്ല. ഇതിനാലാണ് സകല ജനങ്ങളെയും നിർമ്മിക്കുമ്പോൾ മാറ്റം വരുത്തി നിർമ്മിക്കുന്നത്. ക്ലോണിംഗിന്റെയും അടിസ്ഥാനം ജീനികം തന്നെയാണ്. ജനിതക ശാസ്ത്രം മാനുഷികകുലത്തിലും എങ്ങനെ വിളവ് വർദ്ധിപ്പിക്കുന്ന ഇനം ഉണ്ടാക്കും എന്ന സസ്യപരവും, മൃഗപരവുമായ ചിന്ത മനുഷ്യനിലും അവരോധിച്ചപ്പോഴാണ് യഥാർത്ഥത്തിൽ മനുഷ്യ ക്ലോണിംഗ് ഉരുത്തിരിയുന്നത്. മനുഷ്യത്വം ഇതിനോട് നീതി പുലർത്തും എന്നൊരാൾക്കും പറയാനാവില്ല. കാരണം ഡി.എൻ.എ. മാത്രം അടിസ്ഥാനമാകുക എന്ന മൃഗീയ തത്വത്തിലേക്കാണ് ഈ കണ്ടു പിടുത്തം മനുഷ്യനെ വലിച്ചിഴക്കുന്നത്. മനുഷ്യത്വം വിട്ട് മൃഗീയത കടമെടുക്കാൻ മനുഷ്യക്കോലത്തിൽ കുറെ

മൃഗീയവൽകൃത ജീവികളെ പുറത്തിറക്കാൻ അംഗീകാരം കൊടുക്കാൻ കഴിയുമോ? ശാസ്ത്രീയമായി കഴിയുന്നതൊക്കെ പ്രാവർത്തികമാക്കിയേക്കാം എന്നത് അപ്രായോഗികമാണ്. പറങ്കിമാവിന്റെ കാണ്ഡവും മാവിന്റെ തണ്ടും തെങ്ങിന്റെ പൂവലും കൂട്ടി ഒരു സസ്യമുണ്ടാക്കാം. അത് ചിലപ്പോൾ കാർഷികരംഗത്ത് വൻ നേട്ടവും ഉണ്ടാക്കിത്തന്നേക്കാം. പക്ഷെ പട്ടിയുടെ തലയും അച്ഛന്റെ ഉടലും അമ്മയുടെ ചില അവയവങ്ങളും കൂട്ടി ഒരു ജീവിയെ രൂപപ്പെടുത്താനും സയൻസിന് കഴിഞ്ഞേക്കാം. പക്ഷെ ഇവിടെ ധാർമികത എന്ന മനുഷ്യത്വം ഇതിന് വഴിമാറിക്കൊടുക്കുമോ?

എല്ലാം ഞാൻ തീരുമാനിച്ചു. നിങ്ങൾ അതിനാൽ ഒന്നും പ്രവർത്തിക്കേണ്ടെന്ന് ഖുർആൻ എവിടെയും പറഞ്ഞിട്ടില്ല. സ്വർഗം ഔദാര്യമായി നൽകിയെന്നും ഖുർആൻ പഠിപ്പിച്ചിട്ടില്ല. മറിച്ച് സൽപ്രവർത്തിയിൽ നീങ്ങാനും സ്വർഗം അനന്തരപ്പെടുത്താനുമാണ് ഖുർആൻ പറയുന്നത്. അനന്തരമെടുക്കണമെങ്കിൽ ആദ്യം അവകാശിത്വം നേടേണ്ടതുണ്ടല്ലോ. അതിലുപരി സ്വർഗം അനന്തരമെടുത്തു എന്ന് പറയുന്നതിന് മുമ്പ് അല്ലാഹു പരിചയപ്പെടുത്തുന്നത് വിശ്വാസികളുടെ കർമ വൈശിഷ്ട്യമത്രെ. നരകവാസികൾ ഓരോ കവാടം കടക്കുമ്പോഴും പറയുന്നത് ഞങ്ങൾ നിസ്കരിക്കുന്നവരായിരുന്നില്ല എന്നതാണെന്ന് ഖുർആൻ പറയുന്നു. അതായത് സ്വർഗ പ്രവേശനത്തിന് ആവശ്യമായ കർമം ചെയ്തില്ലെന്ന് വിലപിക്കുകയാണിവിടെ. അതു പോലെ ശിക്ഷ അനുഭവിക്കുന്നവർ വിളിച്ചു പറയുന്നതോ ഞങ്ങൾ സദ്‌വൃത്തികൾ ചെയ്തു കൊള്ളാം, ഞങ്ങൾക്കൊരു ചാൻസ് കൂടി തരണേ എന്നാണ്. ഇതിൽ നിന്നെല്ലാം മനസ്സിലാക്കുന്നത് കർമഫലമാണ് ശിക്ഷയും രക്ഷയും എന്നാണ്.

ചിലപ്പോൾ മഹാത്മാക്കൾക്ക് പരീക്ഷണാർത്ഥവും അല്ലാഹു ബുദ്ധിമുട്ടുകൾ നൽകിയേക്കും.

بنقص من الاموال والانفس والثمرات وبشرالصابرين

ഈ ഗണത്തിലാണ് നബിമാർ അനുഭവിച്ച ത്യാഗങ്ങളും വിഷമങ്ങളും പെടുന്നത്. അല്ലാതെ അതൊന്നും കർമഫലമാണെന്ന് വെച്ചു കൂടാ.

ഖദ്റിനെക്കുറിച്ചുള്ള വിശ്വാസത്തിനും പരിമിതമായ മനുഷ്യ ബുദ്ധിക്ക് പ്രാപ്യമാകാത്ത വശങ്ങളുണ്ട്. ദൈവിക രഹസ്യങ്ങളുടെ എല്ലാ ഉള്ളറയും കാണണമെന്നും ഉൾക്കൊള്ളണമെന്നും അൽപ

ജ്ഞാനിയും, നൈമിഷിക ജീവിയുമായ മനുഷ്യൻ ശാഠ്യം പിടിക്കുന്നത് അന്യായമാണ്. ഇസ്‌ലാമിക വിശ്വാസം ഉൾക്കൊള്ളാൻ മാത്രം പ്രത്യേക യുക്തിവശങ്ങളും പ്രായോഗികതയും അല്ലാഹു ഒരുക്കിതന്നു. മറ്റു മതങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായി അവൻ നമുക്ക് ഭദ്രമാക്കിത്തന്നു. അതിൽ നാം അടിയുറച്ച് മുന്നേറുക. അല്ലാഹുവിന്റെ മോക്ഷം നാം പ്രാപിക്കും.

## സമാപ്തം

ഈമാൻ കാര്യങ്ങളുടെ ഒരു ലഘു വിവരണം മാത്രമാണിത്. ഈ ലോകത്തുള്ളതെല്ലാം ഉൾക്കൊള്ളാൻ മാത്രം അർത്ഥ സമ്പന്നമായിട്ടാണ് ഈമാൻ കാര്യങ്ങളുടെ ക്രമീകരണം. ഉറുമ്പ് മുതൽ ഉടുമ്പുവരെയും കടുകുമുതൽ കാട്ടാനവരെയും ചർച്ച ചെയ്താൽ അത് ഈമാൻ കാര്യത്തിന്റെ ചർച്ചയിൽ ഉപ വിഭാഗമായോ, വിഭാഗമായോ വരുന്നതാണ്. ഓരോ കാര്യങ്ങൾ ചർച്ചചെയ്യുമ്പോഴും ഉൾക്കൊള്ളാനാവാത്ത മനുഷ്യ ബുദ്ധിയുമായി നാം ആയുധം വെച്ച് കീഴടങ്ങുന്നു. എഴുതി തീർക്കാനൊരുമ്പെട്ടാൽ ലോകത്തുള്ള എല്ലാ പെൻ കമ്പനിക്കാരും ഉൽപാദിപ്പിക്കുന്ന മുഴുവൻ പേനയും മറ്റാർക്കും കൊടുക്കാതെ തന്നാലും എഴുതിത്തീരില്ല. തീർക്കാമെന്നുവച്ചാൽ തന്നെ അതിനുള്ള കാലമില്ല. സമയമില്ലാത്ത സമയത്തുള്ളതുമുതൽ ഇനി സമയമില്ലാതാകുന്ന സമയംവരെയെഴുതിയാലും തീരില്ലിത്.

ഇതൊരു ആമുഖം മാത്രം.

-ശുഭം-

ഈ പുസ്തകത്തെ സംബന്ധിച്ച് നിങ്ങളുടെ അഭിപ്രായങ്ങൾ, സംശയങ്ങൾ വിലയിരുത്തലുകൾ സദയം ക്ഷണിക്കുന്നു. ഈ പുറത്തിൽ തന്നെ എഴുതി അയച്ചാലും.

സവിനയം ഗ്രന്ഥകാരൻ

എ.പി.എം. ഫാറൂഖ് കൊല്ലം
ഫിർദൗസ് മൻസിൽ
ശൂരനാട് പി.ഒ. കൊല്ലം- 690522

ബുഖാരി ദഅ്‌വ കോളേജ്
കൊണ്ടോട്ടി പി.ഒ.
മലപ്പുറം- 673638

www.islamkerala.com
E-Mail : abdulla_cherumba@yahoo.com
Mobile : 0097150 7927429